# അൽഹഖ്

പുസ്തകം 19 | ലക്കം 8 | ഒക്ടോബർ 2011 | ഇഖാഅ് 1390 | ദുൽഖഅദ് - ദുൽഹജ്ജ് 1432




## അഹ്മദീ യുവാക്കളേ, കുട്ടികളേ

## ഇബാദത്തുകളുടെയും സൽസ്വഭാവങ്ങളുടെയും നിലവാരം ഉയർത്തുവിൻ !

ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഖാമിസ് അയ്യദഹുല്ലാ

നമസ്ക്കാരത്തിന് ശേഷം ദർസ് കേൾക്കാനുള്ള സ്വഭാവവും ഉണ്ടാക്കേണ്ടതാണ്. അഞ്ചോ ആറോ മിനിട്ടിന്റെ ദർസാണുള്ളത്. നിങ്ങൾക്ക് ഒരുപാട് കാര്യങ്ങൾ വായിക്കാൻ കഴിയില്ല. ചിലർക്ക് ഉർദു വായിക്കാൻ കഴിയില്ല. മറ്റു ചിലരുടെ പക്കൽ പുസ്തകങ്ങൾ ഉണ്ടാകില്ല. ഈ ദർസ് ആരംഭിച്ചിരിക്കുന്നത് ഖുർആനും ഹദീസും ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ വചനങ്ങളും നിങ്ങളിലേക്ക് എത്താനാണ്. നിങ്ങളുടെ അറിവിൽ ഉൾപ്പെടാനുമാണ്. ഈ അറിവ് കരസ്ഥമാക്കിയാൽ ഭൗതിക അറിവും നിങ്ങൾക്ക് പ്രയോജനപ്പെടുന്നതാണ്. ഇതിനെ നിങ്ങൾക്കതുമായിച്ചേർത്ത് ദൈനംദിന കാര്യങ്ങളിൽ പ്രാവർത്തികമാക്കാവുന്നതാണ്. ജമാഅത്തായ നമസ്ക്കാരങ്ങളിലും ദർസുകളിലും നിങ്ങളുടെ ഹാജർ നിലവാരത്തെക്കുറിച്ച് റിപ്പോർട്ടിലെഴുതേണ്ടതാണ്. നിങ്ങൾ ഇതൊന്നും ചെയ്യുന്നില്ലെങ്കിൽ കാലത്തിന്റെ ഖലീഫയുടെ എല്ലാ മഅ്റൂഫായ തീരുമാനങ്ങളും അനുസരിക്കേണ്ടത് എന്റെ ബാധ്യതയാണെന്ന് മനസ്സിലാക്കുമെന്ന നിങ്ങളുടെ ശപഥവും വാദവും വാഗ്ദാനവും കൊണ്ട് എന്തു കാര്യമാണുള്ളത്. ഇത് ദൈവിക കൽപനയാണ്. കാലത്തിന്റെ ഖലീഫ ഈ കൽപ്പന എത്തിക്കാൻ വേണ്ടി തന്റെ ശബ്ദം ഉപയോഗിക്കുകയാണ് ചെയ്യുന്നത്. ബൈഅത്തിന്റെ വേളയിലും നിങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ഈ വാഗ്ദാനം ചെയ്തിട്ടുണ്ട്.നിങ്ങൾ നല്ല പോലെ ചിന്തിക്കുവിൻ. വാഗ്ദത്തം പൂർത്തിയാക്കാതിരിക്കരുത്.ഹദീസിൽ വന്നിരിക്കുന്നു. നബി(സ) എത്രമാത്രം നമ്മെ ഭയപ്പെടുത്തിക്കൊണ്ടാണ് പറഞ്ഞത് വാഗ്ദാനം പൂർത്തീകരിക്കാത്തവന്റെ ഉള്ളിൽ മുനാഫിഖത്തിന്റെ സിരകളാണ് ഉള്ളതെന്ന്. ഇത് ഒരഹ്മദിയും ഇഷ്ടപ്പെടുകയില്ല. ഒരഹ്മദിയെ സംബന്ധിച്ചിടത്തോളവും ആഗ്രഹിക്കുകയുമില്ല. ചുരുക്കത്തിൽ പ്രത്യേകം പരിശ്രമിച്ച് കൊണ്ട് ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

മുദ്രാവാക്യങ്ങളും സംഘഗാനവും വാഗ്ദാനവും മാത്രമാകരുത് മറിച്ച് യഥാർത്ഥത്തിൽ ഒരഹ്മദീ ഖാദിമിൽ കാണപ്പെടേണ്ടതൊക്കെ നിങ്ങളിൽ കാണുമാറാകണം.നിങ്ങൾ നിങ്ങളുടെ ഉത്തരവാദിത്തങ്ങൾ മനസ്സിലാക്കുവിൻ.നിങ്ങളുടെ സ്ഥാനത്തെ തിരിച്ചറിയുവിൻ. നിങ്ങൾ നിങ്ങളുടെ സ്ഥാനം മനസ്സിലാക്കിയാൽ ശത്രുക്കൾ അഹ്മദിയ്യത്തിനെ നശിപ്പിക്കാൻ എന്ത് തന്ത്രം പ്രയോഗിച്ചാലും അതൊന്നും വിജയിക്കുന്നതല്ല.ശത്രുക്കൾ എത്ര ശ്രമിച്ചാലും ജമാഅത്തിന് ഒരു നഷ്ടവും വരുത്തുവാനും സാദ്ധ്യമല്ല.

അഹ്മദീയുവാക്കളേ, കുട്ടികളേ, ഉണരുവിൻ,നിങ്ങളുടെ ഇബാദത്തുകളുടെയും സൽസ്വഭാവങ്ങളടേയും നിലവാരം ഉയർത്തുവിൻ. അല്ലാഹു നിങ്ങൾക്കതിന് സൗഭാഗ്യം നൽകട്ടെ ആമീൻ. ●

(പ്രഭാഷണം. യുകെ ഇജ്ത്തിമാ 2004 സെപ്റ്റംബർ 19)

**അല്ലയോ യുവാക്കളേ, ദീനിനെ ബലപ്പെടുത്താൻ നിങ്ങൾ ഉണർന്നെഴുന്നേൽക്കൂ! എന്നാൽ മാത്രമേ സമുദായമാകുന്ന പൂന്തോപ്പിൽ വസന്തവും ചൈതന്യവും ഉണ്ടാവുകയുള്ളൂ.**

*ഹദ്റത്ത് അഹ്മദ്(അ)*

**യുവാക്കൾ പരിഷ്ക്കരിക്കപ്പെടാതെ സമുദായത്തെ ഉദ്ധരിക്കാൻ സാദ്ധ്യമല്ല.**

*ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)*


5 ദൈവഭയം എന്ത്? എങ്ങിനെ?

7 സ്വീകാര്യതയുടെ രഹസ്യം

10 സന്താന നിയന്ത്രണത്തിന്റെ ആഗോള താൽപര്യങ്ങൾ

11 നസീമാബേഗം സാഹിബ

13 ജനങ്ങളുടെ പ്രശംസയിൽ മതിമറക്കരുത്

16 വടിയിൽ ചാരി നിൽക്കുന്ന മൃതദേഹം



Majlis Khuddamul Ahmadiyya

മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ

# മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യാ

**ഹ.മുസ്‌ലിഹ് മൗഊദ് (റ)**

അഹ്‌മദിയ്യാ ജമാഅത്തിലെ 15 മുതൽ 40 വയസ്സു വരെ പ്രായമുള്ള യുവാക്കളുടെ പ്രത്യേക ഘടകമാണ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യാ.1938ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ -മുസ്‌ലിഹ് മൗഊദ് -മിർസാ ബശീറുദ്ദീൻ മഹ്‌മൂദ് അഹ് മദ് (റ) ആണ് ഈ മഹത്തായ യുവജന സംഘടനയ്ക്ക് ജന്മം നൽകിയത്. ലോകാടിസ്ഥാനത്തിൽ ഒരേക നേതൃത്വത്തിന് കീഴിൽ പ്രവർത്തിക്കുന്ന ഇത്തരമൊരു യുവജന വിഭാഗം വേറെയില്ലെന്ന് തന്നെ പറയാം.വളരെ പാവനമായ ലക്ഷ്യങ്ങളാണ് ക്രാന്തദർശിയായ ഹദ്റത്ത് മുസ് ലിഹ് മൗഊദ്(റ) ഈ സംഘടനയുടെ രൂപീകരണത്തിന് പിന്നിൽ കണ്ടിരുന്നത്. അതിനെക്കുറിച്ച് ആ മഹാത്മാവിന്റെ വാചകങ്ങൾ തന്നെ ശ്രദ്ധിക്കുക.

## സ്ഥാപന ലക്ഷ്യം

നമ്മുടെ ഹൃദയങ്ങളിൽ അടക്കം ചെയ്യപ്പെട്ടിരിക്കുന്ന ശിക്ഷണം നശിച്ചുപോകാതെ തലമുറ തലമുറയായി ഹൃദയങ്ങളിൽ അടക്കം ചെയ്യപ്പെട്ടുകൊണ്ടേ ഇരിക്കണമെന്നതാണ് ഈ സംഘടനയുടെ സ്ഥാപന ലക്ഷ്യം. ഇന്ന് ഈ ശിക്ഷണം നമ്മുടെ ഹൃദയങ്ങളിലാണ് അടക്കം ചെയ്യപ്പെട്ടിരിക്കുന്നതെങ്കിൽ നാളെ നമ്മുടെ മക്കളുടെയും മറ്റന്നാൾ അവരുടെ മക്കളുടെയും ഹൃദയങ്ങളിൽ അത് അടക്കപ്പെടേണ്ടിയിരിക്കുന്നു. *(അൽഫസൽ 17.2. 39)*

ചില യുവാക്കൾ കുട്ടിക്കാലത്തും യുവത്വത്തിലും ഭൗതിക പ്രഭാവത്തിനടിമപ്പെട്ടുകൊണ്ട് ദുർബലരായിത്തീരുകയും ചിലരിൽ പല ദൂഷ്യങ്ങളും ഉടലെടുക്കുകയും ചെയ്യുന്നു. ചിലർ അന്യസമുദായങ്ങളിൽ നിന്ന് ദുഷ്പ്രഭാവങ്ങൾ സ്വീകരിച്ച് കൊണ്ട് വരുകയും ചിലർ ശിക്ഷണത്തിന്റെ കുറവ് നിമിത്തം തിന്മകളിൽ ആഴ്ത്തപ്പെടുകയും ചെയ്യുന്നു. ഇങ്ങനെയുള്ള കാര്യങ്ങൾ തന്നെയാണ് ഖുദ്ദാമുൽ അഹ്‌മദിയ്യായുടെ സ്ഥാപനത്തിന് കാരണമായത്. ഇത്തരം ഭൗതിക മാറ്റങ്ങൾ അഹ്‌മദിയ്യാ ജമാഅത്തിന്റെ ഉള്ളിലേക്ക് കടക്കാൻ അനുവദിക്കാതിരിക്കുക എന്നതാണ് ഖുദ്ദാമുൽ അഹ്‌മദിയ്യായുടെ സ്ഥാപന ലക്ഷ്യം. യുവാക്കൾ എപ്പോഴും ആ ലക്ഷ്യം മുന്നിൽ കാണേണ്ടിയിരിക്കുന്നു. (പ്രഭാഷണം 2.12.54)



## അൻസാറുകൾ ശ്രദ്ധിക്കുക

ഞങ്ങൾ അൻസാറുകൾക്ക് ഖുദ്ദാമുമായി എന്താണ് കാര്യമെന്ന് പറയുന്ന അൻസാറുകൾ ഖുദ്ദാമുൽ അഹ്‌മദിയ്യാ വേറൊരു വസ്തുവല്ലെന്നും അത് തങ്ങളുടെ മക്കളുടെ പേരാണെന്നും ഓർക്കേണ്ടിയിരിക്കുന്നു. തങ്ങൾക്ക് ഖുദ്ദാമുമായി എന്താണ് കാര്യമെന്ന് പറയുന്നവർ മറ്റൊരുവിധത്തിൽ തങ്ങളുടെ മക്കൾ മരിക്കുകയോ ജീവിക്കുകയോ ചെയ്യുന്നതിൽ തങ്ങൾക്കെന്താണ് കാര്യമെന്നാണ് പറയുന്നത്. ബുദ്ധിമാനായ ഒരു മനുഷ്യൻ ഇത്തരം കാര്യങ്ങൾ പറയുമോ.യുവാക്കളുടെ പുരോഗതിക്ക് വേണ്ടിയാണ് ഖുദ്ദാമുൽ അഹ്‌മദിയ്യാ ഉണ്ടാക്കിയിരിക്കുന്നത് എന്നിരിക്കെ, തങ്ങളുടെ മക്കളുടെ ഉദ്ധാരണം അത്യാവശ്യമായി ഗണിക്കുന്നില്ലെന്നും,അവരിൽ സാമുദായികമായി ജീവൻ ഉണ്ടാകണമെന്നോ,അവരിൽ പ്രവർത്തന ശീലം ഉണ്ടാകണമെന്നോ,ഒരു നിയമവ്യവസ്ഥയുമായി ബന്ധപ്പെട്ടുകൊണ്ട് അവരിൽ യഥാർത്ഥ അനുസരണ ബോധം ഉടലെടുക്കണമെന്നോ തങ്ങൾ ആഗ്രഹിക്കുന്നില്ലെന്ന് ഏത് മാതാപിതാക്കൾക്കാണ് പറയാൻ സാധിക്കുക.

*(ജുമുഅ ഖുതുബ 2.7.1953)*

## നന്മകളുടെ പ്രഭാവം

മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യായിൽ പെട്ട യുവാക്കൾ ഓർക്കുക.അവരുടെ പ്രവർത്തനങ്ങളുടെ പ്രഭാവം ഈ കാലഘട്ടത്തിലേക്ക് മാത്രം പരിമിതമാക്കപ്പെട്ടതല്ല. മറിച്ച് അവർ സന്തോഷചിത്തരായി ആത്മാർത്ഥതയോടുകൂടി പ്രവർത്തനങ്ങൾ തുടർന്ന് കൊണ്ടിരിക്കുകയാണെങ്കിൽ വരും തലമുറകൾ വരെ അവരുടെ നന്മകളുടെ പ്രഭാവം നിലനിൽക്കുന്നതാണ്. ഏത് പോലെയെന്നാൽ ഇന്ന് നാം സഹാബാക്കളെ സ്മരിക്കുമ്പോൾ റളിയള്ളാഹു അൻഹും വറളൂ അൻഹ് എന്ന വചനം നമ്മുടെ നാവുകളിൽ നിന്ന് പുറപ്പെടുന്നുവോ അത് പോലെ അവരുടെ പേര് കേൾക്കുമ്പോൾ വരും തലമുറകളുടെ ഹൃദയം സന്തോഷനിർഭരമാവുകയും അവർക്ക് ഉന്നതസ്ഥാനങ്ങൾ ലഭ്യമാകുന്നതിന് വേണ്ടി അല്ലാഹുവിന്റെ സന്നിധിയിൽ ദുആ ചെയ്യുകയും ചെയ്യുന്നതാണ്. പക്ഷെ ഏതൊരു പ്രവർത്തനം അവർ തുടങ്ങിവെച്ചിരിക്കുന്നുവോ അത് വളരെ ശക്തിയോടെ തുടർന്ന് പോകേണ്ടത് അനിവാര്യമാണ്.ഈ പരിശ്രമത്തിനിടയ്ക്ക് നിന്ന് പോകുന്നയാൾ വീഴ്ത്തപ്പെടുന്നതാണ്. *(അൽഫസൽ 24.11 .38)*

## ജീവൽ സമുദായം

നമ്മുടെ പ്രസ്ഥാനത്തിന് മേൽ എന്തെല്ലാം ആക്രമണങ്ങൾ നടക്കുമെന്നും അതിന് നാമെന്ത് മറുപടികൾ നൽകുമെന്നും ഞാൻ നോക്കിക്കൊണ്ടിരിക്കുകയാണ്. ഓരോ കാര്യത്തെക്കുറിച്ചും എന്റെ മസ്തിഷ്ക്കത്തിൽ മനോഹരമായ ജ്ഞാനമുണ്ട്. അതിന്റെ ഒരു ഭാഗമാണ് ഖുദ്ദാമുൽ അഹ്‌മദിയ്യ. ഇത് യഥാർത്ഥത്തിൽ ആത്മീയ പരിശീലനവും ആത്മീയ ശിക്ഷണവുമാകുന്നു.ഈ സൈന്യം അഹ്‌മദിയ്യത്തിന്റെ ശത്രുക്കളോട് യുദ്ധം ചെയ്യുകയും വിജയാഭിവൃദ്ധികളോടെ ശത്രു കേന്ദ്രങ്ങളിൽ അഹ്‌മദിയ്യത്തിന്റെ പതാക നാട്ടുകയും ചെയ്യേണ്ടതാണ്. ഈ കാര്യങ്ങളുമായി ബന്ധമില്ലാത്തവർക്ക് എന്റെ വാക്കുകൾ മനസ്സിലാക്കാൻ സാധിക്കുകയില്ല.എന്തെന്നാൽ ഇത് യുവാക്കൾക്കുള്ള പരിശീലനത്തിന്റെയും ശിക്ഷണത്തിന്റെയും കാലമാണ്.പരിശീലന കാലം നിശബ്ദ്ധതയുടേതായിരിക്കും. ഒന്നും സംഭവിക്കുന്നില്ലെന്ന് ജനങ്ങൾ ധരിച്ച് കൊണ്ടിരിക്കുന്നു.എന്നാൽ സമുദായം ശിക്ഷണം നേടി കർമ്മ രംഗത്തേക്കിറങ്ങുമ്പോൾ ജനങ്ങൾ ഫലം കണ്ടു തുടങ്ങുന്നു. യഥാർത്ഥത്തിൽ ഒരു കൈ പൊങ്ങുമ്പോൾ എഴുന്നേൽക്കുകയും താഴുമ്പോൾ ഇരിക്കുകയും ചെയ്യുന്ന ഒരു ജീവൽ സമുദായം ലോകത്ത് മഹത്തായ പരിവർത്തനങ്ങൾ വരുത്തിവെയ്ക്കുന്നതാണ്. *(അൽഫസൽ 18.4.39)*

## ഇസ്‌ലാമിന്റെ ചഷകം

തലമുറ തലമുറയായി മനുഷ്യാത്മാക്കൾ ജീവിച്ച് നിൽക്കുമാറ് ഖുദ്ദാമുൽ അഹ്‌മദിയ്യാ തങ്ങളുടെ ഉന്നതമായ നിലവാരത്തിന്റെ മാതൃക നിലനിർത്തേണ്ടതിലേക്ക് അവരുടെ ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇസ്‌ലാം അതിന്റെ അസ്ഥിത്വത്തിൽ പരിപൂർണ്ണമായ മതമാണ്.എന്നാൽ എത്ര ഉന്നതമായ പാനീയത്തിനും ഗ്ലാസ് ആവശ്യമായിരിക്കുന്നത് പ്രകാരം ഇസ്‌ലാമിന്റെ സന്ദേശം ഇതരരുടെ ഹൃദയങ്ങളിലേക്ക് എത്തിക്കുന്നതിന് ഗ്ലാസ് ആവശ്യമാണ്. നമ്മുടെ ഖുദ്ദാമുൽ അഹ്‌മദിയ്യാ ആ ചഷകമാണ്. അതിൽ ഇസ്‌ലാമിന്റെ ആത്മാവ് നിലനിൽക്കും.അങ്ങനെ അവർ മുഖേന അത് മറ്റുള്ളവരുടെ ഹൃദയങ്ങളിൽ എത്തുന്നതായിരിക്കും. *(അൽഫസൽ 15.12.55)*

## ആത്മീയ സൈന്യം

ഖുദ്ദാമുൽ അഹ്മദിയ്യയുടെ പ്രവർത്തനം വെറും സാധാരണ പ്രവർത്തനമല്ല. ഇത് വളരെ പ്രാധാന്യമർഹിക്കുന്ന പ്രവർത്തനമാണ്. യഥാർത്ഥത്തിൽ ഖുദ്ദാമുൽ അഹ്മദിയ്യായിൽ അംഗമാകുന്നതും അതിന്റെ നിയമങ്ങൾക്ക് കീഴിൽ പ്രവർത്തിക്കുന്നതും മൂലം ഒരു ഇസ്ലാമിക സേന വാർത്തെടുക്കപ്പെടുന്നു. പക്ഷെ തോക്കുകളും വാളുകളുമേന്തിയ സൈന്യമല്ല നമ്മുടേത്. അഹ്മദിയ്യത്തിന്റെ സത്യത വെളിപ്പെടുത്തുന്നതിനായി നാം സമർപ്പിക്കുന്ന തെളിവുകളാണ് നമ്മുടെ തോക്കുകളും വാളുകളും. നമ്മുടെ തോക്കുകളും വാളുകളും അഹ്മദിയ്യത്തിന്റെ വിജയത്തിനായി നാം ചെയ്യുന്ന നമ്മുടെ ദുആകളാകുന്നു. നമ്മുടെ തോക്കുകളും വാളുകളും നമ്മിൽ നിന്ന് പുറപ്പെടുന്ന നമ്മുടെ ഉന്നത സ്വഭാവങ്ങളാകുന്നു. മതപരമായ തെളിവുകളും,ദുആകളും,ഉന്നത സ്വഭാവങ്ങളുമാണ് നമ്മുടെ ആയുധ ശേഖരം. നമ്മുടെ ഖഡ്ഗങ്ങളും അത് തന്നെ. ഈ ആയുധശേഖരങ്ങളും വാളുകളും മുഖേന സർവ്വ ദീനുകളേയും ജയിച്ചടക്കുകയും ഇസ്ലാമിന്റെ സുന്ദരപതാക പറത്തുകയും ചെയ്തു കൊണ്ട് അവയുടെ ആധിപത്യവും ശക്തിയും ആർജ്ജിക്കേണ്ടതാണ്. അഥവാ യുവാക്കളിൽ ഈ കർത്തവ്യബോധം ഉണ്ടെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ വേഗത്തിൽ തന്നെ ഉന്നതക്കിടയിലുള്ള ഒരു സൈന്യം തയ്യാറാക്കപ്പെടുന്നതാണ്. അതിന്നെതിരിൽ ലോകത്തെ ഒരു ശക്തിക്കും എഴുന്നുനിൽക്കാൻ സാധിക്കുന്നതല്ല. *(ജുമുഅ ഖുതുബ അൽഫസൽ 8.3.1939)*



## വിട്ട്നിൽക്കുന്നത് കുറ്റം!

ഖുദ്ദാമുൽ അഹ്മദിയ്യയിൽ നിന്ന് വിട്ട്നിൽക്കുകയെന്നാൽ അഹ്മദിയ്യത്തിൽ നിന്ന് വിട്ട്നിൽക്കുക എന്നാണർത്ഥം. *(അൽഫസൽ 1.8.1945)*

ഖുദ്ദാമുൽ അഹ്മദിയ്യയിൽ ചേരുന്നതിനുള്ള പ്രായമായിട്ടും ഒരു യുവാവ് അതിൽ അംഗമാകുന്നില്ലെങ്കിൽ അയാൾ സാമുദായികമായ ഒരു കുറ്റം ചെയ്യുകയാണെന്ന് ഞാൻ മനസ്സിലാക്കുന്നു. *(പ്രഭാഷണം 23.8.40)* *(അൽഫസൽ 13.9. 1961)*


യുവാക്കൾ പരിഷ്ക്കരിക്കപ്പെടാതെ സമുദായങ്ങളെ ഉദ്ധരിക്കാൻ സാദ്ധ്യമല്ല. ഏത് വരെ അല്ലാഹുവിന്റെ നബിയും അവന്റെ വിധികളും ഭൂമിയിൽ നിലനിർത്തിയിരിക്കുന്ന ദീനിന്റെയും നിയമങ്ങളുടേയും സഹായികളായി പുതിയ തലമുറ മാറുന്നില്ലയോ അതുവരെ ആ ദീനിന്റെ യഥാർത്ഥ അഭിവൃദ്ധിയുടെ ഭാഗത്തേക്ക് പാദങ്ങൾ ഉയരുകയില്ല. ഇസ്ലാമിന്റെയും അഹ്മദിയ്യത്തിന്റയും യഥാർത്ഥമായ അന്തസ്സ് അവർക്ക് സൗഭാഗ്യകരമായിരിക്കും എന്ന ബോധം യുവാക്കളുടെ ഹൃദയങ്ങളിൽ അങ്കുരിപ്പിക്കത്തക്ക ശിക്ഷണം നൽകിക്കൊണ്ട് ഈ പരിഷ്ക്കരണം സാധിച്ചെടുക്കാവുന്നതാണ്. *(അൽഫസൽ 10.4.38)*

യുവാക്കളിൽ ഉണർവ്വും ജാഗ്രതയും ഉണ്ടാക്കിയെടുക്കുന്നതിന് എല്ലാ സ്ഥലത്തും ഖുദ്ദാമുൽ അഹ്മദിയ്യാ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.ഇതിൽ സ്വന്തം അസ്ഥിത്വം മറ്റുള്ളവർക്ക് മാതൃകയാകുമാറ് സ്വന്തം പ്രവൃത്തികളിൽ പരിവർത്തനം വരുത്താൻ തയ്യാറുള്ള യുവാക്കൾ ഉണ്ടായിരിക്കണം.

*(അൽഫസൽ 24.4.1938)*

## ദീനിന് വേണ്ടി സർവ്വവും സമർപ്പിക്കൂ

**ഹദ്റത്ത് ഹാഫിസ് മിർസാ നാസിർ അഹ്മദ്**
ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്)



അഹ്മദീ യുവാക്കൾക്ക് വളരെയധികം ഉത്തരവാദിത്തങ്ങളുണ്ട്.പ്രായത്തിന്റെ കാര്യത്തിലാണെങ്കിൽ നിങ്ങൾ സ്ഥൈര്യത്തിന്റെയും ആവേശത്തിന്റേയും ദാർഢ്യതയുടെയും കാലഘട്ടത്തിലൂടെ നീങ്ങിക്കൊണ്ടിരിക്കുന്നവരാണ്. നിങ്ങളുടെ നൈസർഗിക വാസനകളേയും ആവേശത്തേയും ഇസ്ലാമിന്നും അഹ്മദിയ്യത്തിന്നും വേണ്ടി സമർപ്പിക്കേണ്ടത് നിങ്ങളുടെ കടമയാണ്.കേന്ദ്രവുമായി അഗാധമായ ബന്ധമുണ്ടാക്കുവിൻ. അവരുടെ എല്ലാ ശബ്ദങ്ങൾക്കും അനുസരണബോധത്തോടെ ലബ്ബൈക്ക് പറയുവിൻ. ദീനിന് ദുനിയാവിനേക്കാൾ സ്ഥാനം നൽകുവിൻ. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഈ ഉപദേശമനുസരിച്ച് പ്രവൃത്തികൾ ചെയ്യുവിൻ. അതായത്, സ്വന്തം ആത്മാവിനും,സംതൃപ്തിക്കും എല്ലാ ബന്ധങ്ങൾക്കും മീതെ അല്ലാഹുവിന് സ്ഥാനം നൽകുവിൻ.പ്രവൃത്തിപഥത്തിൽ സ്ഥൈര്യത്തോടു കൂടി സത്യവും കൃതജ്ഞതയും പ്രകടിപ്പിക്കുവിൻ ........ അങ്ങനെ ആകാശത്ത് നിങ്ങൾ അവന്റെ ജമാഅത്തിൽ എഴുതപ്പെടട്ടെ.

*(മിശ്ക്കാത്ത് 1988 ഫെബ്രു)*

## വിജയം ആസന്നമായി

**ഹദ്റത്ത് മിർസാ താഹിർ അഹ്മദ്**
ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)

അല്ലയോ അഹ്മദീ യുവാക്കളേ, ഉണരുവിൻ! ഭൂമുഖത്തെ വിധികൾ നിങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.നിങ്ങൾ ജീവിതാനുഗ്രഹങ്ങളുടെ രാഗമാലപിക്കേണ്ടവരാണ്.അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും സ്നേഹം പകർന്നു കൊണ്ട് നിങ്ങൾ ലോകത്തെ ജീവിപ്പിക്കണം.പോകുവിൻ,ലോകത്ത് പരക്കുവിൻ! പോകുവിൻ,വിജയവും സഹായവും നിങ്ങളുടെ പാദങ്ങളെ ചുംബിക്കുന്നതാണ്. എന്തെന്നാൽ അല്ലാഹുവിന്റെ വിധി നിശ്ചയമായും പൂർത്തിയാകുന്നതാണ്.



ഭൂമിയിൽ ഒരു ശക്തിക്കും അതിനെ മാറ്റിമറിക്കാൻ സാദ്ധ്യമല്ല........ ഞാൻ നിങ്ങൾക്ക് ഉറപ്പ് തരുന്നു. അഹ്മദിയ്യത്തിന്റെ വിജയനാളുകൾ അടുത്തടുത്ത് വരുന്നതായി ഞാൻ കണ്ടുകൊണ്ടിരിക്കുന്നു. അല്ലാഹുവാണ് സത്യം. അതിന്റെ കാലൊച്ച ഞാൻ കേട്ടുകൊണ്ടിരിക്കുന്നു.അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ ഹൃദയങ്ങളെ മാറ്റുവിൻ.നിങ്ങളെ വിജയിപ്പിക്കുവാൻ ദൈവ വിധി തീരുമാനമെടുത്ത് കഴിഞ്ഞിരിക്കുന്നു.


*(1983ൽ റബ്വയിലെ ഇജ്ത്തിമാ ഉൽഘാടനത്തിൽ)*

## പരിശീലനം

അന്യോന്യം സഹായിക്കുന്നതിനുള്ള മനസ്സ് ഉണ്ടാക്കിയെടുക്കുവിൻ.ഖുദ്ദാമുൽ അഹ്മദിയ്യായുടെ വ്യവസ്ഥകൾ നിങ്ങൾക്കൊരു ട്രെയിനിംഗ് പോലെയാണ്. അഥവാ നിങ്ങൾക്ക് സേവനത്തിന് എപ്പോഴെങ്കിലും അവസരം ലഭിക്കുകയാണെങ്കിൽ അമീറോ സെക്രട്ടറിയോ ആകത്തക്ക അർഹത അതിലൂടെ ലഭിക്കുന്നു.അത് കൊണ്ട് ജമാഅത്ത് ഭാരവാഹികളെ അപേക്ഷിച്ച് നിങ്ങൾ ബുദ്ധിമുട്ടി പണിയെടുക്കണം. *(പ്രഭാഷണം 24.10. 1953)*

# ഓരോ ഖാദിമിന്റെ കയ്യിലും ഈ ഉറുമാൽ ഉണ്ടായിരിക്കേണ്ടതാണ്

ഹദ്റത്ത് ഹാഫിസ് മിർസാ നാസിർ അഹ്മദ് (റഹ്)



പൊതുവെ നമ്മുടെ ഭാരവാഹി ഖാഇദാണ്. ഓരോ ഖാദിമും (ഖിയാദത്ത്) നേതൃത്വത്തിലിരിക്കാൻ കഴിവുള്ളവരായിരിക്കേണ്ടതാണ്. അതുകൊണ്ട് എല്ലാ ഖാദിമിന്റെ കയ്യിലും ഈ ഉറുമാൽ നിർബന്ധമായും ഉണ്ടായിരിക്കാനായി പരിശ്രമിക്കുക. ഇപ്പോൾ ഇതു വളരെ കുറച്ച് മാത്രമേ ലഭിക്കുകയുള്ളൂ. പിന്നീട് തയ്യാറാക്കുന്നതാണ്. എല്ലാ ഖാദിംകളും ഇത് വാങ്ങാൻ ശ്രമിക്കേണ്ടതാണ്. ഇതിനെ സംരക്ഷിക്കുക.നഷ്ടപ്പെടാനനുവദിക്കരുത്.ഇത്തരത്തിലുള്ള ഉറുമാൽ കൊണ്ട് വേറെയും ചില പ്രയോജനങ്ങൾ ഉണ്ട്. എന്നാൽ ഞാൻ ഈ സമയത്ത് അതിന്റെ വിശദീകരണത്തിലേക്ക് പോകുന്നില്ല. ഇവിടെ തയ്യാറാക്കിയിട്ടുള്ള ഉറുമാലുകളിൽ നിന്ന് ചില ഖാദിംകൾ വാങ്ങിച്ചിട്ടുണ്ട്. ഇത് കുറച്ച് ചെറുതായിപ്പോയി. ഇത് പിന്നീട് മാറ്റുന്നതാണ്. യഥാർത്ഥത്തിൽ ഉറുമാൽ 3 ഫുട്ട് സമചതുരമാണ് പറഞ്ഞിരുന്നത്. എന്നാൽ ഇത് തയ്യാറാക്കിയപ്പോൾ ചില കാര്യങ്ങൾ ശ്രദ്ധിക്കാത്ത കാരണത്താൽ ചിലത് ചെറുതും ചിലത് വലുതുമായിപ്പോയി.


കേന്ദ്ര മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഇനി ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. ഈ ഉറുമാൽ 3 ഫുട്ടിൽ ചെറുതായാൽ നാം ഉദ്ദേശിക്കുന്ന എല്ലാ കാര്യങ്ങൾക്കും ഇത് പ്രയോജനപ്പെടുകയില്ല. ചുരുക്കത്തിൽ ഇത്തരം (ഇജ്ത്തിമ പോലുള്ള) സന്ദർഭങ്ങളിൽ എല്ലാ ഖാദിമിന്റെ കഴുത്തിലും(തോളിലും) ഈ ഉറുമാൽ ഉണ്ടായിരിക്കേണ്ടതാണ്. എപ്പോളും ഉപയോഗിക്കേണ്ട ആവശ്യമില്ല. ജമാഅത്തീ ഇജ്ത്തിമാകളിലും അല്ലെങ്കിൽ ഖാദിംകൾ ഡ്യൂട്ടിയിലിരിക്കുന്ന അവസരങ്ങളിലും ഈ ഉറുമാലും ഒരു പ്രത്യേക തരം ഛല്ലാ യും അണിയേണ്ടതാണ്. ദുനിയാവിൽ എല്ലാ കാര്യത്തിനും അനുഭവവും അന്വേഷണവും ആവശ്യമാണ്. തുടക്കത്തിൽ എനിക്ക് ഇതിനെക്കുറിച്ച് ചിന്തയുണ്ടായപ്പോൾ ഛല്ലായും ഉറുമാലും എങ്ങനെ തയ്യാറാക്കണമെന്നത് സംബന്ധിച്ച് ഞാൻ വളരെയധികം ചിന്തിച്ചു.(ഞാൻ ഇതെല്ലാം നിങ്ങളോട് പറയുന്നത് ജോലി ചെയ്യേണ്ട രീതി നിങ്ങൾ മനസ്സിലാക്കുന്നതിന് വേണ്ടിയാണ്.) അങ്ങനെ ഞാൻ പെട്ടെന്ന് തന്നെ എന്റെ കാശ് കൊണ്ട് വെള്ളിയുടെ ഛല്ല തയ്യാറാക്കിച്ചു. എന്നാൽ ഒരു ഛല്ലക്ക് ഒമ്പത് പത്ത് രൂപ ചെലവായി. പിന്നീട് ഞാൻ ലാഹോറിൽ ആളെ അയച്ച് (താംബെ കെ ഛല്ലെ) തയ്യാറാക്കിച്ചു. അപ്പോൾ ഒരു ഛല്ലക്ക് ഒന്നര രൂപയോളം ചെലവ് വന്നു.

അതും അധികമാണെന്ന് ഞാൻ മനസ്സിലാക്കി. എന്തുകൊണ്ടെന്നാൽ നമ്മുടെ ജമാഅത്തിൽ സമ്പന്നരും പാവപ്പെട്ടവരുമുണ്ട് ഒരു പക്ഷെ ജീവിതത്തിലെപ്പോഴെങ്കിലും തങ്ങളുടെ മക്കൾക്കായി ഇത്രയും ചെലവഴിക്കാൻ കഴിയാത്ത സഹോദരന്മാരും ഉണ്ടാകാം .എന്നാൽ നമ്മുടെ ലക്ഷ്യം എല്ലാവരെയും ഒരേ തലത്തിൽ കൊണ്ട് വരിക എന്നതാണ്. പിന്നീട് പ്ലാസ്റ്റിക്കിന്റെ രണ്ട് തരം ഛല്ല തയ്യാറാക്കിച്ചു. അതിലൊന്ന് എല്ലാവർക്കും ഇഷ്ടപ്പെട്ടു. അതുപ്രകാരമാണ് ഈ ഛല്ലകൾ തയ്യാറാക്കിയിരിക്കുന്നത്. ഇതിനൊരു ഛല്ലാക്ക് പത്ത് പൈസയാണ് ചെലവ്. അപ്പോൾ വെള്ളിയുടെ പത്ത് രൂപയുടെ ഛല്ല എവിടെ ? പത്ത് പൈസയുടെ ഈ ഛല്ല എവിടെ ? പിന്നീട് നാം തുണിയുടെ ഉറുമാൽ തയ്യാറാക്കിച്ചു. ഒന്നിനുപിറകെ മറ്റൊന്നായി. ചുരുക്കത്തിൽ വിവിധതരത്തിലുള്ള ഉറുമാലുകൾ തയ്യാറാക്കിച്ചു. അങ്ങനെ ഒരു പാട് പരീക്ഷിച്ചതിന്റെ ഫലമായി നല്ല ഉറുമാലുകൾ വളരെ കുറഞ്ഞ ചിലവിൽ നിർമ്മിക്കാമെന്ന് മനസ്സിലാക്കി. (ഉദാഹരണത്തിന് ഇതിന് കറുപ്പും വെളുപ്പുമായ ലൈനുകളുണ്ട് ) ഇതിന്റെ വിതരണം,രൂപം,ഉദ്ദേശ്യം എന്നിവയെല്ലാം തന്നെ പരീക്ഷിച്ചു. പിന്നീട് അണിയിച്ച് നോക്കിയതിന് ശേഷം എത്തിച്ചേർന്ന (എടുത്ത) തീരുമാനമാണ് ഇപ്പോൾ നാം കണ്ടുകൊണ്ടിരിക്കുന്നത്.

*( മശ്അലെ റാഹ് ഭാഗം 2 പേജ് 346 - 347)*
*വി.വ: സി.മുബശ്ശിർ അഹ്മദ് - കൊച്ചി*



Mou.Qamaruddin Sb
First Sadr



Mou.Zuhoor Hussain Sb
First Naib Sadr



Sk.Mahboob Alam Khalid Sb
First Gen.Secry



Khaleel Ahmed Nasir Sb
First Asst.Secry

തഫ്സീർ



إِنَّ الَّذِينَ هُمْ مِنْ خَشْيَةِ رَبِّهِمْ مُشْفِقُونَ ۝ وَالَّذِينَ هُمْ بِآيَاتِ رَبِّهِمْ يُؤْمِنُونَ ۝
وَالَّذِينَ هُمْ بِرَبِّهِمْ لَا يُشْرِكُونَ ۝ وَالَّذِينَ يُؤْتُونَ مَا آتَوْا وَقُلُوبُهُمْ وَجِلَةٌ أَنَّهُمْ إِلَىٰ
رَبِّهِمْ رَاجِعُونَ ۝ أُولَٰئِكَ يُسَارِعُونَ فِي الْخَيْرَاتِ وَهُمْ لَهَا سَابِقُونَ ۝ (23:58-62)

ഹ.മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ്(റ)
ഖലീഫത്തുൽ മസീഹ് അവ്വൽ



# ദൈവഭയം എന്ത്? എങ്ങിനെ?

മൗലാ കരീം- റഹ്മാനും റഹീമുമായ നമ്മുടെ സംരക്ഷകൻ അല്ലാഹു ഈ ആയത്തിലൂടെ മനുഷ്യനെ അവന്റെ എല്ലാ തരത്തിലുമുള്ള സൗഖ്യങ്ങളിലേക്കെത്തിക്കുകയും തന്റെ സമഭാവനക്കാരുടെയും സമകാലീനരുടെയും ഇടയിൽ അന്തസ്സിന്റെയും ആഭിജാത്യത്തിന്റെയും കാര്യത്തിലേക്ക് മാർഗ്ഗദർശനം നൽകുകയും ചെയ്യുന്നു. മനുഷ്യൻ സ്വാഭാവികമായും ആഗ്രഹിക്കുന്നത് എല്ലാ തരത്തിലുള്ള സുഖവും ആശ്വാസവും നന്മയും കരസ്ഥമാക്കണമെന്നാണ്. അവനുമായി ബന്ധമുള്ളവർ സസന്തോഷം ജീവിക്കുന്നതും ആളുകൾ നന്മയിലേക്ക് ശ്രദ്ധ തിരിക്കുന്നതും കാണുമ്പോൾ അവന്റെ ഹൃദയത്തിലുണ്ടാകുന്ന ചിന്ത,ഇന്നയാൾക്ക് സൗഭാഗ്യം കൈവന്നിട്ടുണ്ട്. ഇന്ന വ്യക്തിയും സന്തുഷ്ടിയിലാണ്. അതിനാൽ ഞാൻ എല്ലാവരേക്കാളും മുൻകടക്കേണ്ടതാണ് എന്നതായിരിക്കും.

ചുരുക്കത്തിൽ മനുഷ്യൻ സ്വാഭാവികമായി തന്നെ മാത്സര്യബുദ്ധിയുള്ളവനും കൂടെയുള്ളവരേക്കാളും തലയെടുപ്പുള്ളവനുമാകണമെന്ന് ആഗ്രഹമുള്ളവനാണ്. കുട്ടികൾ കളിയിൽ മറ്റുള്ളവരേക്കാൾ മികച്ചുനിൽക്കണമെന്നും വിജയിക്കണമെന്നും ആഗ്രഹിക്കുന്നു. സ്ത്രീകളും ഉണ്ണുകയും ഊട്ടുകയും ആഭരണമണിയിക്കുകയും ചെയ്യുന്ന കാര്യത്തിൽ ആഗ്രഹിക്കുന്നത് തങ്ങളുടെ സഹചാരികളേക്കാൾ മുന്തിനിൽക്കണമെന്നാണ്.

ചുരുക്കത്തിൽ മനുഷ്യഹൃദയത്തിൽ സ്വാഭാവികമായി കാണപ്പെടുന്ന ഈ ആഗ്രഹാഭിലാഷങ്ങൾ പൂർത്തീകരിക്കുവാനുള്ള മാർഗ്ഗോപദേശങ്ങൾ റഹ്മാനും റഹീമുമായ അല്ലാഹു വിശുദ്ധഖുർ ആനിൽ ഈ സ്ഥലത്ത് പറയുന്നു. അവ ചില തത്വങ്ങളിലധിഷ്ഠിതമാണ്.

ഒന്നാമത്തെ തത്വം:- മനുഷ്യൻ ചിന്തിച്ചുനോക്കുകയാണെങ്കിൽ അവന്റെ ഹൃദയത്തിൽ തന്നെക്കാൾ വലിയവരോട് ഭയമുള്ളതായി മനസ്സിലാക്കാൻ കഴിയുന്നതാണ്. കീഴ്ജോലിക്കാർ മേലുദ്യോഗസ്ഥരേയും ഉദ്യോഗസ്ഥർ തഹസിൽദാരെയും തഹസിൽദാർ ഭരണത്തിലെ ഉന്നതരെയും ഭയപ്പെടുന്നു. കീഴിലുള്ളവർ ഓഫീസർമാരോട് തങ്ങളുടെ ഹൃദയത്തിൽ ഭയം വെച്ചു പുലർത്തുന്നില്ലെങ്കിൽ ഭയാവസ്ഥയിൽ അവർക്ക് ചെയ്യാൻ സാധിക്കുന്ന അത്ര ഭംഗിയോടും കൃത്യതയോടും കൂടി കൃത്യനിർവ്വഹണം നടത്താൻ സാധിക്കുകയില്ല. ഈ തത്വം മുൻനിർത്തിക്കൊണ്ട് അല്ലാഹു പറയുന്നു. അതായത് നന്മയിലും മികവിലും മാത്സര്യബുദ്ധി വെച്ച് പുലർത്തുന്നവർ ഓരോ പ്രവൃത്തി ചെയ്യുമ്പോഴും ഏറ്റവുമാദ്യം അല്ലാഹു അവരുടെ മേൽനോട്ടക്കാരനാണെന്നറിയുന്നു. അവർ ഭക്ഷിക്കുന്നതും കുടിക്കുന്നതും അവരുടെ സൗഹൃദവും ശത്രുതയും വിദ്വേഷവും പകയും ഇടപാടുകളും എല്ലാ അവസ്ഥയിലും അവൻ കാണുന്നുണ്ട് എന്ന വിചാരത്തോടെയാകണം. അപ്പോൾ വിശ്വാസി നന്മയിൽ മുന്നേറുകയും പ്രവൃത്തി ചെയ്യുമ്പോഴൊക്കെ എല്ലാം നല്ലവണ്ണം അറിയുന്നവനും സൂക്ഷ്മജ്ഞനുമായ അസ്ഥിത്വത്തിന്റെ മേൽനോട്ടത്തിലാണ് എന്ന് അറിഞ്ഞുകൊണ്ട് ദൈവഭയത്താൽ വിറകൊള്ളുന്നവരുമായിരിക്കും. അതിനാൽ ഓരോ പ്രവൃത്തിയും അത് തിന്നുകയും കുടിക്കുകയും ചെയ്യുന്നതാകട്ടെ, വിദ്വേഷമോ പകയോ ആകട്ടെ സൗഹൃദമോ ശത്രുതയോ ആകട്ടെ എല്ലാ കാര്യത്തിനും അതിന്റെ സംതൃപ്തിക്കും മികവിനും വേണ്ട പ്രഥമമായ കാര്യം എന്താണ്? അതാണ് ദൈവഭയം. പ്രവൃത്തി ചെയ്യുന്നതിന് മുമ്പെ ചിന്തിക്കേണ്ടത് അതിൽ ദൈവിക തൃപ്തികൊണ്ട് അന്തസ്സാർജിക്കാൻ സാധിക്കുമോ അതല്ല അതൃപ്തി കാരണം അന്ധകാരത്തിന് ഇടയാകുമോ എന്നാണ്. ദൈവഭയത്തിന് ശേഷം മറ്റ് രണ്ട് തത്വങ്ങളുമുണ്ട്. അതെന്താണ്. ഒന്ന്- ഇഖ്ലാസ്(നിഷ്കപടത) രണ്ട്- സ്വവാബ് (യുക്തത). ഇഖ്ലാസ് എന്താണ്? ഏതൊരു പ്രവൃത്തി ചെയ്യുമ്പോഴും അതിൽ അല്ലാഹുവിന്റെ തൃപ്തി കരഗതമാകണം എന്ന ലക്ഷ്യം മുന്നിൽ ഉണ്ടായിരിക്കണം അതാണ് ഇഖ്ലാസ്. സ്നേഹമാണെങ്കിൽ അല്ലാഹുവിനു വേണ്ടിയുള്ള സ്നേഹമായിരിക്കണം. ഉണ്ണുന്നുവെങ്കിൽ അത് ഉണ്ണുവാനുള്ള കൽപനയുള്ളതു കൊണ്ടാവണം. കുടിക്കുകയാണെങ്കിൽ വശ്റബൂ എന്ന കൽപന പ്രാവർത്തികമാക്കുകയാണ് എന്ന് മനസ്സിലാക്കണം.

ചുരുക്കത്തിൽ എല്ലാ കർമ്മവും നിഷ്കപടമായിരിക്കണം. ആചാരാനുഷ്ഠാനം എന്ന നിലയിലാവരുത്. വികാരാവേശങ്ങളോ സ്വാർത്ഥതയോ അതിന് കാരണമാകാവതല്ല.

സ്വവാബ് എന്താണ്? എല്ലാ നല്ല കാര്യങ്ങളും അല്ലാഹു കൽപിച്ചത് പ്രകാരവും റസൂലുല്ലാഹ് (സ) ചെയ്ത് കാണിച്ച പ്രകാരവും അനുഷ്ഠിക്കുക. നന്മ ചെയ്യുന്നുവെന്നാൽ അത് റസൂൽ (സ) പഠിപ്പിച്ച രീതിയിലല്ലെങ്കിൽ അത് സ്വവാബിന്റെ മാർഗ്ഗമല്ല.അതായത്പ്രവൃത്തി ചെയ്യുമ്പോൾ അതിന് നബി (സ) തങ്ങളുടെ അനുവാദമുണ്ടോ ഇല്ലയോ എന്നും അത് അല്ലാഹുവിന്റെ തൃപ്തി ലക്ഷ്യം വെച്ചുകൊണ്ടാണോ അല്ലയോ എന്നും നോക്കേണ്ടതാണ്.അത് കൊണ്ട് പ്രവൃത്തി ചെയ്യുമ്പോൾ ദൈവഭയത്തോട് കൂടി ചെയ്യുക.അപ്പോൾ ഇഖ്ലാസും സ്വവാബും ഉണ്ടാകും

വല്ലദീനഹും ബിആയാത്തി റബ്ബിഹിം യുഅ്മിനൂൻ - അല്ലാഹുവിന്റെ കൽപനകളിൽ വിശ്വസിക്കുകയും, വല്ലദീനഹും ബിറബ്ബിഹിം ലാ യുശ്രികൂൻ - കർമ്മം ചെയ്യുന്നതിലും ഉപേക്ഷിക്കുന്നതിലും ആരെയും പങ്കുചേർക്കുകയില്ല. നന്മ ചെയ്യേണ്ടത് അല്ലാഹുവിന്റെ തൃപ്തി കരഗതമാകും എന്നുദ്ദേശിച്ചുകൊണ്ടും തിന്മ വർജ്ജിക്കുന്നത് അല്ലാഹു അത് മോശമാണെന്ന് പറയുകയും അതിനെ വിലക്കുകയും ചെയ്തതുകൊണ്ടായിരിക്കണം. ഇവ ചെയ്യേണ്ടത് റസൂൽ തിരുമേനി(സ)യെ അനുധാവനം ചെയ്യുന്നു എന്ന നിലയിലുമായിരിക്കണം. നന്മ ചെയ്തു കൊണ്ടിരിക്കുമ്പോഴും ഹൃദയത്തിൽ ദൈവഭയത്തിന് ഇടം നൽകുക. എന്തെന്നാൽ അവൻ എല്ലാ സൂക്ഷ്മ കാര്യങ്ങളിലും അനുഗ്രഹം നൽകുന്നവനും അത് കണ്ടുകൊണ്ടിരിക്കുന്നവനുമാണ്.

ഹദീസിൽ വന്നിരിക്കുന്നു-ഹ:ആയിശ സിദ്ദീഖ (റ)പറയുന്നു: തിന്മ പ്രവർത്തിക്കുമ്പോൾ ഭയപ്പെടുക. മാത്രമല്ല നന്മ പ്രവർത്തിക്കുമ്പോഴും അല്ലാഹുവിനെ ഭയപ്പെടുക.

നന്മ ചെയ്യുക, പിന്നെ അത് പരമ പരിശുദ്ധനും മഹത്വമുടയവനുമായ അല്ലാഹുവിന്റെ സന്നിധിയിൽ സ്വീകാര്യാർഹമാകാതിരിക്കുമോ എന്നോർത്ത് ഭയപ്പെടേണ്ടതുമാണ്.

ഇങ്ങനെയുള്ള ആളുകളാണ് യുസാരിഊന ഫിൽ ഖൈറാത്തി വഹും ലഹാ സാബിഖൂൻ എന്നതിനെ അന്വർഥമാക്കുന്നത്. അതായത് ആദ്യം മുതൽ അവസാനംവരെ ഭയമുണ്ടായിരിക്കണം.കർമ്മം ചെയ്യുന്നതും ഉപേക്ഷിക്കുന്നതും ആത്മാർത്ഥമായിട്ടായിരിക്കണം. അവർ നന്മ ആർജ്ജിക്കുന്നവരും മറ്റുള്ളവരെ മുൻകടക്കുന്നവരുമായിരിക്കും.

*(ഹഖായിഖുൽ ഫുർഖാൻ)*
*വിവ: കെ.നജ്മുദ്ദീൻ ,മുറിയക്കണ്ണി*

# യുവത്വം

വൃദ്ധരോടൊത്ത് ജീവിക്കുക എന്നത് യുവാക്കളെ സംബന്ധിച്ചേടത്തോളം പാഠമുൾക്കൊള്ളേണ്ട അവസരമാണ്. പക്ഷേ മനുഷ്യന്റെ ഹൃദയത്തിൽ ഒരു തരം മറയുണ്ടാകുന്നു അവൻ കണ്ടിട്ടും കാണുന്നില്ല. കേട്ടിട്ടും കേൾക്കുന്നില്ല. മാത്രമല്ല ആ കാഴ്ചകൾ കണ്ടിട്ട് യുവത്വകാലത്ത് അല്ലാഹുവുമായുള്ള ബന്ധം ദൃഢീകരിക്കുന്നില്ല. ( മൽഫൂസാത്ത് ഭാഗം 7 പേജ് 258)

**ഇമാമുസമാന്റെ ഫത്‌വകൾ**



# നമസ്കാരവും മാതൃഭാഷയും

അല്ലാഹു ഏതു ഭാഷയിലാണോ ഖുർആൻ ഇറക്കിയിട്ടുള്ളത് ആ ഭാഷയെ വിട്ടുകളയരുത്. എന്നാൽ സുന്നത്താക്കപ്പെട്ട നമസ്കാരരീതിക്കും ദിക്റിനും ശേഷം തങ്ങളുടെ ആവശ്യങ്ങൾ മാതൃ ഭാഷയിൽ പറയാവുന്നതാണ്. യഥാർത്ഥ ഭാഷ വിട്ടുകളയരുത്. ക്രിസ്ത്യാനികൾ യഥാർത്ഥ ഭാഷ കൈവിട്ടുകളഞ്ഞതിനു ശേഷം എന്ത് ഫലം ആണ് ഉണ്ടായത്. ഒന്നും തന്നെ ബാക്കിയില്ല. (ബദർ-2/4/1903.)

# വിത്ർ നമസ്കാരം

ചോദ്യം: ഒറ്റ റക്അത്തിൽ വിത്ർ നമസ്കരിക്കുന്നതിനെ കുറിച്ച് ചോദിച്ചു?

ഉത്തരം:ഒറ്റ റക്അത്തിൽ വിത്ർ നമസ്കരിക്കുന്നതിനെ കുറിച്ച് നാം എവിടെയും വിധി കണ്ടിട്ടില്ല. എന്നാൽ രണ്ട് റക്അത്തിന് ശേഷം സലാം വീട്ടി മൂന്നാമത്തെ റക്അത്ത് നിർവഹിക്കാവുന്നതാണ്.അല്ലെങ്കിൽ ഒരേ നിയ്യത്തിൽ തന്നെ മൂന്ന് റക്അത്തുകളും നിർവഹിക്കാവുന്നതാണ്.

# വിത്ർ നമസ്കാരം: രീതിയും സമയവും

ചോദ്യം:വിത്ർ നമസ്കാരത്തിന്റെ രൂപം എങ്ങനെയാണ്.?

ഉത്തരം:(ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)പറയുന്നു)ഹദീസിന്റെ അടിസ്ഥാനത്തിൽ വിത്റിന്റെയും, മഗ്‌രിബിന്റെയും രൂപത്തിൽ വിത്യാസം അനിവാര്യമാണ്. ഇതിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ രീതി ഇപ്രകാരമായിരുന്നു.അതായത് ഹുസൂർ (അ) ആദ്യം രണ്ട് റക്അത്ത് നമസ്കരിക്കും, പിന്നെ സലാം വീട്ടിയതിനുശേഷം ഉടനെ തന്നെ എഴുന്നേറ്റ് ഒരു റക്അത്തും കൂടി നമസ്കരിക്കുമായിരുന്നു.

ചോദ്യം:വിത്ർ നമസ്കാരം ഏത് സമയത്താണ് നിർവഹിക്കേണ്ടത്?

ഉത്തരം:(ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)പറയുന്നു) വിത്ർ നമസ്കാരം രാത്രിയുടെ ആദ്യ ഭാഗത്ത് നിർവഹിക്കുന്നതാണ് ഉത്തമം. അന്ത്യയാമത്തിലും നിർവഹിക്കാവുന്നതാണ്. ഏറ്റവും നല്ലത് ആദ്യ ഭാഗത്ത് നിർവഹിക്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ രീതി രാത്രിയുടെ ആദ്യ ഭാഗത്ത് നമസ്കരിക്കുകയെന്നതായിരുന്നു. (ബദർ-12/1/1906)

# യാത്രയിലെ വിത്ർ നമസ്കാരം

ചോദ്യം:യാത്രയിൽ വിത്ർ നമസ്കാരം എത്ര റക്അത്ത് നിർവഹിക്കണം?

ഉത്തരം:(ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)പറയുന്നു: യാത്രയിലാണെങ്കിലും അല്ലെങ്കിലും വിത്ർ മൂന്ന് റക്അത്ത് തന്നെയാണ് നിർവഹിക്കേണ്ടത്.ഹദ്റത്ത് മസീഹ് മൗഊദ് (അ) യാത്രയിൽ വിത്ർ മൂന്നു റക്അത്ത് ഇശാ നമസ്കാരത്തിനു ശേഷം തീർച്ചയായിട്ടും അനുഷ്ടിക്കുമായിരുന്നു.

# ഖുർആനിലെ ദുആകൾ

ചോദ്യം:റുക്കൂഇലും സുജൂദിലും ഖുർആനിലെ ദുആകൾ ചൊല്ലുന്നത് അനുവദനീയമാണോ?

ഉത്തരം: റുക്കൂഉം സുജൂദും വിനയത്തിന്റെയും താഴ്മയുടെയും സമയമാണ്. അല്ലാഹുവിന്റെ വചനം മഹത്വമുള്ളതാണ്. അതുപോലെതന്നെ ഹദീസുകളിൽ നിന്ന് നബി (സ) റുക്കൂഇലും സുജൂദിലും എപ്പോഴെങ്കിലും ഖുർആൻ പാരായണം ചെയ്തതായി വ്യക്തമാകുന്നില്ല.

(അൽഹക്കം-30/4/1905)

# നമസ്കാരം ഉപേക്ഷിക്കുന്നവൻ

നമസ്കരിക്കാൻ തൗഫീക്കിനും, സ്ഥിരത കിട്ടാനും വേണ്ടി ഒരാൾ ദുആ ചെയ്യണം എന്ന് പറഞ്ഞു. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു, നമസ്കാരം ഉപേക്ഷിക്കുന്നവൻ വിശ്വാസത്തെ തള്ളി കളയുന്നവനാകുന്നു. അതിലൂടെ അല്ലാഹുവിന്റെ ബന്ധത്തിൽ വിത്യാസം വരുന്നു. ഇവിടെ (ദാസന്റെ ഭാഗത്ത്)നിന്ന് വിത്യാസം വന്നാൽ ഉടനെ തന്നെ അവിടെ (അല്ലാഹുവിന്റെ ഭാഗത്ത്) നിന്നും വിത്യാസം വരുന്നു.

# കൈ ഉയർത്തൽ

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു, ആരെങ്കിലും ഇങ്ങനെ കൈ ഉയർത്തിയാലും ഇല്ലെങ്കിലും ഇതിൽ ഒരു കുഴപ്പവും ഇല്ല. ഹദീസുകളിൽ ഈ രണ്ട് രീതിയിലും രേഖപ്പെട്ട് കിടക്കുന്നുണ്ട്. നബി (സ) ഏതെങ്കിലും സമയത്ത് കൈ ഉയർത്തുകയും അതിനു ശേഷം അത് ഉപേക്ഷിക്കുകയും ചെയ്തതായിട്ടാണ് മനസ്സിലാകുന്നത്.

*(ഫത്താവാ അഹ്മദിയ്യ)*

*വിവ: മുഹമ്മദ് നജീബ് ഖാൻ*

ശതാബ്ദം 1911-ഒക്ടോബർ എസ്.

# ഒരു സുപ്രധാന വിളംബരം

**ഒക്ടോബർ 7 :** ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) ഒരു സുപ്രധാന വിളംബരം പ്രസിദ്ധീകരിച്ചു. അതിന്റെ ഉള്ളടക്കം ഇങ്ങനെയായിരുന്നു. തരം താണ വാഗ്വാദങ്ങളും അനാവശ്യ വഴക്കുകളും ഒഴിവാക്കുകയും തങ്ങളുടെ ഈമാനെക്കുറിച്ചുള്ള വാദം സത്യസന്ധമാണെന്ന് തെളിയിക്കാൻ സൽക്കർമ്മങ്ങൾ അനുഷ്ഠിക്കേണ്ടതുമാണ്. ജമാഅത്തിന്റെ സാമ്പത്തിക ആവശ്യങ്ങൾക്കായി ത്യാഗം ചെയ്യുവിൻ. ഭൗതികാസക്തി കുറയ്ക്കുകയും അനുചിതമായ രീതിയിൽ പൈസ കരസ്ഥമാക്കുന്നത് തീയാണെന്നും അറിഞ്ഞ് കൊൾവിൻ.

**ഒക്ടോബർ 9:** ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) അസുഖങ്ങൾ മാറിയതിന് ശേഷം മസ്ജിദ് അഖ്സയിൽ ദർസുൽ ഖുർആൻ വീണ്ടും ആരംഭിച്ചു.

**ഒക്ടോബർ 20:** സിംലാ ജമാഅത്തിന്റെ വാർഷിക സമ്മേളനത്തെക്കുറിച്ച് ഇറങ്ങിയ ബദറിൽ മൗലവി ഗലാം റസൂൽ സാഹിബ് രാജകീ, മൗലവി മുഹമ്മദലി സാഹിബ് തുടങ്ങിയവർ പ്രസംഗിച്ച വാർത്ത പ്രസിദ്ധീകരിച്ചു.

# Love For All Hatred For None

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് പറയുന്നു. നിങ്ങൾ പ്രോഗ്രാമുണ്ടാക്കുമ്പോൾ അതിൽ അനുഗ്രഹം ചൊരിയപ്പെടുകയോ അനുഗ്രഹമില്ലാതാവുകയോ ചെയ്യും. ദുആ ചെയ്തു കൊണ്ടാണെങ്കിൽ അത് അനുഗ്രഹീതമായിരിക്കും. ദുആ ചെയ്താൽ നിങ്ങളുടെ വായിൽ നിന്നു വരുന്ന ഓരോ വാചകവും ലോകത്ത് അതിമഹത്തായ വിപ്ലവത്തിന് കാരണമാകും.

ഒരു ഉദാഹരണം പറയാം , ഞാൻ തികച്ചും ദുർബലനായ ഒരു വ്യക്തിയാണ്. അല്ലാഹു ഏറെ അനുഗ്രഹം ചൊരിയുന്നവനാണ്. കഴിഞ്ഞ വർഷം പര്യടന വേളയിൽ അവൻ എന്റെ വായിൽ നിന്ന് ഒരു വാചകം പുറപ്പെടുവിച്ചു. Love For All Hatred For None, എല്ലാവരെയും സ്നേഹിക്കുക ആരെയും വെറുക്കരുത്. ഇത് എത്രമാത്രം പ്രഭാവം ചെലുത്തുന്നുവെന്നാൽ ഏതാനും മാസങ്ങൾക്ക് മുമ്പ് ഹോളണ്ടിൽ നമ്മുടെ ജൽസ നടന്നപ്പോൾ ഹേഗിലെ നമ്മുടെ പള്ളിയിൽ അവിടെയുള്ള മേയറെ ക്ഷണിച്ചിരുന്നു. അദ്ദേഹം പങ്കെടുക്കുകയും ചെയ്തു. മേയർക്ക് ഈ രാഷ്ട്രങ്ങളിൽ വലിയ സ്ഥാനമാണുള്ളത്. ഇദ്ദേഹം തന്റെ പ്രഭാഷണത്തിൽ പറഞ്ഞു. ഞാൻ അഹ്മദികളോട് അപേക്ഷിക്കുകയാണ്, അവർ തങ്ങളുടെ ഇമാമിന്റെ മുദ്രാവാക്യം Love For All Hatred For None ഹോളണ്ടിലെ ഓരോ ഭവനത്തിലും എത്തിക്കണം.നമുക്ക് ഇന്ന് അതിന്റെ ആവശ്യമുണ്ട്. ഒരു വാചകം വിപ്ലവത്തിന് കാരണമാകാറുണ്ട്. ഒരു മണിക്കൂർ നീണ്ട പ്രസംഗം ഒരു പക്ഷേ ഉണങ്ങിയ പുല്ലുകൾ പോലെ കയ്യിൽ നിന്ന് ഭൂമിയിൽ വീണു പോകും.

*(ഖുതുബ 18.9.1981)*




ഹദ്റത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)



# സ്വീകാര്യതയുടെ രഹസ്യം

നിങ്ങൾ നന്മകളിൽ സജീവമായി മുഴുകുകയാണെങ്കിൽ ജനങ്ങളിൽ അതിന്റെ സ്വാധീനവും ഉണ്ടായിരിക്കുന്നതാണ്. സൂര്യൻ കിഴക്കിന് പകരം പടിഞ്ഞാറുദിക്കാം പടിഞ്ഞാറിന് പകരം കിഴക്കസ്തമിക്കാം എന്നാൽ ഒരു നന്മ ആരംഭിച്ചുകഴിഞ്ഞാൽ അത് പാഴായിപ്പോകാറില്ല. നിങ്ങൾ നന്മ ചെയ്യുകയും അല്ലാഹു നിങ്ങളെ സ്വീകരിക്കാതിരിക്കുകയും ചെയ്യുക എന്നതും അസംഭവ്യമാണ്. തിരുനബി(സ) പറയുന്നു, ഒരു വ്യക്തി അല്ലാഹുവിന്റെ പക്കൽ സ്വീകാര്യനാകുമ്പോൾ അവൻ തന്നെ മലക്കുകൾക്ക് വിവരം നൽകിക്കൊണ്ട് പറയും, ഇന്ന ദാസൻ എന്റെ ദൃഷ്ടിയിൽ സ്വീകാര്യനാണ്. പിന്നെ അവർ അടുത്ത മലക്കുകൾക്ക് ഈ സന്ദേശം നൽകുന്നു. അവർ തൊട്ടടുത്ത മലക്കുകളോട് പറയും ഫയൂസഉ ലഹുൽ ഖബൂലു ഫിൽ അർള്. അങ്ങനെ ലോകത്തുള്ള ജനങ്ങളുടെ ഹൃദയങ്ങളിൽ അയാൾക്ക് സ്വീകാര്യത ലഭിക്കുന്നു. എന്നാൽ ആ സ്വീകാര്യതയുടെ അളവുകോൽ നിങ്ങളുടെ ഹൃദയത്തിന്റെ ആത്മാർത്ഥതയാണ്. നിങ്ങളുടെ ഹൃദയത്തിന്റെ ആത്മാർഥത എത്ര കണ്ട് വർദ്ധിക്കുന്നുവോ അത്ര കണ്ട് സ്വീകാര്യതയും വർദ്ധിക്കുന്നു. നിങ്ങളുടെ ഹൃദയത്തിന്റെ ആത്മാർഥത കുറയുന്നതിനനുസരിച്ച് സ്വീകാര്യതയും കുറയുന്നു. അതുകൊണ്ട് ഞാൻ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായിലെ അംഗങ്ങൾക്ക് നൽകുന്ന ഉപദേശം, അവർ അല്ലാഹുവിൽ ഭരമേൽപ്പിച്ചുകൊണ്ട് പ്രവർത്തിക്കുന്ന യുവാക്കളെ മാത്രമെ തങ്ങളിൽ ഉൾപ്പെടുത്തുകയുള്ളൂവെന്നും, അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിനായി എല്ലാവരെയും ഉൾപ്പെടുത്തുകയില്ല എന്നുമുള്ള നിയ്യത്തോടു കൂടി പ്രവർത്തിക്കണം. അതു പോലെ ലബ്ധപ്രതിഷ്ഠരായ പ്രാസംഗികരെയും എഴുത്തുകാരെയും ആരംഭത്തിൽ തങ്ങളിൽ ഉൾപ്പെടുത്താതിരിക്കുക. മേൽനോട്ടത്തിനായി വല്ലപ്പോഴും അവരിൽ നിന്നായി അഭിപ്രായം ആരാഞ്ഞ്കൊള്ളുക. എന്നാൽ അവരെ തങ്ങളിൽ ഉൾപ്പെടുത്തരുത്. പ്രവർത്തനങ്ങളിൽ അവർ സ്വാധീനം ചെലുത്താതിരിക്കുന്നതിനും അവരുടെ ബുദ്ധിക്ക് മുന്നിൽ തങ്ങളുടെ ബുദ്ധി അതിജയിക്കുന്നതിനും വേണ്ടിയാണിത്. ഒരു വലിയ വൃക്ഷച്ചുവട്ടിൽ ഒരു ചെറിയ ചെടി നടുകയാണെങ്കിൽ ഏതാനും ദിവസങ്ങൾക്കുള്ളിൽ തന്നെ അത് ഉണങ്ങിപ്പോകുന്നതായി നിങ്ങൾ കണ്ടിട്ടില്ലേ?..... ഏതെങ്കിലും ജൽസയോ ചായസൽക്കാരമോ ക്ഷണമോ ഉണ്ടാകുമ്പോൾ എന്നെ നിർബന്ധമായും അതിൽ ഉൾപ്പെടുത്തുന്നു.അതുകൊണ്ട് അവർക്ക് സ്വയം എഴുന്നേറ്റ് പ്രവർത്തിക്കാനുള്ള സാഹചര്യം ലഭ്യമാകുന്നില്ല. അതൊരു നഷ്ടമാണ്. റസൂൽ തിരുമേനി (സ)യുടെ കാലഘട്ടത്തിൽ വളരെ കുറച്ച് മാത്രമേ ഇത്തരത്തിലുള്ള രീതി കാണാൻ സാധിക്കുന്നുള്ളൂ. സഹാബാക്കൾ റസൂൽ തിരുമേനി(സ)യെ ക്ഷണിക്കാറുണ്ടായിരുന്നു, പക്ഷെ സാഹചര്യമനുസരിച്ച്. ഇവിടെയാണെങ്കിൽ ഖലീഫത്തുൽ മസീഹ് തന്നെ ജനാസ നമസ്ക്കരിപ്പിക്കണം, നിക്കാഹും ഖലീഫത്തുൽ മസീഹ് നിർവ്വഹിക്കണം, ഏതെങ്കിലും ക്ഷണമുണ്ടെങ്കിൽ അതിലും ഖലീഫത്തുൽ മസീഹ് നിർബന്ധമായും പങ്കെടുക്കണം, വലീമയുണ്ടെങ്കിൽ അതിലും നിർബന്ധമായും എത്തിയിരിക്കണം.....


ചുരുക്കത്തിൽ ഖലീഫയിൽ നിന്ന് എന്തൊക്കെ കാര്യങ്ങളാണ് ഇവർ പ്രതീക്ഷിക്കുന്നത്! ഇതിലെല്ലാം പങ്കെടുത്തതിന് ശേഷം ദീനിന്റെ ഉന്നമനത്തിനും അതിന്റെ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാകുന്നതിനും വേണ്ടി സമയമൊന്നും ബാക്കിയുണ്ടാകില്ല...... വിശ്വാസികളെ സംബോധന ചെയ്ത് കൊണ്ട് അല്ലാഹു ഖുർആനിൽ പറയുന്നത്, ലാ തസ്അലൂ അൻ അശിയാഇ ഇൻ തുബ്ദലക്കും തസൂക്കും എന്നാണ്. അതായത്, അല്ലയോ വിശ്വാസികളെ നിങ്ങൾ അധിക കാര്യങ്ങളെ സംബന്ധിച്ച് ചോദിക്കരുത്. കാരണം അല്ലാഹു ആ കാര്യങ്ങളെക്കുറിച്ച് പരാമർശിക്കുകയാണെങ്കിൽ നിങ്ങൾക്ക് ദുഃഖമുണ്ടാകും. ദുഃഖം എന്തുകൊണ്ടുണ്ടാകുന്നു എന്നതാണ് ചോദ്യം. അല്ലാഹുവിന്റെ കൽപനകൾ ദുഃഖദായകമാണോ.?

അല്ലാഹുവിന്റെ എല്ലാ കൽപനകളും മനുഷ്യർക്ക് അനുഗ്രഹത്തിന് കാരണമാകുന്നു. അപ്പോൾ, അല്ലാഹു അത് വെളിപ്പെടുത്തുകയാണെങ്കിൽ നിങ്ങൾ ദുഃഖിതരാകും എന്നതിന്റെ വിവക്ഷയെന്താണ്.? അജ്ഞത മൂലം ചിലർ പറയുന്നത്, നിങ്ങൾ വീണ്ടും വീണ്ടും ചോദിക്കുകയാണെങ്കിൽ അല്ലാഹു ദേഷ്യപ്പെട്ടുകൊണ്ട് നിങ്ങൾക്കേതെങ്കിലും കഠിനമായ കൽപന നൽകുമെന്നാണ്. എന്താണ് ഇതിന്റെ അർഥം. ഉദാഹരണമായി രണ്ടാണോ അഞ്ചാണോ നമസ്ക്കരിക്കേണ്ടത് എന്ന് ചോദിക്കുമ്പോൾ അല്ലാഹു പറയും, ആഹാ നീ ഇങ്ങനെ ചോദിച്ചോ ഞാൻ നിനക്ക് ശിക്ഷയെന്നോണംആറെണ്ണം നമസ്ക്കരിക്കാൻ കൽപ്പിക്കുന്നു, എന്നാൽ ഈ ചിന്താഗതി വിഢ്ഢിത്തമാകുന്നു. ഏതാനും ചോദ്യങ്ങളിൽ മുഷിയുകയും,നഊദുബില്ലാ, പരിഭ്രമിച്ച് കൊണ്ട് കഠിനമായ കൽപനകൾ നൽകുകയും ചെയ്യുന്ന അസ്ഥിത്വമല്ല അല്ലാഹു.

*( മശ്അലെ റാഹ് വാല്യം ഒന്ന് )*

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*

# ഖാദിമിന് വേണ്ട പന്ത്രണ്ട് ഗുണങ്ങൾ



ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) 1970 ഒക്ടോബർ 16 ന് മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ പാക്കിസ്ഥാന്റെ വാർഷിക ഇജ്ത്തിമ ഉൽഘാടനം ചെയ്ത് കൊണ്ട് മസീഹ് മൗഊദ്(അ)ന്റെ ഒരു ഉദ്ധരണിയിൽ നിന്ന് ഒരു ഖാദിമിനുണ്ടായിരിക്കേണ്ട പന്ത്രണ്ട് ഗുണങ്ങൾ എടുത്ത് പറയുന്നു.

**1.സൽസ്വഭാവം, 2.സഹിഷ്ണുത, 3.കുലീനത - ഔദാര്യം, 4.ചാരിത്ര്യശുദ്ധി, 5.ആതിഥ്യം, 6.നമ്രത, 7.വിനയം, 8.സഹാനുഭൂതി, 9.ഹൃദയശുദ്ധി, 10.ഹലാൽ ഭക്ഷണം, 11.സത്യസന്ധമായ സംസാരം, 12.നിഷിദ്ധ കാര്യങ്ങളിൽ നിന്ന് ഒഴിഞ്ഞ് നിൽക്കൽ** *(കിതാബുൽ ബരിയ്യ)*





**അൽഹഖ്**
വാർത്താപത്രിക

2011 ഒക്ടോബർ
പുസ്തകം 19 ലക്കം 8

# മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ

ജീവിതത്തിൽ ഏറ്റവും ഊർജ്ജസ്വലമായ ഘട്ടമാണ് യുവത്വം. എന്തും നേരിടാനും, ചെയ്യാനും ഒക്കെ മനസ് സദാ സന്നദ്ധമായി നിൽക്കുന്ന കാലം. ഒരുവേള ഈ കാലം തന്നെയാണ് ജീവിതത്തിന്റെ ദിശാബോധം നിർണയിക്കുന്നതും. ഉത്തരവാദിത്വങ്ങളിലേക്ക് കടന്നുകയറുന്ന നിർണായക സന്ധികൂടിയാണ് ഈ സന്ദർഭം. അതുകൊണ്ട് തന്നെ ഈ കാലഘട്ടത്തിൽ എടുക്കുന്ന തീരുമാനങ്ങൾ, നമ്മുടെ ആത്മീയ ഭൗതിക ജീവിതത്തിൽ പരമപ്രധാനമാണ്.

ഇക്കാര്യങ്ങൾ കൃത്യമായി വ്യവഛേദിച്ച് മനസിലാക്കിയ വാഗ്ദത്ത പരിഷ്കർത്താവായിരുന്നു ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി(റ). യുവതയുടെ പരിഷ്കരണത്തിലൂടെ മാത്രമേ സമൂഹത്തിന്റെ ആത്മീയവും ഭൗതികവുമായ പരിഷ്കരണം സാധ്യമാവൂ എന്ന് അദ്ദേഹം ഉറക്കെ പ്രഖ്യാപിക്കുകയും അങ്ങിനെ യുവതയുടെ ധാർമിക നിലവാരം ഉയർത്തുന്നതിനും ലബ്ദമായ ആത്മീയശിക്ഷണം ചോർന്നു പോകാതെ സംരക്ഷിക്കുന്നതിനും വേണ്ടി മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ രൂപവൽക്കരിക്കുകയും ചെയ്തു. അദ്ദേഹം യുവത്വ കാലഘട്ടത്തെ 16 വയസു മുതൽ 40 വയസുവരെയായി നിജപ്പെടുത്തി.

ശൈശവത്തിൽ ലബ്ദമായ ശിക്ഷണങ്ങൾ ഇക്കാലഘട്ടത്തിൽ ഏറ്റവും ഉന്നതമായ നിലയിൽ പ്രയോഗവൽക്കരിക്കാനും, അങ്ങിനെ നേതൃത്വപരമായ പങ്ക് വഹിക്കാനും ഖലീഫ സാനി വഴിയൊരുക്കി. പ്രവാചകന്മാർ വിശിഷ്യ ഖാത്തമുൽ അമ്പിയാ ഹദ്റത് മുഹമ്മദ് മുസ്തഫാ(സ) പ്രവാചകത്വത്തിന് തെളിവായി ഉദ്ധരിച്ചത് 40 വയസുവരെയുള്ള തന്റെ നിഷ്കളങ്കമായ ജീവിതമായിരുന്നു. എതിരാളികൾപോലും നമ്രശിരസ്കരായി വാനോളം പുകഴ്ത്താൻ നിർബന്ധിതമായ 40 വർഷങ്ങൾ!

ഫാർസിയിൽ ഒരു ആപ്തവാക്യമുണ്ട് 'ദർ ജവാനീ തൗബ കർദൻ ശേവയേ പൈഗംബരീ' യുവത്വകാലഘട്ടത്തിലെ പശ്ചാത്താപം പ്രവാചകചര്യയാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) നമുക്ക് കാണിച്ചുതന്ന മാർഗം അതാണ്.

ചോരത്തിളപ്പിന്റെ ആവേശത്തിൽ അറിഞ്ഞും അറിയാതേയും തെറ്റിലേക്ക് വീഴാതിരിക്കാനുള്ള കൃത്യമായ മാർഗരേഖ. ഹുസൂർ(റ) ഒരിക്കൽ പറഞ്ഞു മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ, അഹ്മദിയ്യാ സന്ദേശമാകുന്ന ആത്മീയ പീയൂഷം മറ്റുള്ളവരിലേക്ക് പകരാനുള്ള ചഷകങ്ങളാണ്.

എത്ര അർഥവത്തായ ഉദാഹരണം! എത്ര മാധുര്യമുള്ള, സ്വാദേറിയ പാനീയമാണെങ്കിലും അത് പകർന്നുകൊടുക്കുന്ന പാത്രം, ഗ്ലാസ് വൃത്തിയുള്ളതായിരിക്കണം. അകം മാത്രമല്ല പുറവും വൃത്തിയുണ്ടായിരിക്കണം. അല്ലെങ്കിൽ അത് പാനം ചെയ്യാൻ ആളുകൾ വൈമുഖ്യം കാണിക്കും. മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ അകവും പുറവും പരിശുദ്ധമായ ചഷകമാകുമ്പോൾ മാത്രമേ, അഹ്മദിയ്യാ സന്ദേശ പ്രചാരണം ഫലവത്താവുകയുള്ളൂ.ഇക്കാര്യത്തിൽ നമുക്ക് നമ്മെ കാത്തുസൂക്ഷിക്കാൻ കഴിഞ്ഞാൽ നമ്മുടെ യൗവ്വനം സാർഥകമാകും. അത് നമ്മുടെ മുന്നോട്ടുള്ള പ്രയാണത്തെ ധന്യമാക്കും.

## യുഗനാദം

ഹദ്റത് അഹ്മദ്(അ)

# പരിശുദ്ധി കരസ്ഥമാക്കാനുള്ള കാലം

ഊർജ്ജസ്വലതയുടേയും യുവത്വത്തിന്റെയും കാലത്തിനെ ദോഷപ്രവണമായ ആത്മാവ് തികച്ചും തള്ളിക്കളയുമെന്നതിൽ ഒരു സംശയവുമില്ല. എന്തെങ്കിലും ചെയ്യാൻ പറ്റുന്ന കാലമുണ്ടെങ്കിൽ അത് ഇക്കാലം തന്നെയാണ്.
ഹദ്റത്ത് യൂസുഫ് (അ) പറഞ്ഞതായി ഖുർആൻ രേഖപ്പെടുത്തുന്നു.


وَمَآ اُبَرِّئُ نَفۡسِىۡ‌ ۚ اِنَّ النَّفۡسَ لَاَمَّارَةٌ ۢ بِالسُّوۡٓءِ اِلَّا مَا رَحِمَ رَبِّىۡ‌ ؕ (12:54)

അതായത് ഞാൻ എന്റെ ആത്മാവിനെ നിർദ്ദോഷിയെന്ന് പറയുന്നില്ല കാരണം ദോഷപ്രവണമായ ആത്മാവ് തിന്മയിലേക്ക് പ്രേരണ നൽകുന്നു.. എന്റെ നാഥൻ കരുണ ചെയ്തവർ മാത്രമേ ഇത്തരം പ്രേരണകളിൽ നിന്നും പരിശുദ്ധരാവുകയുള്ളൂ. ഇതിൽ നിന്ന് മനസ്സിലാകുന്നത് ഈ കാലഘട്ടത്തിലെ തിന്മകളിൽ നിന്നും വികാരങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിന് പ്രയത്നം മാത്രം പോരാ. മറിച്ച് ദുആയും വളരെ അനിവാര്യമാണ്. അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവുമില്ലാതെ വെറും ഭൗതികമായ പരിത്യാഗം (അത് മനുഷ്യൻ തന്റെ അദ്ധ്വാനവും ശ്രമങ്ങളും കൊണ്ട് ചെയ്യുന്നതാണ്.) പ്രയോജനകരമല്ല. യഥാർത്ഥത്തിൽ ശരിയായ ഭക്തിയും പരിശുദ്ധിയും അല്ലാഹുവിൽ നിന്നാണ് കിട്ടുന്നത്. യഥാർത്ഥ പരിശുദ്ധിയും ഭക്തിയും ഇങ്ങിനെയാണ് കരസ്ഥമാവുകയും ചെയ്യുന്നത്. അപ്പോൾ ശുഭ വസ്ത്രങ്ങൾ, വെള്ളയായിരുന്നിട്ടും അതിൽ അഴുക്ക് പുരണ്ടിരുന്നുവെന്നത് ശരിയാണല്ലോ. ഇത് തന്നെയാണ് ഭൗതികമായ ഭക്തിയുടേയും പരിശുദ്ധിയുടേയും അവസ്ഥ.
യഥാർത്ഥ പരിശുദ്ധിയും തഖ് വയും കരസ്ഥമാക്കാൻ ഈ പ്രസരിപ്പുള്ള യുവത്വ കാലത്ത് മനുഷ്യൻപരിശ്രമിക്കേണ്ടതാണ്. ഈ സമയത്ത് കഴിവും ശക്തിയും ഹൃദയത്തിൽ പ്രതീക്ഷയും ആവേശവുമുണ്ട്.ഈ സമയത്ത് പരിശ്രമിക്കുന്നത് ബുദ്ധിയുള്ള കാര്യമാണ്. അതിന് വേണ്ടിയാണ് അല്ലാഹു ബുദ്ധി തന്നിട്ടുള്ളതും.

*(മൽഫൂസാത്ത് ഭാഗം 7 പേജ് 258-259)*

# ഖിദ്മത്തിനുള്ള കാലം

ഇപ്പോൾ സമയം വളരെ കുറവാണ്. ഞാൻ കുറേ കൂടി ഉപദേശിക്കുകയാണ്. 18,19 വയസ്സുള്ള യുവാക്കൾ ഒരു പാട് സമയം ഇനിയുമുണ്ടെന്ന് പ്രതീക്ഷിച്ച് കഴിയരുത്. ആരോഗ്യവാൻ തന്റെ ആരോഗ്യത്തിൽ അഹങ്കരിക്കേണ്ടതില്ല. അതുപോലെ തന്നെ നല്ല അവസ്ഥയിലുള്ള മറ്റേതെങ്കിലും വ്യക്തി തന്റെ ബഹുമാന്യതയിൽ പ്രതീക്ഷ അർപ്പിക്കേണ്ടതുമില്ല. കാലഘട്ടം വിപ്ലവാത്മകമാണ്. ഇത് അവസാന കാലമാണ്. അല്ലാഹു സത്യവാനേയും കളവായവനേയും പരീക്ഷിക്കാനാഗ്രഹിക്കുന്നു. ഈ കാലഘട്ടം സത്യസന്ധതയും കൂറും പ്രകടിപ്പിക്കാനുള്ളതാണ്. ഇത് അവസാന അവസരം നൽകിയിരിക്കുകയാണ്. ഈ സമയം പിന്നീട് കൈവരുന്നതല്ല. ഈ കാലത്താണ് എല്ലാ പ്രവാചകന്മാരുടേയും പ്രവചനങ്ങൾ ഒന്ന് ചേർന്ന് അവസാനിക്കുന്നത്. ആയതിനാൽ ഇത് സത്യസന്ധതയുടേയും ഖിദ്മത്തിനുമുള്ള മനുഷ്യകുലത്തിന് നൽകപ്പെട്ട അവസാന സന്ദർഭമാകുന്നു. ഇതിന് ശേഷം ഒരവസരവും കിട്ടുന്നതല്ല. ഈ സന്ദർഭം നഷ്ടപ്പെടുത്തുന്നവൻ ഏറെ നിർഭാഗ്യവാനാകുന്നു. *(മൽഫൂസാത്ത് ഭാഗം 6 പേജ് 263)*



**സീറത്തുന്നബി(സ)**
**– ഹ. മിർസാ ബശീർ അഹ്മദ് MA ( റ )**

## അബൂത്വാലിബിന്റെ സംരക്ഷണം

അബൂത്വാലിബ് തന്റെ പിതാവിന്റെ വസിയ്യത്ത് പ്രകാരം വളരെ വിശ്വസ്തതയോടെയും നല്ല രീതിയിലും പ്രവർത്തിക്കുകയും തന്റെ മക്കളെക്കാളുമധികം നബി(സ) യെ സ്നേഹിക്കുകയും ചെയ്തു. എല്ലാ സമയത്തും തന്റെ കൺവെട്ടത്ത് തന്നെ നബി(സ)നെ നിർത്തുമായിരുന്നു. രാത്രിയും പൊതുവെ തന്റെയടുത്ത് തന്നെ ഉറക്കുമായിരുന്നു.

## സിറിയയിലേക്ക് യാത്ര

നബി(സ)ക്ക് 12 വയസ്സുള്ളപ്പോൾ അബൂത്വാലിബിന് സിറിയയിലേക്ക് യാത്ര ചെയ്യേണ്ടി വന്നു. യാത്ര നീണ്ടതും പ്രയാസമുള്ളതുമായിരുന്നു. അതുകൊണ്ട് തന്നെ നബി(സ) നെ മക്കയിൽ തന്നെ നിറുത്തണമെന്നാണ് അദ്ദേഹം കരുതിയത്. പക്ഷെ നബി(സ) ന് അബൂത്വാലിബിൽ നിന്ന് വിട്ട് നിൽക്കുന്നത് പ്രയാസകരമായിരുന്നു. യാത്രാസമയമെത്തിയപ്പോൾ നബി(സ) സ്നേഹാധിക്യം കൊണ്ട് അബൂത്വാലിബിനെ ചുറ്റിപ്പിടിച്ച് കരയാൻ തുടങ്ങി. ഇത് കണ്ട് അബൂത്വാലിബിന് സഹിക്കാൻ കഴിയുമായിരുന്നില്ല. അങ്ങനെ നബി(സ)യെയും യാത്രയിൽ കൂടെ കൊണ്ടുപോയി.

സിറിയയുടെ തെക്ക് ഭാഗത്ത് ബുസ്റാ എന്ന സുപ്രസിദ്ധ സ്ഥലമുണ്ട്. അവിടെ എത്തിയപ്പോൾ ഒരൽഭുത സംഭവമുണ്ടായി. അവിടെ ബഹീറാ എന്ന് പേരുള്ള ക്രിസ്ത്യൻ പുരോഹിതൻ താമസിച്ചിരുന്നു. ഈ സംഘം അദ്ദേഹത്തിന്റെ വീടിന്റെ അടുത്തെത്തിയപ്പോൾ അദ്ദേഹം കാണുന്നത്, മരങ്ങളും കല്ലുകളുമൊക്കെ സാഷ്ടാംഗം പ്രണമിക്കുന്നതാണ്. ദൈവിക വചനങ്ങളനുസരിച്ച് ഒരു നബി വെളിപ്പെടാനുണ്ടെന്നും അദ്ദേഹം ഈ സംഘത്തിലുണ്ടെന്നും പുരോഹിതന് ബോധ്യമായി .അങ്ങനെ അദ്ദേഹം തന്റെ ഉൾക്കാഴ്ച കൊണ്ട് നബി (സ) നെ തിരിച്ചറിഞ്ഞു. അതേക്കുറിച്ച് അബൂത്വാലിബിനെ അറിയിക്കുകയും ഗ്രന്ഥാനുസാരികളുടെ ഉപദ്രവത്തിൽനിന്ന് തിരുനബിയെ സംരക്ഷിക്കണമെന്ന് ഉപദേശിക്കുകയും ചെയ്തു.

നിവേദന ശാസ്ത്ര പ്രകാരം ഈ സംഭവത്തിന്റെ സാക്ഷ്യം വളരെ ദുർബലമാണ്. അങ്ങിനെ ഒരു സംഭവം ഉണ്ടായിട്ടുണ്ടെങ്കിൽ അതിൽ ആശ്ചര്യപ്പെടാനൊന്നും തന്നെയില്ല.

മരങ്ങളും മറ്റും സജദ ചെയ്തതായിക്കണ്ടത് കശ്ഫ് (ജാഗ്രതാ ദർശനം) ആയിരിക്കണം.അതാകട്ടെ നബി (സ) യുടെ സ്ഥാനത്തെ വെച്ച് നോക്കുമ്പോൾ അനിതരസാധാരണമൊന്നുമല്ല.

## ആടുമേയ്ക്കൽ

നബി(സ) സിറിയയിൽ നിന്നും തിരിച്ച് വന്നപ്പോൾ പതിവു പോലെ അബൂത്വാലിബിന്റെ അടുത്തു തന്നെയാണ് താമസിച്ചിരുന്നത്. അറേബ്യയിലെ കുട്ടികൾ പൊതുവിൽ നാൽക്കാലികളെ മേച്ചിരുന്നു. അങ്ങനെ നബി(സ) വും ഇടക്കിടെ ആടുകളെ മേയ്ക്കാൻ പോയിരുന്നു. നബി (സ) ന് നുബുവ്വത്ത് കിട്ടിയ ശേഷം പറയുമായിരുന്നു, ആടുമേയ്ക്കുന്നതും പ്രവാചകന്മാരുടെ ചര്യയാണ്. ഞാനും ആട് മേച്ചിരുന്നു. ഒരിക്കൽ ഒരു യാത്രയിൽ സഹാബാക്കൾ വനത്തിൽ (പീലു) വൃക്ഷത്തിന്റെ ഫലങ്ങൾ ഭക്ഷിക്കാൻ ശേഖരിക്കുകയായിരുന്നു. നബി (സ) പറഞ്ഞു, കറുത്ത ഫലങ്ങൾ തിരഞ്ഞെടുത്ത് ഭക്ഷിച്ച് കൊള്ളുക . ഞാൻ ആട് മേച്ചിരുന്ന കാലത്തുള്ള അനുഭവം കറുത്ത നിറമുള്ള ഫലം കൂടുതൽ നന്നായിരിക്കുമെന്നതാണ്.

*(സീറത്ത് ഖാത്തമുന്നബിയ്യീൻ)*
*സമ്പാ : എ.എസ്*



**സീറത്തുൽ മഹ്ദി**

# തൂലിക

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു:- ഹദ്റത്ത് മസീഹ് മൗഊദ് (അ) അവസാന കാലങ്ങളിൽ ചെരിഞ്ഞ നിബ്ബ് കൊണ്ടാണ് എഴുതിയിരുന്നത്. വരയിടാത്ത കടലാസാണ് ഉപയോഗിച്ചിരുന്നത്. കടലാസിന്റെ ഇരുവശവും മടക്കി മാർജിൻ ഇട്ടിരുന്നു. കറുത്ത മഷിയും,ബ്ലൂബ്ലാക്ക് മഷിയുമാണ് ഉപയോഗിച്ചിരുന്നത്. മണ്ണിന്റെ വറളിയിൽ മഷിക്കുപ്പി വെച്ചിരുന്നു. മഷിക്കുപ്പി വീഴാതിരിക്കാനാണ് ഇങ്ങനെ ചെയ്തിരുന്നത്. സാധാരണ ഗതിയിൽ ഉലാത്തുകയും കൂടെകൂടെ എഴുതുകയും ചെയ്തിരുന്നു. ഏതെങ്കിലും ഒരു ഭാഗത്ത് മഷിക്കുപ്പി വെച്ച് അതിന്റെയടുത്തെത്തുമ്പോൾ നിബ്ബ് അതിൽ മുക്കലായിരുന്നു പതിവ്. എഴുതുന്നതോടൊപ്പം കൂടെ കൂടെ വായിക്കുകയും ചെയ്തിരുന്നു. സാധാരണഗതിയിൽ സ്വയം വായിക്കുമ്പോൾ ഹുസൂർ(അ) ന്റെ ചുണ്ടുകളിൽ നിന്ന് ഒരു തരം മൂളുന്ന ശബ്ദം വന്നിരുന്നു. കേൾക്കുന്നവർക്ക് അത് കൃത്യമായി മനസ്സിലാകുമായിരുന്നില്ല. മിർസാ സുൽതാൻ അഹ്മദ് സാഹിബിന്റെ വായനയും ഹുസൂർ (അ)ന്റെ വായനാരീതിയുമായി ഏറെ സാമ്യമുണ്ടായിരുന്നു. എഴുത്ത് ഉരുണ്ടതായിരുന്നെങ്കിലും ഉടഞ്ഞ അക്ഷരങ്ങളായിരുന്നു. ശീലമില്ലാത്തവർക്ക് അത് വായിക്കാൻ കഴിഞ്ഞിരുന്നില്ല. എഴുതിയത് വെട്ടി മാറ്റി എഴുതാറുണ്ടായിരുന്നു. അതുകൊണ്ട് തന്നെ ഹുസൂർ (അ) ന്റെ ലിഖിതങ്ങളിൽ പല സ്ഥലത്തും വെട്ടിയ ഭാഗങ്ങൾ കാണാൻ കഴിയും. വളരെ നേർത്ത അക്ഷരങ്ങളായിരുന്നു.

# ഖസ്ർ നമസ്ക്കാരം

ഹദ്റത്ത് ഖാളി അമീർ ഹുസൈൻ സാഹിബ് നിവേദനം ചെയ്യുന്നു. ഖസ്ർ സാധാരണ ഗതിയിൽ അനുവദനീയമല്ലെന്നും യുദ്ധാവസരങ്ങളിൽ മാത്രമേ ചെയ്യാവൂ എന്നുമായിരുന്നു ആദ്യകാലത്ത് ഞാൻ ധരിച്ചിരുന്നത്. ഇത് സംബന്ധിച്ച് ഞാൻ മൗലവി നൂറുദ്ദീൻ സാഹിബുമായി തർക്കിക്കുമായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു കേസ് സംബന്ധമായി ഗുർദാസ്പൂരിൽ താമസിക്കുകയായിരുന്നു.ഒരു ദിവസം ഞാനും അവിടെ പോയി. അവിടെ മൗലവി നൂറുദ്ദീൻ സാഹിബും മൗലവി അബ്ദുൽകരീം സാഹിബും ഉണ്ടായിരുന്നുവെങ്കിലും ളുഹർ നമസ്ക്കാരസമയത്ത് ഹുസൂർ (അ) പറഞ്ഞു, ഖാസി സാഹിബ് നമസ്ക്കരിപ്പിക്കട്ടെ. ഇപ്പോൾ അവസരം കിട്ടിയിരിക്കുകയാണ്, അതുകൊണ്ട് ഖസ്ർ ചെയ്യുന്നതാണെന്നും അങ്ങനെ ഇക്കാര്യത്തിൽ ഒരു കാര്യത്തിൽ ഒരു തീർപ്പാകട്ടെ എന്നും ഞാൻ കരുതി. ഹുസൂർ (അ) എന്റെ പിന്നിൽ വലത് ഭാഗത്താണ് നിന്നിരുന്നത്. അദ്ദേഹം ഉടൻ തന്നെ മുന്നോട്ട് വന്ന് എന്റെ കാതിൽ പറഞ്ഞു, ഖാസി സാഹിബ് രണ്ട് റകഅത്തല്ലേ നമസ്ക്കരിപ്പിക്കൂ.! ഞാൻ പറഞ്ഞു അതെ.

വീക്ഷണവിശേഷം

ഒബ്സർവർ

# സന്താന നിയന്ത്രണത്തിന്റെ ആഗോള താൽപര്യങ്ങൾ

ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ കമ്മീഷൻ കേരള സർക്കാറിന് സമർപ്പിച്ച 2011ലെ സ്ത്രീ കോഡ് ബില്ലിന്റെയും 2011ലെ ബാലകോഡ് ബില്ലിന്റെയും നിയമങ്ങളുടെ പ്രാഥമിക നിർദ്ദേശങ്ങൾ സംസ്ഥാനത്തുടനീളം ചൂടുപിടിച്ച ചർച്ചകൾക്ക് കാരണമായിക്കഴിഞ്ഞിരിക്കുന്നു. കമ്മീഷൻ നിർദ്ദേശ പ്രകാരം രണ്ട് കുട്ടികൾ മാത്രമേ ദമ്പതിമാർക്ക് ഉണ്ടാകാവൂ. കൂടുതലായാൽ പതിനായിരം രൂപ പിഴയും മൂന്ന് മാസം തടവുമാണ് ശിക്ഷ. പദ്ധതിക്കെതിരെ മിണ്ടിയാൽ പോലും അത് കുറ്റകൃത്യമായി ഗണിക്കപ്പെടും.

അമേരിക്ക പോലുള്ള വൻകിട രാഷ്ട്രങ്ങളുടെ അജണ്ടയാണ് കുടുംബാസൂത്രണം. ലോകത്തിലെ വിഭവമെല്ലാം ദരിദ്ര നാടുകളിലെ ജനങ്ങൾ തിന്നുമുടിക്കുമെന്ന ഭീതിയാണത്രെ അതിന് പിന്നിലെ തത്വശാസ്ത്രം. അതേ സമയം ഇത്തരം രാഷ്ട്രങ്ങളിൽ ഒന്നും തന്നെ ഇങ്ങനെയുള്ള യാതൊരു നിയന്ത്രണങ്ങളുമില്ല. എന്തിനതികം ആവശ്യകത പോലും ചർച്ച ചെയ്യപ്പെടുന്നില്ല താനും.

പട്ടിണി ഭയന്നുകൊണ്ട് കുട്ടികളെ കൊല്ലരുതെന്ന് ഇസ്‌ലാം അനുശാസിക്കുന്നു. കാരണം മനുഷ്യനും മറ്റു ജീവജാലങ്ങൾക്കുമെല്ലാം ഭക്ഷണം നൽകുന്നവൻ അല്ലാഹുവാണെന്നും അവന്റെ അതിബൃഹത്തായ ഖജനാവിനെക്കുറിച്ച് ആശങ്കപ്പെടേണ്ടതില്ലെന്നുമാണ് ഇസ്‌ലാം പറയുന്നത്.

ബൗദ്ധിക പ്രത്യയ ശാസ്ത്രങ്ങളും സമ്പദ്ഘടനകളും നാൾക്കുനാൾ ലോകത്തിന്റെ പ്രശ്നങ്ങളിൽ നിന്ന് ഒളിച്ചോടാനാണ് ധ്യതിപ്പെടുന്നത്. പണ്ട് സ്വർഗ്ഗ രാജ്യമെന്ന് വിളിക്കപ്പെട്ടുന്ന സോവിയറ്റ് റഷ്യയിലുണ്ടായിരുന്ന ഏഷ്യൻ യൂറോപ്യൻ പ്രദേശങ്ങളിലെ സാമ്പത്തിക അന്തരങ്ങൾ കൊണ്ടുചെന്നത്തിച്ചത് സോവിയറ്റ് യൂണിയൻ എന്ന രാഷ്ട്രത്തിലെ ശിഥിലീകരണത്തിലാണല്ലോ. അത്കൊണ്ട് തന്നെ എല്ലാ വൻകിട രാഷ്ട്രങ്ങളും കുത്തകകളും തങ്ങളുടെ നിലനിൽപ്പിനു വേണ്ടി അശാസ്ത്രീയവും അധാർമ്മികവുമായ മാർഗ്ഗങ്ങൾ ദരിദ്ര ജനവിഭാഗങ്ങൾക്കു മേൽ അടിച്ചേൽപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു.

ഒരു ഭാഗത്ത് ദരിദ്ര രാഷ്ട്രങ്ങളുടെ പുരോഗതിക്ക് എന്നപേരിൽ മരുന്നുകളും ആയുധങ്ങളും യഥേഷ്ടം നിർമ്മിക്കുകയും അത് വാങ്ങാൻ അവർ തന്നെ വായ്പാ സൗകര്യങ്ങൾ ഒരുക്കികൊടുക്കുകയും ചെയ്യുന്നു. മാത്രമല്ല തങ്ങളുടെ ആവശ്യത്തിനനുസരിച്ച് അതിന്റെ പലിശയും നിർണ്ണയിക്കപ്പെടുന്നു.

രാഷ്ട്ര സുരക്ഷയും ആരോഗ്യ സുരക്ഷയും മുൻനിർത്തി മറ്റൊന്നിനെക്കുറിച്ചും ആലോചിക്കാതെ അതൊക്കെ വാങ്ങി കൂട്ടാനാണ് രാഷ്ട്രങ്ങൾ മത്സരിക്കുന്നത്.

കഴിഞ്ഞ വർഷം ഏറ്റവും കൂടുതൽ ആയുധങ്ങൾ വിറ്റത് അമേരിക്കയും വാങ്ങിയത് ഇന്ത്യയുമാണ്. യു.എസ് കോൺഗ്രസ്സ് സമിതിയുടെ 2010ലെ ആയുധ ഇടപാട് കണക്കുകളിലാണ് ഞെട്ടിപ്പിക്കുന്ന വിവരങ്ങൾ ഉള്ളത്. ഉപഭോക്താവിന്റെ തൊട്ടടുത്ത സ്ഥാനങ്ങൾ ഏഷ്യൻ രാഷ്ട്രങ്ങളായ തായ്‌വാനും സൗദി അറേബ്യയ്ക്കും പാക്കിസ്ഥാനുമാണുള്ളത്.

കഴിഞ്ഞ വർഷം 4040 കോടി ഡോളറിന്റെ ആയുധ വിൽപ്പന നടന്നപ്പോൾ അമേരിക്ക മാത്രം സമ്പാദിച്ചത് 2130 കോടിയാണ്. അതിൽ ഇന്ത്യയിലേക്ക് എത്തിയത് 580 കോടി ഡോളറിന്റെ ആയുധങ്ങൾ. കുറേക്കൂടി വ്യക്തമായി പറഞ്ഞാൽ 28500 കോടി രൂപ !

ഇത്തരം അവസ്ഥയിൽ ഇന്ത്യപോലുള്ള രാഷ്ട്രങ്ങളിൽ പട്ടിണിയും പരിവട്ടവുമുണ്ടാകുന്നത് സന്താനങ്ങളുടെ എണ്ണം വർദ്ധിക്കുന്നതുകൊണ്ടാണെന്നു പറഞ്ഞാൽ അത് എത്ര മാത്രം മൗഢ്യമാണ്.

പട്ടിണിയും ദാരിദ്ര്യവും കൊണ്ട് 26 ആഫ്രിക്കൻ രാഷ്ട്രങ്ങളിലെ ജനസംഖ്യയേക്കാൾ കൂടുതൽ ദരിദ്ര ജനങ്ങൾ ഇന്ത്യയിൽ വസിക്കുന്നു. ഐക്യരാഷ്ട്ര സഭയുടെ കീഴിലുള്ള ഫുഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഹങ്കർ ഇൻഡക്സ് (പട്ടിണിക്കാരുടെ പട്ടിക എന്ന് ഭാഷാന്തരം ചെയ്യാം) പ്രകാരം 88 രാഷ്ട്രങ്ങളിൽ ഇന്ത്യ 66-ാം സ്ഥാനത്താണ്. യു.എൻ. മാനവ വികസന സൂചികയിൽ 170 രാഷ്ട്രങ്ങളിൽ 146-ാം മത്തെ സ്ഥാനത്ത് ഇന്ത്യയാണ്.

ഇസ്‌ലാം സമാധാനപൂർണ്ണമായ ലോകഘടനയും ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം വിപാടനം ചെയ്യാനുള്ള സമ്പദ് വ്യവസ്ഥയും വിഭാവനം ചെയ്യുന്നു. സ്വത്ത് ഏതെങ്കിലും കൈകളിൽ ക്രയവിക്രയം ചെയ്യപ്പെടാതെ കുമിഞ്ഞു കൂടുന്നതും ഭൂമി തരിശിടുന്നതും ഇസ്‌ലാം വിരോധിക്കുന്നു. മാത്രമല്ല അതെല്ലാം ഫലപ്രദമായി സമൂഹത്തിൽ ഉപയോഗപ്പെടുത്താനുള്ള മാർഗ്ഗങ്ങളും നിർദ്ദേശിക്കുന്നുണ്ട്.


ഇസ്‌ലാമിക വിക്ഷണത്തിൽ സമ്പത്ത് സർവ്വ മനുഷ്യർക്കും അവകാശപ്പെട്ടതാണ്. അതിന്റെ ഉടമസ്ഥാവകാശം അല്ലാഹുവിനായതു കൊണ്ട് അതിന്റെ സ്വതന്ത്ര്യമായ ഉപയോഗത്തിൽ ചില നിയന്ത്രണങ്ങൾ ഉണ്ട്. ഇസ്‌ലാം സമർപ്പിക്കുന്ന സാമ്പത്തിക ക്രമത്തിന്റെ പൊതു മൂല്യങ്ങൾ തന്നെയാണ് മുൻകാല പ്രവാചകന്മാരും പറഞ്ഞു തന്നിട്ടുള്ളത്. അതായത് സമ്പത്തിന്റെ യഥാർത്ഥ ഉടമസ്ഥൻ അല്ലാഹുവാണ്. അതുകൊണ്ടു തന്നെ അതിന്റെ സമ്പാദനവും ചെലവഴിക്കലും ദൈവിക കൽപ്പനങ്ങൾക്ക് വിധേയമായിരിക്കണം.

സക്കാത്ത്, സദ്ഖ, പന്തുടർച്ചാവകാശം മുതലായ വഴികളിലൂടെ സമ്പത്ത് ഗുണപ്രദമായ രീതിയിൽ വിതരണം ചെയ്യപ്പെടുന്നതിനും ഇസ്‌ലാം മാർഗ്ഗരേഖകൾ നൽകുന്നുണ്ട്.

ചുരുക്കത്തിൽ സന്താന നിയന്ത്രണമല്ല മറിച്ച് പ്രകൃതി വിഭവങ്ങളെയും സാമ്പത്തിക കാര്യങ്ങളെയും ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിലുള്ള ഇസ്‌ലാമിക സംവിധാനത്തിനു മാത്രമേ പട്ടിണിയും പരിവട്ടവും മാറ്റാൻ കഴിയുകയുള്ളൂ എന്ന യാഥാർത്ഥ്യം തിരിച്ചറിയപ്പെടുന്ന കാലം അതിവിദൂരമല്ല.

# നേതൃത്വപരിശീലനം അനിവാര്യം

ഹദ്റത് മിർസാ താഹിർ അഹ്മദ് (റഹ്)



ഇസ്‌ലാം വെറും അനുയായികളെ സൃഷ്ടിക്കാൻ മാത്രമുള്ള മതമല്ല. നേതാക്കന്മാരെ വാർത്തെടുക്കാനുള്ള അദ്ധ്യാപനങ്ങളും അതിലുൾക്കൊള്ളുന്നു.

ഇസ്‌ലാമിൽ മുല്ലായിസത്തിന് സ്ഥാനമില്ല. ഓരോ മുസ്‌ലിമിനും നേതൃത്വം വഹിക്കാനുള്ള യോഗ്യതയും അർഹതയും ഉണ്ടായിരിക്കണമെന്ന് ഇസ്‌ലാം അഭിലഷിക്കുന്നു. നമസ്ക്കരിക്കുക അല്ലെങ്കിൽ ഒരു ഇമാമിന്റെ കീഴിൽ നമസ്ക്കരിച്ച് കൊണ്ടിരിക്കുക എന്നതു മാത്രം പോരാ. മറിച്ച് നമസ്ക്കരിപ്പിക്കാനുള്ള കഴിവും ഓരോ മുസ്‌ലിമിനും ഉണ്ടായിരിക്കണം. ഒരു മുസൽമാൻ തന്റെ ജനനവും മരണവും ഒരു മൊയില്യാർക്കയെ ഭരമേൽപ്പിച്ച് കൊണ്ട് മാത്രം ജീവിച്ചാൽ പോരാ.എല്ലാ ഇസ്‌ലാമിക പ്രശ്നങ്ങളും മസ്അലകളും ഓരോ മുസ്‌ലിമും അറിഞ്ഞിരിക്കേണ്ടതാണ്....

ഇസ്‌ലാം നമ്മോടാവശ്യപ്പെടുന്നത് ഇമാമീങ്ങളെ - നേതാക്കന്മാരെ വാർത്തെടുക്കാനാണ്. എന്നാൽ അനുയായികളെ മാത്രം സൃഷ്ടിച്ച് കൊണ്ട് നാം നമ്മുടെ കടമകൾ നിർവ്വഹിച്ചതായി ചാരിതാർത്ഥ്യമടയുന്നു.

സമുദായത്തിന്റെ മുന്നേറ്റത്തിനും അഭിവ്യദ്ധിക്കുമുള്ള ഏറ്റവും മഹത്തായ ഈ രഹസ്യം മുസ്‌ലിം സമുദായം വിസ്മരിക്കുകയുണ്ടായി. എന്നാൽ ഇതര സമുദായങ്ങൾ ഈ തത്വം മനസ്സിലാക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തുവെങ്കിലും നിർമാണാത്മകമായ പ്രവർത്തനങ്ങളിലല്ല വിനാശകരമായ കാര്യങ്ങളിലാണ് അത് പ്രയോജനപ്പെടുത്തുകയുണ്ടായത്.

ഇസ്‌ലാം ഈ തത്വം ലോക നന്മയ്ക്ക് വേണ്ടിയാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്. എന്നാൽ ഇതര ശക്തികൾ ലോകത്ത് നാശം വിതയ്ക്കാനാണ് ഇതുപയോഗപ്പെടുത്തിയിട്ടുള്ളത്. കാരണം ഇസ്‌ലാം പ്രബോധിക്കുന്ന തഖ്‌വയെക്കുറിച്ച് ഇവർക്കറിയില്ല.

ഇന്ന് ലോകത്തിന്റെ നേതൃത്വം നിങ്ങളിലാണ് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്നത്. നിങ്ങൾ നേതാക്കളാകുന്നില്ലെങ്കിൽ ലോകത്തിന്റെ നേതൃത്വം നിങ്ങൾക്കെങ്ങനെ ഏറ്റെടുക്കാൻ സാധിക്കും? വരും തലമുറയ്ക്ക് നിങ്ങളെ പിന്തുടർന്ന് എങ്ങനെ നേതാക്കന്മാരാകാൻ സാധിക്കും? അതിനാൽ ഇപ്പോൾ അതിനുള്ള പരിശീലനം വളരെ ആവശ്യമാണ്. നിങ്ങളിൽ ഓരോ ആളും ജമാഅത്തിന്റെ ഉദ്യോഗസ്ഥനാണ് എന്ന ബോധം ഉണ്ടായിരിക്കണം. നിങ്ങളെ വെറും അഹ്മദികളായിട്ടല്ല പ്രവർത്തക സമിതി അംഗങ്ങളായിട്ടാണ് പരിശീലിപ്പിക്കേണ്ടത്. പുറമേ നിന്നുകൊണ്ട് പ്രവർത്തക സമിതി അംഗങ്ങളെ വിമർശിക്കുന്നവരെ കുറിച്ച് ചർച്ച നടത്തുന്ന അഹ്മദികളായി മാത്രം തീർന്നാൽ പോരാ. നിങ്ങളിൽ ഓരോരുത്തർക്കും താൻ ഉത്തരവാദപ്പെട്ട നേതാവാണ്,ഉദ്യോഗസ്ഥനാണ് എന്ന ബോധം ഉണ്ടായിരിക്കണം. അതിന് ശേഷം ജമാഅത്തിലെ നിർവ്വാഹക സമിതിയുടെ ഉത്തരവാദിത്തമെന്താണ്, അവരോട് നാം ചെയ്യേണ്ട കടമകൾ എന്തൊക്കെയാണ് എന്ന ബോധം ഉണ്ടായിരിക്കണം.ഖിലാഫത്തിന്റെ പ്രാധാന്യമെന്താണ്, അൻസാറുല്ലാ, ഖുദ്ദാമുൽ അഹ്മദിയ്യാ, അത്ഫാൽ,ലജ്നാ,നാസിറാത്ത് എന്നീ ശാഖാ സംഘടനകളുടെ ഉത്തരവാദിത്തങ്ങൾ എന്തൊക്കെയാണ് എന്നീ കാര്യങ്ങൾ നാം ശരിക്കും മനസ്സിലാക്കിയിരിക്കണം.ഓരോ അഹ്മദിയേയും ഇതേക്കുറിച്ച് ബോധവാനാക്കണം. (7.11.1986 ലെ ഖുതുബ)

വനിതാരംഗം

അബൂഅത്തിയ

# നസീമാബേഗം സാഹിബ

*മൗലാനാ അത്വാഉല്ലാ സാഹിബ് കലീം ഏഷ്യാ,യൂറോപ്പ്, അമേരിക്ക, ആഫ്രിക്ക എന്നീ ഭൂഖണ്ഡങ്ങളിൽ ജമാഅത്തിന്റെ മുബല്ലിഗും അമീറുമായി സേവനനിരതനായിരുന്നു. അദ്ദേഹത്തിന്റെ ആദ്യഭാര്യയെക്കുറിച്ചുള്ള വിവരണങ്ങളാണ് ചുവടെ ചേർക്കുന്നത്.*

**ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) പറയുന്നു.**

ചില സ്ത്രീകൾ അല്ലാഹുവിൽ തങ്ങളെ സമർപ്പിച്ച് പൂർണ്ണമായും ആത്മാർത്ഥത കാണിക്കുന്നവരാണ്. അവർക്ക് വേണ്ടി എപ്പോഴും ദുആ ചെയ്യണമെന്നാണ് ഹൃദയാഭിലാഷം. കലീം സാഹിബിന്റെ അക്ഷരാഭ്യാസമില്ലാത്ത ഭാര്യ അദ്ദേഹത്തോടൊപ്പം പോയിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ മൻസൂറാ ബേഗ (ഹുസൂറിന്റെ സഹധർമ്മിണി) ത്തോട് പറയുകയുണ്ടായി.

ഞാൻ അവിടെ പോയപ്പോൾ എനിക്ക് ഇംഗ്ലീഷോ മറ്റ് ഭാഷകളോ ഒന്നും അറിയില്ലായിരുന്നു. അൽപം ഉർദു അറിയാം. ഞാൻ ഒരു മുബല്ലിഗ് ഇൻചാർജ്ജിന്റെ ഭാര്യയാണ്. പക്ഷെ എനിക്ക് ഖിദ്മത്തൊന്നും ചെയ്യാൻ കഴിയുന്നില്ല. ഞാൻ ദുആ ചെയ്തു കൊണ്ടിരുന്നു. അങ്ങനെ അല്ലാഹു എന്റെ മനസ്സിൽ ഇട്ടത് ഇംഗ്ലീഷിന് പകരം അവിടത്തെ പ്രാദേശിക ഭാഷ പഠിക്കണമെന്നാണ്. അങ്ങനെ അവർ വളരെ പരിശ്രമിച്ച് സാൾട്ട് പൗണിലെ പ്രാദേശിക ഭാഷ പഠിച്ചു. നല്ല പോലെ അതിൽ സംസാരിക്കുമായിരുന്നു. അല്ലാഹു അവരുടെ ആഗ്രഹം പൂർത്തീകരിച്ചു. ഇത്തരം ആഗ്രഹങ്ങൾ നഈം (ദൈവിക അനുഗ്രഹങ്ങൾ) മിന്റെ സ്ഥാനത്തേക്ക് എത്തിക്കുന്നതാണ്. അങ്ങനെ അവർ നൂറ് കണക്കിന് ആഫ്രിക്കൻ കുട്ടികൾക്ക് വിശുദ്ധഖുർആനും തർജ്ജമയും പഠിപ്പിച്ചു ...

*(ജുമുഅ ഖുതുബ 19.6.1970)*

**ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)**

അത്വാഉല്ലാ കലീം സാഹിബിന്റെ ഭാര്യ നസീമാബേഗം സാഹിബ നീണ്ട 12 വർഷക്കാലം ഒറ്റക്കാണ് താമസിച്ചത്. അവരെ സാൾട്ട് പൗണി (ഘാന)ലേക്ക് അയച്ചപ്പോൾ അവർ അവിടെ സ്ത്രീകൾക്ക് തർബിയ്യത്ത് നൽകി. വിശുദ്ധ ഖുർആനും നമസ്ക്കാരവും പഠിപ്പിച്ചു.എല്ലാ നിലയ്ക്കും നല്ല ശിക്ഷണമാണ് നൽകിയത്.

*(പ്രഭാഷണം ജൽസാസാലാനാ യു.കെ 1992)*

**ഉപ്പ എപ്പോൾ പോകും?**

കലീം സാഹിബ് ഘാനയിൽ നിന്ന് വന്നപ്പോൾ അദ്ദേഹത്തിന്റെ രണ്ട് മക്കളും ഏറെ സന്തോഷത്തിലായിരുന്നു.(ഇരട്ടക്കുട്ടികളായിരുന്നു.) അവർ ആദ്യമായി പിതാവിനെ കാണുകയാണ്. പിതാവ് അവിടെ തന്നെ താമസിക്കുമെന്ന് അവർക്ക് അറിയില്ലായിരുന്നു. ഒരു ദിവസം അവർ ഉമ്മയോട് ചോദിച്ചു, ഉമ്മാ ഉപ്പ എപ്പോഴാണ് സ്വന്തം വീട്ടിലേക്ക് പോവുക.

*(സർഗുസഷ്ത്തെ കലീം)*

ചരിത്രം

ഇഷ്

# "സഫറുള്ളാഖാൻ, ഇനി ജീവിതം ദീനീ ഖിദ്മത്തിന് വഖ്ഫ് ചെയ്യൂ..."



1972 ൽ ഹദ്റത്ത് ചൗധരി സർ മുഹമ്മദ് സഫറുല്ലാഖാൻ സാഹിബ് അടുത്ത ഒമ്പത് വർഷത്തേക്ക് കൂടി ഇന്റർനാഷണൽ കോർട്ടിന്റെ ജഡ്ജിയായി തിരഞ്ഞെടുക്കപ്പെടാനുള്ള ഒരുക്കങ്ങളിലായിരുന്നു. വിവിധ രാഷ്ട്ര പ്രതിനിധികൾ അദ്ദേഹത്തിന് വോട്ട് നൽകാമെന്ന് സമ്മതിച്ചതുമാണ്. അതേക്കുറിച്ച് അദ്ദേഹം അന്നത്തെ ലണ്ടൻ ഇമാം മൗലാനാ ബി.എ റഫീഖ് സാഹിബിനെയും അറിയിച്ചിരുന്നു. വിജയവാർത്ത പ്രതീക്ഷിച്ചിരുന്ന മൗലാനാ സാഹിബിന് ഒരു ദിവസം ചൗധരി സാഹിബിന്റെ ഫോൺകോൾ. ഞാൻ ലണ്ടനിലേക്ക് വരികയാണ്. കൂടുതൽ സാധനങ്ങൾ ഉള്ളത് കൊണ്ട് രണ്ട് കാറുകൾ വിമാനത്താവളത്തിലേക്കയക്കണം. തിരഞ്ഞെടുക്കപ്പെട്ടോ എന്ന ചോദ്യത്തിന് ലണ്ടനിലെത്തി പറയാമെന്നായിരുന്നു മറുപടി. അങ്ങനെ ചൗധരി സാഹിബ് ലണ്ടനിലെത്തി. രാത്രി ഭക്ഷണത്തിനിരിക്കുമ്പോൾ അദ്ദേഹം പറഞ്ഞു.എനിക്ക് ജഡ്ജിമാരെല്ലാം വോട്ട് നൽകാമെന്ന് ഉറപ്പ് തന്നിരുന്നതാണ്. അങ്ങനെ തിരഞ്ഞടുപ്പിൽ വിജയിച്ച് ഇന്റർനാഷണൽ കോർട്ടിന്റെ പ്രസിഡന്റ് പദവിയിൽ അവരോധിതമാകുന്നതും ഉറപ്പായിരുന്നു. അങ്ങനെ ഞാൻ ഭാവി പരിപാടികൾ ആസൂത്രണം ചെയ്തു തുടങ്ങി.

ഒരു രാത്രി സ്വപ്നത്തിൽ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ കണ്ടു. അദ്ദേഹം ഏറെ വാൽസല്ല്യത്തോടെ പറഞ്ഞു, സഫറുല്ലാഖാൻ ഇനി ഭൗകിക കെട്ടുപാടുകളെ ഉപേക്ഷിച്ച് ശിഷ്ടജീവിതം ദീനീസേവനത്തിന് വഖ്ഫ് ചെയ്യൂ.


രാവിലെ എഴുന്നേറ്റതും ഞാൻ ചെയ്ത ആദ്യ പ്രവൃത്തി എന്റെ നോമിനേഷൻ പിൻവലിക്കലായിരുന്നു. ഉടൻ തന്നെ ഞാൻ ലണ്ടനിലേക്ക് പുറപ്പെടാനുള്ള കാരണം മറ്റ് ജഡ്ജിമാർ വന്ന് തീരുമാനം മാറ്റാൻ നിർബന്ധിച്ചാലോ എന്ന് കരുതിയാണ്. (അവ: *A MEMOIR*)

നുറുങ്ങുകൾ

എസ്.ഡി

# ദൈവിക ഭാഷണം

**മൗലാനാ ദോസ്ത് മുഹമ്മദ് ശാഹിദ് സാഹിബ്**



കുറച്ച് സൽപ്രകൃതരായ ആളുകൾ ഒരിക്കൽ റബ്വയിൽ വരുകയുണ്ടായി. ഞാൻ അവരോട് ചോദിച്ചു,നിങ്ങൾ ഒരു വീട്ടിൽ ചെല്ലുമ്പോൾ നിങ്ങളോട് സംസാരിക്കുന്നില്ലെങ്കിൽ നിങ്ങൾ എന്താണ് മനസ്സിലാക്കുക. അവർ പറഞ്ഞത് വീട്ടുകാർ ഞങ്ങളോട് ദേഷ്യത്തിലാകുമെന്ന് കരുതുമെന്നാണ്.

ഞാൻ പറഞ്ഞു 1400 വർഷമായി അല്ലാഹു ഉമ്മത്തിലെ സ്വാലിഹീങ്ങൾക്ക് തന്റെ മധുരഭാഷണം കൊണ്ടനുഗ്രഹിച്ചു. പക്ഷെ ഇന്ന് അഹ്മദിയ്യാ ജമാഅത്തൊഴികെ മറ്റാരും തന്നെ അല്ലാഹുവിന്റെ സംസാരത്തെ അംഗീകരിക്കുന്നില്ല. മുഴുവൻ മുസ്‌ലിം നേതാക്കളും ഈ അനുഗ്രഹം ലഭിക്കാത്തവരാണ്. ഇതിൽ നിന്ന് അല്ലാഹു അവരോട് ദേഷ്യത്തിലാണെന്നാണ് മനസ്സിലാകുന്നത്. വിശുദ്ധഖുർആൻ പറയുന്നു. ഖിയാമത്ത് ദിവസം അല്ലാഹു കുറ്റവാളികളോട് സംസാരിക്കുന്നതല്ല. മാത്രമല്ല അവരെ വേദനാജനകമായ ശിക്ഷയിൽ അകപ്പെടുത്തുകയും ചെയ്യും.

പ്രത്യേക അഭിമുഖം 9.2.2008

സമ്പാ: കെ.വി.ഹസ്സൻകോയ

# ആഫ്രിക്കൻ ജീവിതം

**പ്രതിനിധി :- ഹുസൂർ ആഫ്രിക്കയിലേക്ക് പോയിരുന്നു. ഹുസൂറിന്റെ സമയം ആഫ്രിക്കയിൽ ചെലവഴിച്ചു. എന്താണ് താങ്കൾ ആസ്വദിച്ചത്? ആഫ്രിക്കൻ ജനതയെക്കുറിച്ച് താങ്കൾ എന്തു വിചാരിക്കുന്നു.?**


ഹുസൂർ: - ഞാനവിടെ സംതൃപ്തിയോടെ ജീവിച്ചു. ഞാനവിടെ ചെന്നപ്പോൾ വെളിച്ചവും ഗ്യാസും വെള്ളവുമില്ലാത്ത സ്ഥലമാണതെന്ന് ഞാൻ ധരിച്ചിരുന്നില്ല. സ്കൂളിന്റെ പ്രിൻസിപ്പൽ എന്നെ കുമാസിയിൽ നിന്ന് സലഗയിലേക്ക് കൊണ്ടുപോയി. ഇത് ഘാനയുടെ വടക്ക് ഭാഗത്തെ ഏറ്റവും ദൂരമേറിയ സ്ഥലമായിരുന്നു. ഞങ്ങൾ താമസിച്ചിരുന്ന വീട് വളരെ ചെറുതായിരുന്നു. രണ്ടുമുറികളും മൂന്നടി വീതിയുള്ള ഇടനാഴിയും മാത്രം. മുറികൾക്കിടയിൽ ഒരു ഭാഗത്ത് അടുക്കളയും ബാത്ത്റൂമും ഉണ്ടായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ കൂടെ താമസിച്ചു. അദ്ദേഹം തന്റെ കുടുംബത്തോടൊപ്പമായിരുന്നു താമസിച്ചിരുന്നത്. ഒരു അഹ്മദിയെ സംബന്ധിച്ചിടത്തോളം ഒരു കുടുംബം താമസിക്കുക എന്നത് വളരെ പ്രയാസമാണെന്ന് നിങ്ങൾക്കറിയാമല്ലോ. അവർക്ക് ടോയ്‌ലറ്റിലോ, മറ്റെവിടെയെങ്കിലോ പോകണമെങ്കിൽ ഞാൻ പുറത്തേക്ക് വരുന്നു, ഞാൻ അവിടെ പോകുകയാണ്. എന്നൊക്കെ വിളിച്ചുപറയണം. എന്റെ നീക്കങ്ങൾ ഇങ്ങനെയൊക്കെയാണെന്ന് വീട്ടുടമസ്ഥനെ അറിയിക്കാനാണ്. കുറച്ചു മാസങ്ങൾ ഞാനദ്ദേഹത്തോടൊന്നിച്ച് താമസിച്ചു. അതേ വീട്ടിൽ തന്നെ ഞാൻ വേറിട്ട് താമസിച്ചു. ആ സ്ഥലം എനിക്കിഷ്ടപ്പെട്ടു. എന്റെ കുടുംബത്തോടൊന്നിച്ചല്ലാതെ ഒരു വർഷം ഞാൻ താമസിച്ചു.



Huzoor with Ghana President

സലഗയിൽ നിന്ന് 70മൈൽ ദൂരെ തമലെ എന്ന വലിയ ഒരു സിറ്റിയുണ്ട്. ആ സമയം ഞങ്ങൾ ഒരു സ്കൂൾ കെട്ടിടം പണിയുകയായിരുന്നു. വീടു നിർമ്മാണ സാധനങ്ങൾ വാങ്ങാൻ ഞങ്ങൾ അവിടെ പോകുമായിരുന്നു. വീട്ടുസാധനങ്ങളും പലചരക്കും വാങ്ങാനും അവിടെ പോകുമായിരുന്നു. തമലെയിലേക്ക് 70 മൈൽ ഞങ്ങൾ പോകും. അവിടെ വേണ്ടവിധം യാത്രാസൗകര്യങ്ങൾ ഇല്ലായിരുന്നു. വെറും ഒരു ഗവൺമെന്റ് ട്രാൻസ്പോർട്ട് ബസ്സ് മാത്രമായിരുന്നു ഉണ്ടായിരുന്നത്. അത് തമലയിൽ നിന്നായിരുന്നു വന്നത്. ഒന്ന് രാവിലെയും ഒന്ന് വൈകുന്നേരവും. ബസ്സ് എപ്പോഴാണ് കേടുപറ്റുക എന്നാർക്കും അറിയില്ല.

മറ്റൊരു സാഹസികതയെന്തെന്നാൽ, ഞാൻ മുമ്പേ പറഞ്ഞതുപോലെ തമലക്കും സഗാലക്കും ഇടയിൽ സർവ്വീസ് നടത്തിയിരുന്നത് ഒരൊറ്റ ബസ്സായിരുന്നു. കൂടാതെ സലഗക്ക് ശേഷം 16 മൈൽ കഴിഞ്ഞാൽ റോഡിന്റെ അറ്റമായിരുന്നു. വോൾട്ടാ തടാകം ആരംഭിക്കുന്നത് അവിടെ വെച്ചാണ്. ഒരിക്കൽ ഞാനും നമ്മുടെ മിഷനറി റസാഖ് ബട്ട് സാഹിബും തമലയിലേക്ക് യാത്ര ചെയ്യുകയായിരുന്നു. അദ്ദേഹം 2, 3 ദിവസം എന്റെ കൂടെ താമസിച്ച് അവടത്തെ കുട്ടികൾക്ക് ഇസ്‌ലാമിയ്യത്ത് പഠിപ്പിക്കുമായിരുന്നു.



Muhammad Aslam Nasir, Atia d/o Dr.Tariq Ahmed Sahib, Hadhrath Mirza Masroor Ahmad Sahib And Naseer Ahmad Sahib at Ahmadiyya Hospital Swedro, Ghana in 1981

ഒരു ബസ് തടാകത്തിന്റെ സമീപത്തുനിന്ന് പുറപ്പെട്ട് സലഗ എത്തുന്നതുവരെ നില്ക്കാൻ പോലും സ്ഥലമുണ്ടായിരുന്നില്ല. ഞങ്ങൾ ചെയ്യാറുണ്ടായിരുന്നതെന്തെന്നാൽ സലഗയിൽ എത്തിയാൽ 17 മൈൽ അപ്പുറം റോഡിന്റെ അറ്റംവരെ പോകുമായിരുന്നു. അവിടെയെത്തുമ്പോൾ ബസ്സ് കാലിയായതിനാൽ സുഖമായി ഇരിക്കാൻ സീറ്റ് കിട്ടുമായിരുന്നു. അതിനാൽ ഞങ്ങൾ സീറ്റ് കിട്ടുവാൻ 34 മൈൽ കൂടുതൽ സഞ്ചരിക്കുമായിരുന്നു. ഒരിക്കൽ റോഡിന്റെ അറ്റത്തു വെച്ച് ബസ് കേടായി. അതു വൈകുന്നേരമായിരുന്നു. ചില കെട്ടിടനിർമ്മാണ സാമഗ്രികൾ നമ്മുടെ കെട്ടിടത്തിന് വേണ്ടി വാങ്ങാനായിരുന്നു ഞങ്ങൾ പോയത്. അവിടെ തൊഴിലാളികളെയും കരാറുകാരേയും ലഭിക്കുമായിരുന്നു. എന്റെ ബ്രീഫ്കേസിൽ ഒരു നല്ല തുകയുണ്ടായിരുന്നു. സമയം രാത്രിയാവുകയായിരുന്നു. എനിക്ക് എന്നെക്കുറിച്ചല്ല, ആരെങ്കിലും ആ ബാഗ് തട്ടിപ്പറിച്ച് പൊയ്ക്കളയുമോ എന്ന ഭയമായിരുന്നു. പത്തുമണിവരെ അവർക്ക് ബസ്സ് റിപ്പയർ ചെയ്യാൻ സാധിച്ചില്ല. ബസ്സ് കേടായ കാര്യം തമലയിലേക്ക് പോകുന്ന ഒരു ട്രക്ക് മുഖേന അറിയിക്കാൻ ഏർപ്പാടു ചെയ്തിട്ടുണ്ടെന്നും ബസ്സ് ഉടനെ എത്തുമെന്നും പ്രഖ്യാപിച്ചു. ഉടനെ എന്നതിന് 8 മണിക്കൂർ ദൈർഘ്യമുണ്ടായിരുന്നു. രാത്രിമുഴുവനും ഞങ്ങൾ അവിടെ കഴിച്ചുകൂട്ടി. അവിടെ കണ്ട ഒരു ബെഞ്ചിൽ ഞാൻ ഇരുന്നു. ഞാനെന്റെ ബ്രീഫ്കേസ് മുറുക്കിപ്പിടിച്ചു. ആരെങ്കിലും അത് തട്ടിയെടുക്കാൻ ശ്രമിച്ചാൽ അതിന്റെ ഇളക്കം കാരണം എനിക്ക് ഉണരാൻ സാധിക്കുമല്ലോ എന്ന് വിചാരിച്ചു. രാത്രി പകുതി വരെ ഉറങ്ങാൻ ഞാൻ മൗലവി സാഹിബിനോട് പറഞ്ഞു. അതിന് ശേഷം എനിക്കും അല്പം ഉറങ്ങാമല്ലോ. ഇത് ബ്രീഫ്കേസ് സുരക്ഷിതമായിരിക്കാൻ വേണ്ടിയായിരുന്നു. പിറ്റേന്ന് രാവിലെ നാലുമണിക്ക് ബസ്സ് വന്നു. അങ്ങനെ ഞങ്ങൾ തമലയിൽ എത്തി.

ഒരിക്കൽ ബസ് വഴിയിൽവെച്ചു കേടായി. വേറെ വാഹനങ്ങളൊന്നും കണ്ടില്ല. അതിനാൽ ചരക്കുകയറ്റിയ ഒരു ട്രക്കിന്റെ മുകളിലിരുന്ന് ഞങ്ങൾ 70 മൈൽ യാത്ര ചെയ്തു. അങ്ങനെ ചില അനുഭവങ്ങൾ അവിടെയുണ്ടായിരുന്നു. എല്ലാം ഏറെ രസകരമായിരുന്നു. ഞങ്ങൾ കൃഷി ചെയ്തുകൊണ്ടിരിക്കുമ്പോഴും ഞാൻ ട്രാക്റ്ററിൽ യാത്ര ചെയ്യാറുണ്ടായിരുന്നു. അത് എന്റെ വീട്ടിൽനിന്ന് 35 മൈൽ അകലേക്കായിരുന്നു. ഞാൻ ട്രാക്റ്റർ ഡ്രൈവ് ചെയ്യാറുണ്ടായിരുന്നു. ചിലപ്പോൾ ഞാൻ ട്രാക്റ്ററിന്റെ മഡ്ഗാഡിന്മേൽ ഇരിക്കും. ഉദ്ദേശിച്ച സ്ഥലമെത്തുമ്പോഴേക്കും വളരെ ക്ഷീണിതനായിരിക്കും. പിന്നെ ജോലിചെയ്യൽ വളരെ വിഷമകരമായിരിക്കും. അതിനാൽ രാത്രി ഞാനവിടെ ചെലവഴിക്കും. അതൊരു ചെറിയ ഗ്രാമമായതിനാൽ ഒരു വീടു പോയിട്ട് ഒരു മുറിപോലും കിട്ടില്ല. അതിനാൽ ഞങ്ങൾ അവിടത്തെ ഓലമേഞ്ഞ മൺകൂരകളിൽ രാത്രിചെലവഴിക്കും.

ഇത് നിങ്ങൾക്ക് മുമ്പേ അറിയാം. നിങ്ങൾ ഗ്രാമത്തിൽ പോയിട്ടില്ലേ?

**പ്രതിനിധി :- അതെ, അതെ**

ഹുസൂർ :- അവിടെ ഓലമേഞ്ഞ വീടുകളാണുള്ളത്. നിലത്ത് അവർ

13



**ദഅ്വത്തെ ഇലല്ലാഹ്**


സഗീർ എച്ച്.എസ്


# ജനങ്ങളുടെ പ്രശംസയിൽ മതിമറക്കരുത്

*ലണ്ടനിലെ മുബല്ലിഗ് ഹദ്റത്ത് മൗലാനാ ജലാലുദ്ദീൻ ശംസ് സാഹിബിന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) നൽകിയ ഉപദേശങ്ങൾ*

ദീനിലേക്കുള്ള ക്ഷണവും വളരെ ഉന്നതസ്ഥാനീയമായ ഒരു നന്മയാണ്. പക്ഷെ ദഅവത്ത് (ക്ഷണം)നോടൊപ്പം ഒരു ന്യൂനതയും ചേർന്നിരിക്കുന്നു. അതായത് ഒരു ദാഇഈ (ക്ഷണിക്കുന്നയാൾ) വിടുവായത്തമുള്ളവനോ അല്ലെങ്കിൽ വെറും സംസാരങ്ങളിൽ മാത്രം ഉയരുകയും യാഥാർത്ഥ്യത്തിൽനിന്ന് ബഹുകാതം ദൂരെ അകലുകയും ചെയ്തേക്കാം.

കാരണം അയാൾ ഇടപഴകുന്ന ആളുകളുടെ മുന്നിൽ അയാളുടെ ഹൃദയം തുറക്കാറില്ല. മറിച്ച് വെറും നാക്കാണ് ചലിക്കുന്നത്. മാത്രമല്ല, ആളുകൾ അയാളുടെ ഹൃദയത്തിൽ പ്രകാശമാണോ അന്ധകാരമാണോ ഉള്ളത് എന്നറിയുന്നില്ല. അവർ അയാളുടെ സംസാരം എങ്ങനെയുള്ളതാണെന്ന് നോക്കുന്നു. അയാളുടെ ഉള്ളിലുള്ള പ്രകാശത്തെ മുൻനിർത്തിയല്ല മറിച്ച് വെറും സംസാരത്തെ പരിഗണിച്ച് കൊണ്ട് അവർ അയാളെ പ്രശംസിക്കുകയും ശ്ലാഘിക്കുകയും ചെയ്യുന്നു. അതിൽ അയാൾ ഒരു പാട് ആനന്ദം നേടുന്നു. അയാളുടെ അല്ലാഹുവുമായുള്ള ബന്ധം പരിപൂർണ്ണമല്ലാതിരിക്കുകയും അയാളുടെ ഹൃദയത്തിലുള്ള പ്രകാശം പൂർണ്ണമല്ലാതിരിക്കുകയും ആണെങ്കിൽ പതിയെ പതിയെ അയാൾ അത്തരം പ്രശംസയിൽ പ്രഭാവിതനാവുകയും മധുരഭാഷണത്തിന്റെ മായാവലയത്തിൽ അതാണ് തനിക്ക് ലഭിക്കേണ്ടതെന്ന വസ്‌വാസിൽ പെടുകയും ചെയ്യുന്നു.





Ahmadiyya Missionaries in Europe 1936
Front Row Left Mou.J.D.Shams H.A

അതേ നിമിഷത്തിൽ അയാളുടെ ഹൃദയത്തിലെ പ്രകാശം ചുരുങ്ങാൻ തുടങ്ങുന്നു. അത് ചുരുങ്ങിച്ചുരുങ്ങി ഹൃദയത്തിന്റെ ഒരു കോണിലേക്ക് മാഞ്ഞ് പോകുന്നു. ആത്മീയതയ്ക്കും ദൈവിക പ്രകാശത്തിനും അനുഗ്രഹത്തിനും ഇടം കിട്ടേണ്ട ഹൃദയത്തിന്റെ ഈ മൈതാനത്തിൽ അഹങ്കാരവും മിഥ്യാഭിമാനവും ഇടം പിടിക്കുന്നു. ചുരുക്കത്തിൽ ഉപദേശിക്കുവാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ ജമാഅത്തിനും ഇതര സംഘടനകൾക്കും തമ്മിൽ ഒരു വ്യതിരിക്തത ഉണ്ട്. അതായത് നമുക്ക് നൽകപ്പെട്ടിട്ടുള്ള നിർദ്ദേശം ഇത്തരം വാക്കുകളെ ഗൗനിക്കേണ്ടതില്ലെന്നും നമ്മുടെ മുഴുവൻ ശ്രദ്ധയും അല്ലാഹുവിലേക്കായിരിക്കണമെന്നുമാണ്.

ഓർക്കുക, യഥാർത്ഥ സ്തുതിയും പ്രശംസയും അല്ലാഹുവിൽ നിന്ന് മാത്രമാണ്. കാരണം ഹൃദയത്തിന്റെ പ്രകാശമാണ് മനുഷ്യന്റെ അന്തസ്സ് പ്രദാനം ചെയ്യുന്നത്. ദൈവികമായ പ്രശംസ മാത്രമാണ് മനുഷ്യനെ ഉന്നതസ്ഥാനിയനാക്കുന്നത്.

ചുരുക്കത്തിൽ ദഅ്വത്തിൽ മനുഷ്യന് നന്മ കരസ്ഥമാക്കുവാനും ദൈവിക സാമിപ്യം വർദ്ധിപ്പിക്കുവാനും അവസരം കിട്ടുന്നതോടൊപ്പം അഹങ്കാരവും മിഥ്യാഭിമാനവും തന്നത്താൻ വലിയവനാണെന്ന ചിന്തകളുമില്ലാതാക്കുന്നു. ഈ സന്ദർഭത്തിൽ മനുഷ്യൻ വാളിന്റെ മൂർച്ചയുടെ ഭാഗത്താണ് നിൽക്കുന്നത്. ഇത് സ്വിറാത്തിന്റെ പാലത്തിലേക്ക് ചലിക്കേണ്ട സമയമാണ്. ഇത് ദൈവിക സാമിപ്യം കരസ്ഥമാക്കാനോ അല്ലെങ്കിൽ ശാപത്തിനിരയാകാനോ എന്നു തീർച്ചപ്പെടുത്തുവാനുള്ള സമയമാണ്.

ഓർക്കുക, നിങ്ങളുടെ നാവിലൂടെ വെളിപ്പെടുന്നതിൽ നിങ്ങൾ പരീക്ഷിക്കപ്പെടുന്നതല്ല മറിച്ച് നിങ്ങളുടെ അകതാരിൽ ഉള്ളതിനെ പറ്റിയാണ് നിങ്ങൾ പരീക്ഷിക്കപ്പെടുക.

ജനങ്ങൾ നിങ്ങളെക്കുറിച്ച് പറയുന്നതിലല്ല നിങ്ങളുടെ അന്തസ്സ് ഉയരുക മറിച്ച് അല്ലാഹു പറയുന്നതിലാണ്. ആയതിനാൽ ദഅ്വത്തിന്റെ അനുഗ്രഹത്തിൽ നിന്ന് പ്രയോജനം നേടണമെങ്കിൽ സ്വഹൃദയങ്ങളെ പരിഷ്ക്കരിക്കേണ്ടതാണ്. അല്ലാഹുവിന്റെ മുന്നിൽ വിനയാന്വിതനായി കുനിയുകയും അവന്റെ അനുഗ്രഹങ്ങൾ നേടുകയും ചെയ്യുക. അവന്റെ പ്രശംസയിലും സ്തുതിയിലും പ്രതീക്ഷയർപ്പിക്കുക. നിങ്ങളുടെ നാവിന്റെ ഫലങ്ങളിൽ സന്തോഷിക്കരുത്.അതിന്റെ ഫലം പലപ്പോഴും വിഷമയമാണെന്നും അത് ഔഷധമല്ല പാഷാണമെന്ന കാര്യത്തിൽ ഭയപ്പെടണം. സ്വയം സമ്പാദിച്ച വിഷം നാശഹേതുവാണ്. ആയതിനാൽ വളരെ മഹോന്നതമായ ഈ ഉത്തരവാദിത്തം ഏറ്റെടുക്കുമ്പോൾ ഇക്കാര്യങ്ങൾ നല്ലപോലെ ഓർക്കുക. പുരോഗതി നേടുന്നതിന്ന് പകരം അധോഗതിയിലാകാതിരിക്കാൻ ഇടവരട്ടെ.

*(അൽഫസൽ 28.1.1932)*

---

പായ വിരിക്കും. അവിടെയാണ് ഉറങ്ങുന്നത്. നിങ്ങൾക്കിതിനെക്കുറിച്ചറിയാമോ എന്നെനിക്കറിയില്ല. എന്നാൽ എനിക്ക് വളരെയധികം അനുഭവമുണ്ട്.

നിരവധി രാത്രികളിൽ ഞാൻ കുറ്റിക്കാട്ടിൽ കഴിഞ്ഞിട്ടുണ്ട്. രാത്രി എഴുന്നേൽക്കുമ്പോഴെല്ലാം ഞാൻ ചുറ്റുംനോക്കും, അവിടെ തേളുകളോ മറ്റോ ഉണ്ടെന്നറിയാൻ. എന്തെന്നാൽ അവിടെ വളരെയധികം തേളുകളും പാമ്പുകളും ഉണ്ടായിരുന്നു.

**പ്രതിനിധി :- ആഫ്രിക്കയിൽ വളരെ വിജയകരമായ രീതിയിൽ ഗോതമ്പ് കൃഷി ചെയ്ത് പരീക്ഷിച്ചതിനെക്കുറിച്ച് അങ്ങേയ്ക്ക് പറയാൻ കഴിയുമോ?**

ഹുസൂർ : - ഗോതമ്പ് അവിടെ കൃഷി ചെയ്യാൻ പറ്റില്ല എന്ന് കാർഷിക വിദഗ്ദർക്ക് ഒരു ധാരണയുണ്ടായിരുന്നു. ഒരു ഹർമത്തൻ സീസൺ ആയിരുന്നു. ഹർമത്തൻ കാലത്ത് താപം കുറയുമ്പോൾ അവിടെ ഗോതമ്പ് കൃഷിചെയ്യാൻ സാധിക്കുമെന്നെനിക്ക് തോന്നി. പക്ഷേ, വെള്ളം കിട്ടാതെ എങ്ങനെ കൃഷിചെയ്യും? വോൾട്ട എന്ന പേരിൽ ഘാനയിൽ വളരെ വലിയ ഒരു നദിയുണ്ടായിരുന്നു. ബുർക്കിനോഫാസോയിൽ വന്ന് ഘാനയിലൂടെ കടന്നുപോവുന്നു. പിന്നീടത് വോൾട്ടാ തടാകത്തിലെത്തുന്നു. അതാണ് അകൊസോമ്പോ അണക്കെട്ടിന്റെ റിസർവോയർ. പിന്നെ ജലം കടലിലേക്കൊഴുകുന്നു. എന്റെ വീക്ഷണത്തിൽ വെള്ളമോ ജലസേചന സൗകര്യങ്ങളോ ഉണ്ടെങ്കിൽ നമുക്ക് വളരെവേഗം ഗോതമ്പുകൃഷി ചെയ്യാൻ കഴിയും. നൈജീരിയയിലെ ചില ഭാഗങ്ങളിൽ ജലസേചനം നടത്താൻ വെള്ളം ലഭ്യമായതിനാൽ ഗോതമ്പ് വളർന്നിട്ടുണ്ട്. അതിനാൽ ഭാഗ്യത്തിന് ഒരു ജലപമ്പും തളിക്കാനുള്ള ഉപകരണങ്ങളും കണ്ടെത്തി. ഒരു ചുരുങ്ങിയ സ്ഥലം മാത്രം, അതായത് രണ്ടേക്കർ ഉണ്ടായിരുന്നതിനാൽ അത് എന്റെ പരീക്ഷണത്തിന് ധാരാളമായിരുന്നു. നൈജീരിയയിലുള്ള എന്റെ സുഹൃത്തിനോട് കുറച്ച് ഗോതമ്പ് വിത്തുകൾ അയച്ചുതരാൻ ആവശ്യപ്പെട്ടു. എന്നിട്ടവിടെ പരീക്ഷണം നടത്തി. അത് വളരെ വേഗം വളർന്നു. പിന്നെ ഞങ്ങൾ ജലസേചനം നടത്തി. വോൾട്ടാ നദിയിൽ നിന്നുള്ള ജലമാണ് ഉപയോഗിച്ചത്. അത് വളരെ വിജയകരമായി. അതിന്റെ പ്രായോഗികത എനിക്ക് കണക്കുകൂട്ടാനോ കാണാനോ സാധിച്ചിരുന്നില്ല. പക്ഷേ അത് നല്ലപോലെ ചെയ്തു. ഘാനയിലെ അമീർ വഹാബ് അദാ സാഹിബ് അതിൽ കുറച്ച് ഗോതമ്പ് ഒരു ഭരണിയിൽ ഇപ്പോഴും സൂക്ഷിച്ചുവെച്ചിട്ടുണ്ട്. ഘാന ജമാഅത്തിന്റെ എക്സിബിഷൻ ഹാളിൽ അത് പ്രദർശനത്തിനുവെച്ചിരുന്നു. അത് ഇപ്പോഴും നല്ല വിധത്തിൽ സൂക്ഷിച്ചുവെച്ചിട്ടുണ്ട്. രണ്ടുവർഷം ഞാനങ്ങനെ ചെയ്തു. പിന്നീട് ജലസേചന സൗകര്യങ്ങളുടെ ലഭ്യതയില്ലാഞ്ഞതിനാൽ തുടർന്ന് നടത്താൻ പറ്റിയില്ല.

**അടുത്ത ലക്കത്തിൽ**

**ഖിലാഫത്ത് പദവിയിലേക്ക്**

പുണ്യാത്മാക്കൾ

# ഹദ്റത്ത് മൗലാനാ മുഫ്തീ മുഹമ്മദ് സാദിഖ് സാഹിബ് (റ)

ജനനം 1872 ജനുവരി 11. ബൈഅത്ത് 1891 ജനുവരി 31. വഫാത്ത് 1957 ജനുവരി 13. പിതാവ് മുഫ്തീ ഇനായത്തുല്ലാഹ്, മാതാവ് ഹ:ഫൈസ് ബീവി (റ)

ഹദ്റത്ത് ഉസ്മാൻ (റ)ന്റെ സന്തതി പരമ്പരയിൽ പെട്ട മുഫ്ത്തീ സാഹിബിന്റെ പൂർവ്വികർ അറേബ്യയിൽ നിന്നും ഇറാനിലും തുടർന്ന് മഹ്മൂദ് ഗസ്നവിയുടെ കാലത്ത് പഞ്ചാബിലുമെത്തി.അന്നത്തെ ഭരണാധിപന്മാർ ഇവരെ ഖാളി സ്ഥാനത്ത് അവരോധിച്ചിരുന്നു.

ഹദ്റത്ത് ഔറംഗസീബിന്റെ കാലത്ത് കുടുംബത്തിലെ പ്രമുഖനായ ഒരു വ്യക്തി ഭേരയിൽ മുഫ്തിയായി നിയമിക്കപ്പെട്ടു. അങ്ങനെ ഈ കുടുംബം ഭേരയിൽ സ്ഥിര താമസമായി. ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് (ഖലീഫ അവ്വൽ ) മുഖേന 1890 ൽ ജമ്മുവിലെ ഒരു ഹൈസ്ക്കൂളിൽ ഇംഗ്ലീഷ് അദ്ധ്യാപകനായി നിയമിക്കപ്പെട്ടു. ഇതേ വർഷം ഖാദിയാനിൽ എത്തുകയും ഏറെ താമസിയാതെ ബൈഅത്ത് ചെയ്യാനും സൗഭാഗ്യം ലഭിച്ചു.

ബൈഅത്തിനെക്കുറിച്ച് മുഫ്തീ മുഹമ്മദ് സാദിഖ് സാഹിബ് എഴുതുന്നു.ഹുസൂർ (അ) ന്റെ സത്യസാക്ഷ്യം അംഗീകരിക്കാനും ബൈഅത്ത് ചെയ്യാനും എന്താണ് നിമിത്തമെന്ന് എനിക്ക് പറയാൻ കഴിയില്ല. പക്ഷെ ഹുസൂർ(അ)ന്റെ പരിശുദ്ധ മുഖം ഒരു കള്ളവാദിയുടേതാണെന്ന് സങ്കൽപ്പിക്കാൻ പോലും സാദ്ധ്യമല്ലായിരുന്നു.

ഹദ്റത്ത് മുഫ്തീ സാഹിബ് അഞ്ച് വർഷം ജമ്മുവിൽ ജോലി ചെയ്തു.

1895 ൽ ഇസ്ലാമിയ കോളേജ് ലാഹോറിൽ ഗണിത ശാസ്ത്ര അദ്ധ്യാപകനായിരുന്നു. തുടർന്ന് 1901 വരെ അക്കൗണ്ട് ജനറൽ പഞ്ചാബിന്റെ ഓഫീസിൽ ക്ലർക്കായും ജോലി ചെയ്തിട്ടുണ്ട്.

ജമ്മുവിൽ താമസിക്കുമ്പോൾ ബി.എ.ക്ക് പഠനം നടത്തി.

1900 മെയ് 1- 18 ലാഹോറിൽ ബിഷപ്പ് ജോർജ്ജ് ആൽഫ്രഡ് ലഫ്റോയ് ഇസ്ലാമിന്നെതിരിൽ ഉന്നയിച്ച ആക്ഷേപങ്ങൽക്ക് മുഫ്തീ സാഹിബ് വായടപ്പൻ മറുപടി നൽകി. ഇതിൽ പാതിരി മെയ് 25 ന് പ്രഭാഷണം നടത്തുമെന്ന് വിളംബരപ്പെടുത്തിയിരുന്നു. അതേ തുടർന്ന് മുഫ്തീ സാഹിബിന്റെ ആഗ്രഹപ്രകാരം ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു ചെറിയ പ്രബന്ധം തയ്യാറാക്കുകയുണ്ടായി. അത് വായിച്ചത് മുഫ്തീ സാഹിബായിരുന്നു.

മിനനുർറഹ്മാൻ എന്ന ഗ്രന്ഥം രചിക്കുമ്പോൾ ഹുസൂർ (അ) മുഫ്തീ സാഹിബിനോട് ഹീബ്രു ഭാഷ പഠിക്കാൻ നിർദ്ദേശിച്ചിരുന്നു. അങ്ങനെ ഹീബ്രുവിന്റെയും യഥാർത്ഥ ഉറവിടം അറബിയാണെന്ന് തെളിയുന്നതിൽ ഈ പഠനം സഹായകമായി.

1900 മുതൽ മുഫ്തീ സാഹിബ് വിദേശികളെ ഇസ്ലാമിലേക്ക് ക്ഷണിച്ച് കൊണ്ട് തബ്ലീഗ് കത്തുകൾ അയച്ചുതുടങ്ങി.

1901 ജൂലൈയിൽ ഖാദിയാനിൽ സ്ഥിരതാമസമാക്കി.

1903 മെയ് 28ന് കോളേജ് ആരംഭിച്ചു. മുഫ്തീ സാഹിബ് അതിന്റെ മാനേജറും സൂപ്രണ്ടും തർക്കശാസ്ത്ര അദ്ധ്യാപകനുമായിരുന്നു.

1920 ജനുവരി 26ന് അമേരിക്കയിലെ ആദ്യത്തെ മുബല്ലിഗായി നിയമിക്കപ്പെട്ടു. 1920 അവസാനം ചിക്കാഗോയിലും തുടർന്ന് ഹൈലാന്റ് പാർക്കിലും മിഷൻ സ്ഥാപിതമായി.

ഇക്കാലത്താണ് അദ്ദേഹം ദി മുസ്ലിം സൺ റൈസ് ആരംഭിച്ചത്. (ഇപ്പോഴും ഇത് പ്രസിദ്ധീകരിച്ച് വരുന്നു.)

ചിക്കാഗോയിൽ മാർക്കറ്റിലൂടെ നടക്കുമ്പോൾ ഒരു കെട്ടിടത്തിന്റെ മുകളിൽ നിന്ന് ഒരു പെൺകുട്ടി തന്റെ മാതാവിനോട് മുഫ്തീ സാഹിബിനെ ചൂണ്ടിക്കൊണ്ട് പറഞ്ഞു.

**Look ! Look! Mother, Jesus Christ has come'**

അമ്മേ നോക്കൂ, യേശുക്രിസ്തു വന്നിരിക്കുന്നു.

തുടർന്ന് കുട്ടിയുടെ മാതാപിതാക്കൾ മുഫ്തീ സാഹിബിനെ വീട്ടിലേക്ക് വിളിച്ച് കാര്യങ്ങൾ തിരക്കി. അദ്ദേഹം വിശദമായി കാര്യങ്ങൾ പറഞ്ഞു കൊടുത്തു.

1922 സെപ്റ്റംബർ 7 ന് ഫ്രാൻസിൽ ബിഷപ്പ് നൽകിയ വിരുന്നിൽ പങ്കെടുക്കുകയും പ്രഭാഷണം നടത്തുകയുമുണ്ടായി.

1923 സെപ്റ്റംബർ 18 ന് ഖാദിയാനിൽ തിരിച്ചെത്തി.

ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) വലിയ ഒരു സംഘം അഹ്മദികളുമായി വഴിയിൽ കാത്ത് നിന്നിരുന്നു.

1926 ൽ സദർ അഞ്ചുമൻ അഹ്മദിയ്യയിൽ മുഫ്തീ സാഹിബ് ആദ്യം നാസിർ ഉമൂർ ഖാരിജയും **'external affairs'** തുടർന്ന് ഉമൂറെആമയും ആയിരുന്നു.

1927ലും 1929 ലും ശ്രീലങ്കയിൽ തബ്ലീഗ് പര്യടനം നടത്തി.

1934 മെയ് 20 മുതൽ മൂന്ന് മാസത്തോളം ഈസാനബിയുടെ ഖബർ സംബന്ധമായ ഗവേഷണത്തിനായി കാശ്മീരിൽ താമസിച്ചു.

ഖാദിയാനിൽ കുടുംബസമേതമാണ് താമസിച്ചിരുന്നതെങ്കിലും ഹുസൂർ (അ) അദ്ദേഹത്തിന്റെയും കുടുംബത്തിന്റെയും ഭക്ഷണം ലങ്കർഖാനയിൽ നിന്ന് കൊടുക്കാൻ നിർദ്ദേശിച്ചിരുന്നു.

കൂടെ കൂടെ അപേക്ഷിച്ചതനുസരിച്ച് ഒരു വർഷത്തിന് ശേഷം സ്വന്തമായി ഭക്ഷണം തയ്യാറാക്കാൻ ഹുസൂർ അനുവാദം നൽകുകയുണ്ടായി.

1905 മാർച്ച് 30 ന് ബദർ എഡിറ്ററായി നിയമിതനായി.

1908 ൽ ഹദ്റത്ത് ബാബാ ഗുരുനാനാക്കിനെ സംബന്ധിച്ചുള്ള ഗവേഷണങ്ങൾക്കായി നിയോഗിക്കപ്പെട്ട സംഘത്തിൽ മുഫ്തീ സാഹിബും ഉണ്ടായിരുന്നു.

ഹദ്റത്ത് മൗലാനാ അബ്ദുൽ കരീം സാഹിബ് സിയാൽകോട്ടി (റ) ന്റെ വഫാത്തിന് ശേഷം ഹുസൂർ (അ)ന്റെ കത്തിടപാടുകളുടെ ചുമതല മുഫ്തീ സാഹിബിനായിരുന്നു.

1904 ൽ ഒരിക്കൽ മുഫ്തീ സാഹിബ് രോഗാതുരനായപ്പോൾ അദ്ദേഹത്തിന്റെ ഉമ്മ ഹുസൂർ (അ) നോട് ദുആക്കപേക്ഷിക്കുകയുണ്ടായി. ഹുസൂർ പറഞ്ഞു, നാം അദ്ദേഹത്തിന് വേണ്ടി ദുആ ചെയ്ത് കൊണ്ടിരിക്കുന്നു. സാദിഖ്



സാഹിബ് നിങ്ങളുടെ മകനാണ്. നിങ്ങൾക്ക് അതു കൊണ്ട് സ്നേഹവും ഉണ്ടാകും എന്നാൽ നിങ്ങളേക്കാളും അധികം ഞാനദ്ദേഹത്തെ സ്നേഹിക്കുന്നു എന്നാണ് എന്റെ വാദം.

ഒന്നാം ഖിലാഫത്ത് കാലത്ത് എഡിറ്റർ ബദർ എന്നതിന് പുറമേ ജമാഅത്തീ പ്രസ് മീഡിയ ശക്തമാക്കാൻ ഇന്ത്യയിലുടനീളം യാത്ര ചെയ്യുകയുണ്ടായി.

രണ്ടാം ഖിലാഫത്തിൽ 1918 മാർച്ച് 10ന് ഇംഗ്ലണ്ടിൽ മുബല്ലിഗായി നിയമിക്കപ്പെട്ടു. ഏകദേശം രണ്ടര വർഷം അദ്ദേഹം അവിടെ സേവനമനുഷ്ഠിച്ചു.

1927 ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനിയുടെ നിർദ്ദേശപ്രകാരം കണ്ണൂർ, പഴയങ്ങാടി, കോഴിക്കോട് തുടങ്ങിയ നിരവധി ദക്ഷിണേന്ത്യൻ ജമാഅത്തുകൾ സന്ദർശിച്ചു.

1935 ഫെബ്രുവരിയിൽ ഹദ്റത്ത് മുസ് ലിഹ് മൗഊദ് (റ) ന്റെ പ്രൈവറ്റ് സെക്രട്ടറിയായി നിയമിക്കപ്പെട്ടു.

17 വ്യത്യസ്ഥ വിഷയങ്ങളിൽ ലേഖനങ്ങളും ഗ്രന്ഥങ്ങളും രചിക്കുകയുണ്ടായി.

1935 സെപ്റ്റംബർ 30ന് ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) ഉം ഹദ്റത്ത് സയ്യിദാ മർയം സിദ്ദീഖാ ബേഗം സാഹിബ (റ) യും തമ്മിലുള്ള നിക്കാഹ് ഖുതുബ നിർവ്വഹിച്ചത് മുഫ്തീ സാഹിബായിരുന്നു.

## Once more please!

ഹദ്റത് മൗലാനാ മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് അമേരിക്കയിൽ തബ്ലീഗിന് വേണ്ടി എത്തിയ ആദ്യകാലത്ത് ഒരു ദിവസം നവ മുസ്ലിംകളേയും കൂട്ടി മഗ്രിബ് നമസ്കരിക്കുകയായിരുന്നു. വളരെ മനോഹരമായ തിലാവത്തിന് ശേഷം മൗലാനാ സാഹിബ് റുകൂഇലേക്ക് പോയപ്പോൾ വളരെ പിന്നിൽ നിന്ന് ഒരു സ്ത്രീ ശബ്ദം.

'Once more please!'

(അവ: നയ്യറെ അഹ്മദിയ്യത്ത്)




ഹ. ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)

# മഹ്മൂദും അയാസും





മഹ്മൂദ് രാജാവും അയാസ് അദ്ദേഹത്തിന്റെ സഭയിലെ ദാസനുമായിരുന്നു. അയാസിന് മഹ്മൂദിനോടും മഹ്മൂദിന് അയാസിനോടും വളരെയേറെ സ്നേഹമുണ്ടായിരുന്നു. എത്രയധികമെന്നാൽ അക്കാലത്ത് പിന്നീട് അത് ഒരു ശൈലീ പ്രയോഗമായി മാറി. അതായത്, ഓരോ മഹ്മൂദിനും ഓരോ അയാസ് ഉണ്ടായിരുന്നെങ്കിൽ ഓരോ അയാസിനും മഹ്മൂദിനെ കിട്ടിയിരുന്നെങ്കിൽ..............

ഈ സ്നേഹത്തിൽ അസൂയയുള്ളവരും ഉണ്ടായിരുന്നു. അവർ എന്തെങ്കിലുമൊക്കെ തന്ത്രങ്ങൾ മെനഞ്ഞ് കൊണ്ടിരുന്നു. ഒരു ദിവസം അയാസിനെക്കുറിച്ച് പ്രചരിപ്പിച്ചത് അയാസ് എല്ലാ ദിവസവും ഒരു സ്ഥലത്തേക്ക് പോകുന്നുവെന്നാണ്. രാജാവിനോട് പറഞ്ഞു. നിങ്ങളയാളെ വളരെ വിശ്വസ്തനാണെന്ന് കരുതുന്നു. പക്ഷെ അയാൾ വിശ്വാസവഞ്ചകനാണ്. രാജ്യത്തിന്റെ സമ്പത്തെല്ലാം ഒരു സ്ഥലത്തേക്ക് അയാൾ ഒളിപ്പിച്ചുവെക്കുന്നുണ്ട്. ഒരു റെയ്ഡ് നടത്തിയാൽ സംഗതി വെളിച്ചത്ത് വരും ഞങ്ങളും സഹായിക്കാൻ തയ്യാറാണ്. അയാസ് യഥാർത്ഥത്തിൽ ഒരു സ്ഥലത്ത് ഒളിച്ച് പോയിരുന്നു. പോകുന്ന സ്ഥലത്തെ മുറിക്ക് വലിയ വലിയതാഴുകളും ഇട്ടിരുന്നു. കാവലുണ്ടായിരുന്നത് കാരണം ആർക്കും അവിടെ പോവാൻ കഴിഞ്ഞിരുന്നില്ല.

16

# കർമശാസ്ത്രം

## ജുമുഅ ഖുതുബ

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു. ഖുതുബ എഴുന്നേറ്റ് നിന്ന് കൊടുക്കുക എന്നു ള്ളതാണ് ഇസ്ലാമിക സുന്നത്ത്. എന്നാൽ കുറ ച്ച് നാളുകളായി എനിക്ക് എഴുന്നേറ്റ് നിൽ ക്കാൻ സാധിക്കുന്നില്ല. (ഹുസൂർ അന്നേരം കസേരയിൽ ഇരിക്കുകയായിരുന്നു. സന്ധിവേദനയുടെ ഘട്ടമായതിനാൽ എനിക്ക് എഴുന്നേറ്റ് ഖുതുബ നിർവ്വഹിക്കാൻ സാധിക്കുകയില്ല.ഇമാമിന് നിന്ന് നമസ്ക്കരിപ്പിക്കാൻ കഴിയുന്നില്ലെങ്കിൽ മുഖ്തദികളും ഇരുന്ന് നമസ്ക്കരിക്കണമെന്നതായിരുന്നു പ്രാരംഭ ഘട്ടത്തിൽ നബി(സ) ആജ്ഞാപിച്ചിരുന്നത്. എന്നാൽ പിന്നീട് ദൈവിക നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇതിൽ മാറ്റം വരുത്തുകയും എന്തെങ്കിലും കാരണത്താൽ ഇമാം ഇരുന്നു നമസ്ക്കരിപ്പിക്കുകയാണെങ്കിൽ മുഖ്തദികൾ നിന്ന് നമസ്ക്കരിക്കണമെന്ന് അവിടന്ന് അരുളുകയുണ്ടായി. നിന്ന് നമസ്ക്കരിപ്പിക്കാൻ സാധ്യമല്ലാത്തതിനാൽ ഞാൻ ഇരുന്ന് നമസ്ക്കരിപ്പിക്കുന്നതാണ്. സഹോദരന്മാർ എഴുന്നേറ്റ് നിന്ന് അനുഷ്ഠിക്കേണ്ടതാണ്.

## ഖുതുബ ലഘൂകരിക്കൽ

ഖുതുബ ചെറുതും നമസ്ക്കാരം ദീർഘിച്ചതും എന്നതാണ് പൊതുവിലുള്ള തത്വം. എന്നാൽ എന്തെങ്കിലും സാമൂഹ്യ ആവശ്യങ്ങൾ വരുമ്പോൾ ഇതിൽ മാറ്റമാകാം. കാലത്തിന്റെ ഇമാമിന് സമയപാലനം ബാധകമല്ല.എന്തുകൊണ്ടെന്നാൽ കാലത്തിന്റെ ഇമാം സമൂഹത്തിന് നന്മയും പ്രയോജനവും എത്തിക്കുന്ന ഉത്തരവാദിത്തത്തിന്റെ കേന്ദ്രബിന്ദുവാകുന്നു. ജമാഅത്ത് അദ്ദേഹത്തിന്റെ സമയത്തിന്നനുഗുണമായി നിൽക്കേണ്ടതാകുന്നു.

ഹ: മുസ്ലിഹ് മൗഊദ് (റ) പറയുന്നു.നബി(സ)യുടെ കാലത്ത് ജുമുഅ നമസ്ക്കാരത്തെ അപേക്ഷിച്ച് സംക്ഷിപ്ത ഖുതുബ എന്നതായിരുന്നു രീതി.എന്നാൽ ഇക്കാലത്തെ ആവശ്യങ്ങളെ മുൻനിർത്തി ഖുതുബ ദീർഘിപ്പിക്കാവുന്നതാണ്. ഖുതുബയുടെ ലഘൂകരണം നിർബന്ധമോ സുന്നത്തോ അല്ല. വലിയ വലിയ ഉപദേശങ്ങൾ ചെറിയ വാക്യങ്ങളിൽ പറയുക എന്നത് അറേബ്യയിലെ സമ്പ്രദായമായിരുന്നു.നമ്മുടെ നാട്ടിൽ ആളുകൾ നീട്ടിപ്പറയുന്നതിലൂടെയാണ് കാര്യങ്ങൾ ഗ്രഹിക്കുന്നത്.എന്നാൽ അറേബ്യയിൽ വിശാലമായ വിഷയങ്ങൾ രണ്ടുവാചകങ്ങളിലാക്കുവാൻ ശ്രമിച്ചിരുന്നു. ഖുതുബയുടെ ഉദ്ദേശ്യം പരിഷ്ക്കരണമാണ്.

തന്മൂലം നാട്ടിലെ സാഹചര്യങ്ങൾക്കനുഗുണമായി ചിലപ്പോൾ നീണ്ട ഖുതുബകൾ നൽകേണ്ടി വരും. എന്നാൽ ഖുതുബയുടെ ലഘൂകരണം നിർബന്ധമല്ലാത്തതുപോലെ അത് ദീർഘിപ്പിക്കലും നിർബന്ധമുള്ളതല്ല.

ജുമുഅ ഖുതുബ രണ്ടാകുന്നു. ഒന്ന് ഉർദുവിലോ ഉദ്ദേശിക്കുന്ന മറ്റ് ഭാഷകളിലോ ഓതാവുന്നതാണ്. എന്നാൽ രണ്ടാമത്തേത്,അറബിഭാഷയിലുള്ളതും നബി(സ) പറഞ്ഞതുമാകുന്നു.അത് അറബിയിൽ തന്നെ ഓതേണ്ടതാണ്. രണ്ടാം ഖുതുബയ്ക്കിടയിൽ ജമാഅത്തീപരമായ കാര്യങ്ങളെ പറ്റിയുള്ള വിളംബരങ്ങൾ ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ടതിതാണ്. രണ്ടാം ഖുതുബ ഖുർആനിക വചനങ്ങളും ദുആകളും ഉൾക്കൊണ്ടതിനാൽ കൂടുതൽ ഉൽകൃഷ്ടമാണ്. അതിനാൽ കാലത്തിന്റെ ഖലീഫയുടെ പ്രവൃത്തികൾ അനിവാര്യരൂപത്തിലുള്ളതാണ്. എന്നാൽ ഇത് സംബന്ധമായി പൊതുവിലുള്ള നിർദ്ദേശം ഇതാകുന്നു. അത്യാവശ്യം നിർബന്ധമായ കാര്യങ്ങൾ രണ്ടാം ഖുതുബയ്ക്കിടയിൽ പറയാം .എങ്കിലും നീട്ടിപ്പരത്തി പറയുന്നത് ഉചിതമല്ല. സചരിതരായ ഖലീഫമാരുടെ പ്രവൃത്തികളിൽ നിന്നും ഇക്കാര്യം വ്യക്തമാകുന്നുണ്ട്. ഖലീഫത്തുൽ മസീഹ് സാനിയുടെ ഖുതുബകൾ ശ്രവിച്ചിട്ടുള്ളവർ ഇതിനെ പിന്തുണക്കുന്നതുമാണ്.അഥവാ രണ്ടാം ഖുതുബയിൽ നീട്ടിപ്പരത്തി വിളംബരങ്ങൾ ചെയ്യുന്നതിനുള്ള ഉചിത സന്ദർഭമല്ല.

**കാലത്തിന്റെ ഖലീഫയ്ക്ക് പുറമേ ജുമുഅ ഖുതുബയോ ഈദ് ഖുതുബയോ - ഖുതുബ ഒരാളും നമസ്ക്കാരം മറ്റൊരാളും എന്ന നിലയിൽ അനുഷ്ഠിക്കുന്നത് അനുവദനീയമാണോ?**

ഇത് സംബന്ധമായി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനിയുടെ നടപടിക്രമമിതാണ്. ഖാദിയാൻ നുബുവ്വത്ത് 2 ഹിജ്രി 1321 – ഇന്നേദിവസം ഹുസൂർ ഖുതുബ നൽകുകയുണ്ടായി. അതിന് വേണ്ടി ഹുസൂർ കസേരയിൽ ഇരിക്കുകയും ഏതാനും സഹോദരന്മാർ അത് വഹിച്ച് കൊണ്ട് മസ്ജിദിൽ കൊണ്ടുവരികയും ചെയ്തു. അനന്തരം ഹുസൂർ നിന്നുകൊണ്ട് ഖുതുബ നൽകി. മൗലവി ശേർ അലി സാഹിബ് നമസ്ക്കരിപ്പിച്ചു. ഹുസൂർ ഇരുന്നുകൊണ്ടാണ് നമസ്ക്കാരം നിർവ്വഹിച്ചത്.(അൽഫസൽ 1942)

കാലത്തിന്റെ ഇമാം രോഗം നിമിത്തമോ മറ്റ് കാരണങ്ങളാലോ ഉചിതമായി തോന്നുന്ന പക്ഷം ജുമുഅ ഖുതുബയോ ഈദ് ഖുതുബയോ സ്വയം നിർവ്വഹിക്കുകയും നമസ്ക്കാരം മറ്റൊരാളോട് അനുഷ്ഠിക്കാൻ പറയുക എന്നതും അഹ്മദിയ്യാ ജമാഅത്തിൽ നിടപ്പിലായതും അംഗീകരിക്കപ്പട്ടിട്ടുള്ളതുമാണ്.എന്നാൽ ഖുലഫാക്കളൊഴികെ അഥവാ പ്രാദേശിക അമീർ, പ്രസിഡന്റ്, മുറബ്ബി എന്നിവർ ഇക്കാര്യത്തിൽ എന്തു ചെയ്യണമെന്നതിന് നിവാരണം നൽകിക്കൊണ്ട് ഹ:ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) പറയുന്നു: ഇത് കേവലം ഖലീഫയ്ക്ക് അദ്ദേഹത്തിന്റെ ഉത്തരവാദിത്തങ്ങളെ മുൻനിർത്തി യുള്ള അനുവാദമാകുന്നു.

വിവ: ടി.കെ. മഹ്മൂദ് കൽകുളം

രാജാവ് പറഞ്ഞു, ശരി, ഞാൻ നോക്കട്ടെ. അങ്ങിനെ രാജാവ് അവിടെ എത്തി .അയാസും കൂടെയുണ്ടായിരുന്നു. താഴുകൾ തുറക്കാൻ രാജാവ് കൽപ്പിച്ചു. രാജാവിനെയല്ലാതെ മറ്റാരെയും അകത്ത് കടക്കാതിരിക്കാൻ അയാൾ ശ്രദ്ധിച്ചിരുന്നു.പക്ഷെ രാജാവ് പറഞ്ഞത്, അവരുടെ ആരോപണമാണ്. അതുകൊണ്ട് അവരും മുറിയിലുള്ളത് കാണട്ടെ

മുറി തുറന്നപ്പോൾ അതിനുള്ളിൽ പഴകിയ വസ്ത്രങ്ങളും കേട് വന്ന തൊപ്പിയും പഴകിയ ഷൂവും മാത്രമാണുണ്ടായിരുന്നത്.



എല്ലാവരും അൽഭുതപ്പെട്ടത് ഈ സാധനങ്ങൾ സൂക്ഷിക്കാൻ എന്തിനാണ് ഇത്രയധികം താഴുകൾ എന്നതിലായിരുന്നു. രാത്രിയിൽ ആരും കാണാതെ എന്തിനാണ് അയാൾ വന്നിരുന്നത്? രാജാവ് ചോദിച്ചു, എന്താണ് ഇതിന്റെയൊക്കെ രഹസ്യം ?

അയാസ് പറഞ്ഞു, ഞാൻ എന്റെ പഴയ കാലം മറക്കാൻ ആഗ്രഹിക്കുന്നില്ല. ഞാൻ എപ്പോഴും എന്നെ ഓർമ്മപ്പെടുത്താൻ ആഗ്രഹിച്ചത്,അയാസ്! നിനക്കെന്ത് വിലയാണുണ്ടായിരുന്നത്. നീ ഒരു സാധാരണ വ്യക്തിയായിരുന്നു. നിന്റെ വസ്ത്രങ്ങളും തൊപ്പിയും ഷൂകളും കീറിപ്പറിഞ്ഞതായിരുന്നു. പലപ്പോഴും നിനക്ക് ഭക്ഷണം പോലും കിട്ടിയിരുന്നില്ല.എന്നാൽ ഇന്ന് നിന്റെ യജമാനൻ മഹ്മൂദ് നിനക്ക് ചെയ്ത് തന്ന ഔദാര്യങ്ങളെ ഓർത്ത് നോക്ക്. നിന്നെ എവിടെ നിന്ന് എവിടേക്കാണ് എത്തിച്ചത്.

ഈ സംഭവം വിവരിച്ച് കൊണ്ട് ഞാൻ നിങ്ങളോട് പറയാനാഗ്രഹിക്കുന്നത്, അല്ലാഹുവിനെ സ്നേഹിക്കാൻ നമുക്കും അയാസിനെപ്പോലെ പഴയ വസ്ത്രങ്ങൾ സൂക്ഷിക്കേണ്ടതുണ്ട്. നാം എത്ര നിസ്സാരരാണെന്നും ലോകത്തിന്റെ മുഴുവൻ യജമാനനായ അല്ലാഹു നമ്മെ സ്നേഹി ക്കുന്നുവെന്നും നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. ആയതിനാൽ നിങ്ങളുടെ യാഥാർത്ഥ്യം ഒരിക്കലും മറക്കരുത്. അവൻ അനുഗ്രഹിക്കുന്തോറും കൂടുതൽ കൂടുതൽ അവന്റെ തിരുസന്നിധിയിൽ കുനിയേണ്ടതാണ്. ചുരുക്കത്തിൽ അയാസ് നമ്മെ പഠിപ്പിക്കുന്നത്, മനുഷ്യൻ അവന്റെ യഥാർത്ഥ നിലയെ മറക്കരുത് എന്നാണ്.

*(മജ്‌ലിസ് അത്ഫാലുൽ അഹ്മദിയ്യാ ഇജ്തിമാഅ്*
*(ഉൽഘാടന പ്രഭാഷണം. 16.10.1982)*

**നമുക്ക് താരതമ്യം ചെയ്യാം**

**ആഫ്താബ്**

فَلَمَّا قَضَيْنَا عَلَيْهِ الْمَوْتَ مَا دَلَّهُمْ عَلَىٰ مَوْتِهِ إِلَّا دَابَّةُ الْأَرْضِ تَأْكُلُ مِنسَأَتَهُ ۖ فَلَمَّا
خَرَّ تَبَيَّنَتِ الْجِنُّ أَن لَّوْ كَانُوا يَعْلَمُونَ الْغَيْبَ مَا لَبِثُوا فِي الْعَذَابِ الْمُهِينِ ﴿١٥﴾ (34:15)

# വടിയിൽ ചാരി നിൽക്കുന്ന മൃതദേഹം

## ജമാഅത്തെ ഇസ്ലാമി

***അർത്ഥം:*** പിന്നെ സുലൈമാനിൽ നാം മരണത്തിന്റെ വിധി നടത്തിയപ്പോൾ യാതൊരു വസ്തുവും ഈ മരണം അവരെ(ജിന്നുകളെ)അറിയിച്ചില്ല. അദ്ദേഹത്തിന്റെ വടി തിന്നുകൊണ്ടിരിക്കുന്ന ചിതലുകളല്ലാതെ. അങ്ങനെ സുലൈമാൻ നിലംപതിച്ചപ്പോൾ ജിന്നുകൾക്ക് ബോധ്യമായി തങ്ങൾ അതി ഭൗതിക രഹസ്യങ്ങൾ അറിയുന്നവരായിരുന്നുവെങ്കിൽ ഹീനമായ ഈ ശിക്ഷയിൽ അകപ്പെടുകയില്ലായിരുന്നുവെന്ന്.

***വ്യാഖ്യാനം:*** ഖുർആൻ നമുക്ക് മുന്നിൽ വരഞ്ഞ് കാണിക്കുന്ന ചിത്രമിതാണ്. സുലൈമാൻ നബിക്ക് മരണം സംഭവിച്ചത് അദ്ദേഹം വടിയൂന്നിയിരിക്കുകയോ നിൽക്കുകയോ ചെയ്യുമ്പോഴാണ്. ആ വടി കാരണം അദ്ദേഹത്തിന്റെ മൃതദേഹം അതേപടി നിലകൊണ്ടു. അദ്ദേഹം ജീവനോടെയിരിക്കുകയാണെന്ന ധാരണയിൽ ജിന്നുകൾ അദ്ദേഹത്തെ സേവിച്ചുകൊണ്ടിരുന്നു. ഒടുവിൽ വടി ചിതൽ തിന്ന് പൊള്ളയായി നശിച്ചപ്പോൾ മൃതദേഹം നിലം പതിച്ചു. ആ സന്ദർഭത്തിലാണ് അദ്ദേഹം നിര്യാതനായിരിക്കുന്നുവെന്ന് ജിന്നുകൾ മനസ്സിലാക്കിയത്.

*(തഫ്സീറുൽഖുർആൻ ഭാഗം 4 പേജ് 178-179)*
*മൗലവി മൗദൂദി ഐ.പി.എച്ച് കോഴിക്കോട്*

## മുജാഹിദ്

***അർത്ഥം:*** അങ്ങനെ അദ്ദേഹത്തിന്റെ മേൽ നാം മരണം വിധിച്ചപ്പോൾ അദ്ദേഹത്തിന്റെ മരണത്തെക്കുറിച്ച് അദ്ദേഹത്തിന്റെ വടി തിന്നു (നശിപ്പിച്ചു)കൊണ്ടിരുന്ന ചിതൽ ജീവിയല്ലാതെ (മറ്റാരും) അവർക്ക് അറിവ് നൽകുകയുണ്ടായില്ല. എന്നിട്ടും അദ്ദേഹം (മരണ ശേഷം) നിലംപതിച്ചപ്പോൾ ജിന്നുകൾക്ക് വ്യക്തമായി തങ്ങൾ അദൃശ്യകാര്യം അറിയുമായിരുന്നുവെങ്കിൽ തങ്ങൾ (ഈ) നിന്ദ്യമായ നിലയിൽ (ദുരിതത്തിൽ) കഴിഞ്ഞുകൂടേണ്ടിവരുമായിരുന്നില്ല എന്ന്.

***വ്യാഖ്യാനം:*** പതിവ് പ്രകാരം സുലൈമാൻ നബി (അ) തന്റെ വടി ഊന്നിപ്പിടിച്ച് കൊണ്ട് ആരാധനയിലോ മറ്റോ ആയിരിക്കെ അദ്ദേഹത്തിന്റെ ആയുഷ്ക്കാലത്തിന് അല്ലാഹു വിരാമമിട്ടു. മരണപ്പെട്ടുവെങ്കിലും ആ അവസ്ഥയിൽ അദ്ദേഹം വടി ഊന്നിപ്പിടിച്ച അതേ രൂപത്തിൽ തന്നെ അവശേഷിച്ചു. നിലംപതിച്ചില്ല. മരണവാർത്ത ആരും അറിഞ്ഞതുമില്ല. കുറേ കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ഊന്ന് വടിക്ക് ചിതൽ ബാധിച്ചു. ആ വടി നിലത്ത് വീഴുകയും അദ്ദേഹം നിലം പതിക്കുകയും ചെയ്തു. അപ്പോഴാണ് അദ്ദേഹം മരണപ്പെട്ടിട്ടുണ്ടെന്ന് അറിവായത്.

കുത്തിപ്പിടിച്ച്നിൽക്കുന്ന ആ വടിയുടെ അടിഭാഗം കുറച്ച് ചിതൽ പറ്റുന്നതോടെ തൂക്കത്തിന്റെ സമനില തെറ്റുകയും മൃതദേഹം മറിഞ്ഞ് വീഴുകയും ചെയ്യുമെന്ന് പറയേണ്ടതില്ലല്ലോ. പക്ഷെ അദ്ദേഹം വീണപ്പോൾ തങ്ങൾക്ക് അദൃശ്യ കാര്യം അറിയാമെങ്കിൽ ഈ നിന്ദ്യമായ ദുരിതത്തിൽ കഴിഞ്ഞ് കൂടേണ്ടിയിരുന്നില്ല എന്ന് പറഞ്ഞതിൽ നിന്ന് അദ്ദേഹം മരണപ്പെടുന്നതിനും നിലം പതിച്ചതിനുമിടയിൽ കുറച്ച് ദിവസങ്ങളെങ്കിലും കഴിഞ്ഞിട്ടുണ്ടാവണമെന്നത്രെ മനസ്സിലാകുന്നത്. യഥാർത്ഥത്തിൽ അതെത്ര നാളായിരുന്നുവെന്ന് നിർണ്ണയിക്കുവാൻ തെളിവില്ല.

*(വി. ഖുർആൻ വിവരണം ഭാ: 3 പേ: 2648- 2649)*
*അമാനി മൗലവി, കേരളാ നദ്‌വത്തുൽ മുജാഹിദീൻ*

## അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്

***അർത്ഥം:*** അങ്ങനെ അദ്ദേഹത്തിന് നാം മരണം വിധിച്ചപ്പോൾ അദ്ദേഹത്തിന്റെ മരണത്തെ സംബന്ധിച്ച് അവർക്ക് അറിവ് നൽകിയത് അദ്ദേഹത്തിന്റെ അധികാര ദണ്ഡ് കരണ്ടുതിന്നുകയായിരുന്ന ഒരു ഭൗമിക ജീവിയല്ലാതെ മറ്റൊന്നുമായിരുന്നില്ല.അങ്ങനെ ആ ഭരണം വീണപ്പോൾ ഞങ്ങൾ പരോക്ഷ കാര്യങ്ങൾ അറിയുന്നവരായിരുന്നെങ്കിൽ അപമാനകരമായ ഈ ശിക്ഷയിൽ കഴിഞ്ഞ് കൂടേണ്ടി വരുമായിരുന്നില്ലെന്ന കാര്യം ജിന്നുകൾക്ക് വ്യക്തമായി.

***വിശദീകരണം:*** ഇവിടെ ജിന്നുകൾ എന്നതുകൊണ്ടുള്ള വിവക്ഷ മലമ്പ്രദേശ നിവാസികളാണെന്ന് മേൽ ആയത്തുകളിൽ നിന്ന് വ്യക്തമാകുന്നു. ഇവിടെ ദാബ്ബത്തുൽ അർള് (ഭൗമിക ജീവി ) എന്നതുകൊണ്ടുള്ള ഉദ്ദേശ്യം സുലൈമാൻ നബിയുടെ മരണാനന്തരം അധികാരത്തിൽ വന്ന അദ്ദേഹത്തിന്റെ മകൻ റഹ്ബയാ ആണ്. അയാൾ ഭൗതികതയിൽ ആപതിച്ച് സുഖലോലുപനും ഭരണം നടത്താൻ അയോഗ്യനുമായിരുന്നു. അയാളുടെ കൊള്ളരുതായ്മയും നയശൂന്യതയും നിമിത്തം ഭരണം താറുമാറായി. മലമ്പ്രദേശ വാസികൾ വിപ്ലവം നടത്തി. അങ്ങനെ സാമ്രാജ്യം രണ്ടായിപ്പിളർന്നു. ബൈബിൾ പഴയ നിയമം 1-ാംരാജാക്കന്മാർ 12-ാം അദ്ധ്യായത്തിൽ ഇതെല്ലാം വിവരിച്ചിട്ടുണ്ട്. ആ ചരിത്ര സംഭവങ്ങളാണ് ഇവിടെ സൂചിപ്പിച്ചത്. മനുഷ്യനെ സംബന്ധിച്ച് ദാബ്ബത്ത് എന്ന പ്രയോഗം ഒന്നിലധികം സ്ഥലങ്ങളിൽ വന്നിട്ടുണ്ട്. (ഉദാ: 24:46, 8:23)

വാഗ്ദത്ത മസീഹിന്റെ കത്തുകൾ

സമ്പാ: സുൽത്താൻ നസീർ

# ഹഖ് മഹർ

بسم الله الرحمن الرحيم

نحمده ونصلي علي رسوله الكريم

السلام عليكم ورحمة الله وبركاته

എനിക്ക് ഏറ്റവും പ്രിയപ്പെട്ട മുബാറക്കാ ബേഗത്തിനെ സംബന്ധിച്ച് താങ്കളുടെ ഭാഗത്ത് നിന്ന് ലഭിച്ച നിർദ്ദേശത്തെക്കുറിച്ച് ഞാൻ ഒരു പാട് ദിവസം ആലോചിച്ചു. ഇന്ന് അല്ലാഹു എന്റെ ഹൃദയത്തിൽ ഇട്ടുതന്ന ഈ ഒരു നിബന്ധനയോട് കൂടി എനിക്ക് ഈ ബന്ധത്തിൽ യാതൊരു വിധ പരാതിയും ഇല്ല. താങ്കൾക്ക് ഇതിൽ പരാതിയുണ്ടാവില്ല എന്ന് പ്രതീക്ഷിക്കുന്നു. താങ്കളുടെ ഭൂസ്വത്തിൽ നിന്ന് രണ്ട് വർഷം കൊണ്ട് ലഭിച്ച വരുമാനം അതായത് 50,000/- രൂപ മഹറായി നിശ്ചയിക്കണമെന്നാണ്. അത് താങ്കളുടെ ഭാഗത്ത് നിന്ന് ഈ നിബന്ധന അംഗീകരിച്ച് കൊണ്ടുള്ള ഒരു ശറഈ ആയിട്ടുള്ള രേഖ എഴുതിയത് ലഭിക്കേണ്ടതാണ്. താങ്കൾ ആത്മാർത്ഥതയിൽ അങ്ങേയറ്റം മുഴുകിയ ആളാണെന്ന് എനിക്ക് നല്ലവണ്ണം അറിയാം. ജീവാർപ്പണം ചെയ്യാൻ പോലും താങ്കൾക്ക് യാതൊരു മടിയുമില്ല എന്ന കാര്യം താങ്കൾ എല്ലാ വിധത്തിലും തെളിയിച്ചിട്ടുണ്ട്. എന്നാൽ ഞാൻ എഴുതിയ കാര്യങ്ങൾ ഒന്നാമതായി അത് താങ്കൾക്ക് അല്ലാഹു നൽകിയ കഴിവിനേക്കാൾ കൂടുതലായിട്ടുള്ളതല്ല. അതുപോലെ എനിക്ക് ഇതുമായി ബന്ധപ്പെട്ട് താങ്കളുടെ വ്യക്തിത്വത്തിൽ നഊദുബില്ലാ യാതൊരു തെറ്റിദ്ധാരണയും ഇല്ല. ഈ കാര്യം അല്ലാഹു എന്റെ ഹൃദയത്തിൽ ഈ വിധത്തിൽ ഇട്ട് തന്നിരിക്കുന്നു. പ്രത്യക്ഷത്തിൽ ഇതിന് ശരിയായ ഒരു അടിസ്ഥാനവുമുണ്ട്. മരണത്തെയും ജീവിതത്തേയും കുറിച്ച് യാതൊരു ഉറപ്പുമില്ല. താങ്കളുടെ കുടുംബത്തിൽ നടന്ന് വരുന്ന രീതി അനുസരിച്ച് സ്ത്രീകൾക്ക് അവരുടെ ശറഇയായിട്ടുള്ള അവകാശം ലഭിക്കാറില്ല. പിന്നീട് ചിലവിനായി ഏതെങ്കിലും നിശ്ചയിക്കുകയാണെങ്കിൽ അത് സംശയാസ്പദവും തന്റെ അധീനതയിൽ പെട്ടതല്ലാത്തതുമായിരിക്കും. അല്ലാഹു താങ്കളുടെ മക്കൾക്ക് ദീർഘായുസ്സ് നൽകുമാറാകട്ടെ. അവർക്ക് പ്രായപൂർത്തിയെത്തിയതിന് ശേഷം അവരുടെ ചിന്താഗതിയും അവരുടെ ഉദ്ദേശ്യവും അനുസരിച്ച് ജീവിക്കുന്നവരായിരിക്കട്ടെ. ഹഖ് മഹർ നിശ്ചയിക്കൽ ഒരു അവിതർക്കിതമായ കാര്യമാണ്. അല്ലാഹു നിലനിർത്തിയ ഒരു നിശ്ചിത അവകാശമാണിത്. നിരാലംബരായ സ്ത്രീകൾ ഈ അവകാശത്തിന്റെ സഹായം കൊണ്ട് ആ ശ്രമങ്ങളിൽ നിന്ന് സുരക്ഷിതരായിരിക്കും. താങ്കളുടെ ജീവിതകാലത്ത് ഈ മഹർ ആവശ്യപ്പെടുന്നില്ല. എന്നാൽ പെൺകുട്ടി ജീവിച്ചിരിക്കുകയും താങ്കളുടെ പ്രായം കുറ് പുലർത്താതിരിക്കുകയും ചെയ്താൽ അവളുടെ സമാധാനത്തിനും തൃപ്തിക്കും വേണ്ടി ബുദ്ധിമുട്ടുകളിൽ നിന്ന് സുരക്ഷിതരായിരിക്കുന്നതിന് വേണ്ടിയും ഈ ഒരു കാര്യവും ഇത്രമാത്രം മഹറും മതിയായതായിരിക്കും. മറ്റുള്ളവരുടെ മുമ്പിൽ ആത്മാഭിമാനവും ആഭിജാത്യവും നിലനിൽക്കുന്നതിന് വേണ്ടി ഇതിനെക്കുറിച്ച് ചിന്തിക്കാൻ ഞാൻ താങ്കൾക്ക് അനുവാദം നൽകുന്നില്ല. ഇതൊരു ഉറച്ച തീരുമാനമാണ്. താങ്കൾ ഈ രണ്ട് കാര്യവും പൂർത്തിയാക്കുകയാണെങ്കിൽ പെൺകുട്ടിയുടെ വിവാഹം ഒരു വർഷത്തിന് ശേഷം നടത്താമെന്നാണ് ഞാൻ ഉദ്ദേശിക്കുന്നത്. എന്നാൽ ചൊവ്വാഴ്ച നടക്കട്ടെ. ഇത് എന്റെ ഭാഗത്ത് നിന്നുള്ള ഒരു ഉറച്ച തീരുമാനമാണ്. ഇതിൽ ഏതെങ്കിലും വിധത്തിലുള്ള കുറവോ കൂടുതലോ ഉണ്ടാകുന്നതല്ല ഇക്കാരണം കൊണ്ടും ഈ ചിന്ത കൊണ്ടും ഈ പ്രതീക്ഷയോടും കൂടി ഞാൻ പ്രിയപ്പെട്ട സയ്യിദ് മുഹമ്മദ് ഇസ്മായീലിനെ ചൊവ്വാഴ്ച വരെ നിർത്തിയിരിക്കുന്നു. അഥവാ താങ്കളുടെ ഭാഗത്ത് നിന്ന് ഈ നിബന്ധനയ്ക്ക് അനുവാദം ലഭിച്ചില്ലെങ്കിൽ അവൻ നാളെ തന്നെ അവന്റെ ജോലിയിലേക്ക് തിരിച്ച് പോകുന്നതായിരിക്കും.

വസ്സലാം

12.2.1908 മിർസാ ഗുലാം അഹ്മദ്

*നോട്ട്: ഈ കത്ത് കൊണ്ട് വന്ന മുഹമ്മദ്സാഹിബിനോട് ഒരു നിബന്ധനയുമില്ലാതെ എല്ലാം അംഗീകരിക്കുന്നു എന്ന് വാക്കാൽ മറുപടിനൽകി. (മുഹമ്മദ് അലി ഖാൻ)*



## വിജ്ഞാനവേദി

ഹ:ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ് )

# എല്ലാ നല്ലകാര്യങ്ങളും

**അൻസാറുല്ലാഹ്, ഖുദ്ദാമുൽ അഹ്മദിയ്യാ പ്രതിജ്ഞകളിൽ എല്ലാ നല്ല കാര്യങ്ങളും അനുസരിക്കും എന്നത് കൊണ്ടുള്ള വിവക്ഷ എന്താണ്?**

ഈ പദം വിശുദ്ധ ഖുർആനിൽ നിന്നെടുത്തതാണ്. നബി(സ) സ്ത്രീകളിൽ നിന്ന് ബയ്അത്ത് വാങ്ങുമ്പോൾ അവരോട് പറഞ്ഞതായാണ് അത് പരാമർശിച്ചിരിക്കുന്നത്.

ഈ പദം സ്ത്രീകൾക്കുവേണ്ടി ഉപയോഗിച്ചതിന്റെ കാരണം ഒരു പക്ഷെ സ്ത്രീകൾ ചില ദൈനംദിന കാര്യങ്ങൾ വിശുദ്ധ ഖുർആനിൽ വിശദമായി പറയപ്പെടാത്തവ, കുടുംബപ്രശ്നങ്ങൾ, സാമൂഹിക ജീവിതം എന്നിവ ബയ്അത്തിന് കീഴിലല്ലെന്ന് പറയാം. വെറും മതപരമായ കാര്യങ്ങളിൽ ഞങ്ങൾ അങ്ങയെ അനുസരിക്കുകയുള്ളുവെന്നും പറയുമായിരിക്കും. അതുകൊണ്ട് ദൈവ നിർദ്ദേശപ്രകാരമായിരിക്കാം ഈ വാചകം നബി(സ) ബയ്അത്തിൽ ഉൾപ്പെടുത്തിയത്.അതിനർത്ഥം മതപരമാണെങ്കിലും അല്ലെങ്കിലും ഞങ്ങൾ അങ്ങയെ അനുധാവനം ചെയ്യുന്നതാണ് എന്നാകുന്നു.

ഈ വാചകം ആളുകൾക്ക് ജമാഅത്തിപരമായ ഉത്തരവാദിത്വങ്ങൾ പരിമിതപ്പെടുത്തുകയാണെന്നാണ് ചിലർ കരുതുന്നത്. എന്നാൽ യാഥാർത്ഥ്യം മറിച്ചാണ്. ഈ വാചകം ബയ്അത്ത് ചെയ്യുന്ന ആളെ മതപരമായ പരിധിയിൽ മാത്രമല്ല എല്ലാ നല്ലകാര്യങ്ങളും അനുസരിക്കണമെന്ന വിശാലമായ അർത്ഥം നൽകുന്നതിന്റെ പരിധിയിൽ കൊണ്ടുവരുന്നു. അതാകട്ടെ വിശുദ്ധ ഖുർആനിൽ ഉണ്ടെങ്കിലും ഇല്ലെങ്കിലും ശരി വിശുദ്ധ ഖുർആന് എതിരായ അധ്യാപനത്തിൽ എത്തുമ്പോൾ മാത്രമേ ഈ അതിർവരമ്പ് പൊട്ടിപ്പോകുന്നുള്ളൂ.

# അന്തരീക്ഷമലിനീകരണം

**അന്തരീക്ഷം മലിനമാക്കുന്നതിനും വൃക്ഷങ്ങൾ മുറിക്കുന്നതിനുമെതിരിൽ ഇസ്ലാമിക അധ്യാപനം എന്താണ്?**

നബി(സ) നൽകിയിട്ടുള്ള അധ്യാപനങ്ങൾ അനുസരിച്ച് വൃക്ഷങ്ങൾ മുറിക്കുന്നത് ശരിയല്ല, പ്രകൃതി നിയമങ്ങളെ സാധ്യമാകുന്നിടത്തോളം സംരക്ഷിക്കേണ്ടതാണ്. അത്യാവശ്യങ്ങൾക്ക് വേണ്ടി മരം മുറിക്കുമ്പോൾ തൽസ്ഥാനത്ത് മറ്റൊരു വൃക്ഷം നടേണ്ടതാണ്. ഇസ്ലാമിക അധ്യാപന പ്രകാരം ഒരു മരം മുറിക്കുമ്പോൾ പത്തെണ്ണം വെച്ചുപിടിപ്പിക്കണം. മനുഷ്യകുലത്തിന് അതുമുഖേന പ്രയോജനം ഉണ്ടാകാൻ വേണ്ടിയാണ്.

ഇതാണ് ഇസ്ലാമിക അധ്യാപനങ്ങളുടെ ആത്മാവ്. അതുമുഖേന വായു മലിനമാകാതെ മനുഷ്യൻ രക്ഷപ്പെടുന്നതാണ്. ഈ നാട്ടുകാരുടേയും (യൂറോപ്പ്) നിയമം ഒരു മരം മുറിക്കേണ്ടിവന്നാൽ അല്ലെങ്കിൽ നിർബന്ധിത സാഹചര്യത്തിൽ മുറിച്ചാൽ തൽസ്ഥാനത്ത് മറ്റൊന്ന് വച്ച് പിടിപ്പിക്കണമെന്നാണെന്നു തോന്നുന്നു.

*സമ്പാ : അബൂസബാഹ്.*



# മേഖലാ ഇജ്ത്തിമാ
# മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ അത്ഫാലുൽ അഹ്മദിയ്യാ

## സൗത്ത് ഇലാഖാ ഇജ്തിമ സമാപിച്ചു

**തിരുവനന്തപുരം:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ അത്ഫാലുൽ അഹ്മദിയ്യാ സൗത്ത് ഇലാഖ ഇജ്തിമ




യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് സെന്റർ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. അഖിലേന്ത്യ സദറിന്റെ പ്രതിനിധി കശ്മീർ സോണൽ ഖാഇദ് താരിഖ് ഹുസൈൻ മീർ സാഹിബ് പതാക ഉയർത്തിയതോടെ ഇജ്തിമയ്ക്ക് തുടക്കം കുറിച്ചു. യാസർ അറഫാത്ത് സാഹിബ് വിശുദ്ധഖുർആൻ പാരായണം നിർവഹിച്ചു. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുക എന്നതാണ് ഇജ്തിമകളുടെ ലക്ഷ്യമെന്ന് ആമുഖ പ്രഭാഷണത്തിൽ ഇലാഖ ഖാഇദ് ഇ.എച്ച്. നജീബ് സാഹിബ് പറഞ്ഞു. ജീവിതം തഖ്‌വയിൽ നിലനിർത്താൻ പരിശ്രമിക്കണമെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച തിരുവനന്തപുരം സോണൽ അമീർ അഹ്മദ് ശരീഫ് സാഹിബ് അഭിപ്രായപ്പെട്ടു. നൻമ കല്പിക്കുകയും തിൻമയെ വിരോധിക്കുകയും ചെയ്യുന്ന



വരായി നാം മാറണമെന്ന് ഇജ്തിമ ഉദ്ഘാടനം ചെയ്തുകൊണ്ട് താരിഖ് ഹുസൈൻ മീർ സാഹിബ് അഭിപ്രായപ്പെട്ടു. തബ്‌ലീഗ് മൈതാനത്തേക്ക് നാം കുതിച്ച് മുന്നേറണം. തബ്‌ലീഗ് ചെയ്യുന്നവർ മാത്രമേ രക്ഷ പ്രാപിക്കുകയുള്ളുവെന്നും അദ്ദേഹം ഓർമപ്പെടുത്തി.

തിരുവനന്തപുരം ജമാഅത്ത് പ്രസിഡന്റ് മുഹമ്മദ് നിസാർ സാഹിബ്, എറണാകുളം മേഖല നാസിം അൻസാറുല്ലാ പി.കെ ശാഹുൽ ഹമീദ് സാഹിബ്, തിരുവനന്തപുരം നാസിം അൻസാറുല്ല അബ്ദുല്ലാ സാഹിബ് എന്നിവർ ആശംസകൾ നേർന്നു. ഇസ്‌ലാമിന്റെ വിജയത്തിൽ അഹ്മദിയുവാക്കളുടെ വിദ്യാഭ്യാസ മുന്നേറ്റത്തിന്റെ പങ്ക് എന്ന വിഷയത്തെക്കുറിച്ച് സത്യദൂതൻ എഡിറ്റർ ഏ.എം. മുഹമ്മദ് സലിം സാഹിബും, സത്യജമാഅത്തിനെതിരിൽ അസത്യ പ്രചരണങ്ങൾ എന്ന വിഷയത്തെ കുറിച്ച് മൗലവി എം. നാസിർ അഹ്മദ് സാഹിബും പ്രഭാഷണം നടത്തി. വിശ്വമാനവികത നബി(സ)തിരുമേനിയിലൂടെ എന്ന വിഷയത്തെക്കുറിച്ച് സംഘടിപ്പിച്ച ചർച്ചാവേദി ശ്രദ്ധേയമായി. ഇ. എച്ച് നജീബ്, മൗലവി അബ്ദുൽ മുജീബ് സാഹിബ്, മൗലവി സുൽത്താൻ നസീർ സാഹിബ്, മൗലവി മുബശിർ സാഹിബ്, അഹ്മദ് ശാഫി സാഹിബ് എന്നിവർ ചർച്ചയിൽ പങ്കെടുത്തു. ഖാദിമീംകൾക്കും അത്ഫാലുകൾക്കുമായി വൈജ്ഞാനിക മത്സരങ്ങൾ നടത്തി. മൗലവി ശഫീഖ് അഹ്മദ് സാഹിബിന്റെ നേതൃത്വത്തിൽ കുട്ടികൾക്കായി വിവിധ സ്ഥലങ്ങളിലേക്ക് നടത്തിയ ടൂർ പ്രോഗ്രാം വിജ്ഞാനവും ആഹ്ളാദവും പകർന്നു. ഞായറാഴ്ച ഉച്ചക്ക് നടന്ന സമാപനയോഗത്തിൽ എറണാകുളം സോണൽ അമീർ ബി. ബി. അഹ്മദ് കബീർ സാഹിബ് അദ്ധ്യക്ഷത വഹിച്ചു. കുട്ടികൾ സ്കൂളിലും മറ്റും സഹപാഠികൾക്ക് തബ്‌ലീഗ് ചെയ്യുന്നവരായി മാറണമെന്ന് അദ്ദേഹം പറഞ്ഞു. എച്ച്.അഹ്മദ് ശാഫി സാഹിബ് നന്ദി പറഞ്ഞു. ഖുദ്ദാം വിഭാഗത്തിൽ കാക്കനാട് മജ്‌ലിസും അത്ഫാൽ വിഭാഗത്തിൽ ഐരാപുരം മജ്‌ലിസും ഒന്നാം സ്ഥാനം കരസ്ഥമാക്കി. യാസർ അറഫാത്ത് സാഹിബ് (കാക്കനാട് ) ഖുദ്ദാം വ്യക്തിഗത ചാമ്പ്യനായി.

## മദ്ധ്യമേഖലാ ഇജ്ത്തിമാ

**പള്ളിപ്പുറം:** പള്ളിപ്പുറത്ത് പുതുതായി നിർമ്മിച്ചിരിക്കുന്ന പള്ളിയിൽ വെച്ചാണ് മദ്ധ്യമേഖലാ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ– അത്ഫാലുൽ അഹ്മദിയ്യാ ഇജ്ത്തിമാ നടന്നത് . പതാക ഉയർത്തലിന് ശേഷം ടി.കെ മുബശ്ശിർ അഹ്മദ് സാഹിബിന്റെ തിലാവത്തോട് കൂടി പാലക്കാട് മേഖലാ അമീർ എം.കെ അബ്ദുൽ കരീം സാഹിബിന്റെ അദ്ധ്യക്ഷതയിൽ നാഇബ് സദർ സി.ശമീം സാഹിബ് ഇജ്ത്തിമ ഉൽഘാടനം ചെയ്തു. മൗലവി എൻ. ശഫീഖ് അഹ്മദ് സാഹിബ് പദ്യവും മുഅ്ത്തമിദ് മദ്ധ്യമേഖലാ എ.കെ സബാഹ് സാഹിബ് റിപ്പോർട്ടും അവതരിപ്പിച്ചു. പി.മുഹമ്മദലി മാസ്റ്റർ സാഹി




ബിന്റെ (മലപ്പുറം മേഖലാ അമീർ) അഭിസംബോധനയ്ക്ക് ശേഷം മൗലവി പി.നാസിർ അഹ്മദ് സാഹിബ് (സർക്കിൾ ഇൻചാർജ്ജ് മലപ്പുറം മേഖലാ) മൗലവി മുഹമ്മദ് മൻസിൽ സാഹിബ് (സർക്കിൾ ഇൻ ചാർജ്ജ് പാലക്കാട് മേഖലാ), സെയ്തുട്ടിമാസ്ററർ (നാഇബ് സദർ പള്ളിപ്പുറം ജമാഅത്ത്) എന്നിവർ ആശംസാ പ്രസംഗം നിർവഹിച്ചു.



മദ്ധ്യമേഖല ഇലാഖയുടെ ആദ്യ ഇജ്ത്തിമയാണ് നടന്നത് . വൈജ്ഞാനിക- കായിക മത്സരങ്ങളും വളരെയേറെ മികവ് പുലർത്തി. കായിക മത്സരങ്ങൾ തൊട്ടടുത്ത സ്ക്കൂൾ ഗ്രൗണ്ടിൽ വെച്ചാണ് നടന്നത്. ഖുദ്ദാം ഫുട്ബാൾ, വടംവലി എന്നീ ഇനങ്ങളിൽ പാലക്കാട് മേഖലയും



കബഡിയിൽ മലപ്പുറം മേഖലയും അത്ഫാൽ ഫുട്ബാൾ മത്സരത്തിൽ മലപ്പുറം മേഖലയും ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഓവറോൾ ചാമ്പ്യൻഷിപ്പ് ട്രോഫി കരുളായി മജ്‌ലിസാണ് കരസ്ഥമാക്കിയത്. ചേലക്കര മജ്‌ലിസ് രണ്ടാം സ്ഥാന വും പള്ളിപ്പുറം മജ്‌ലിസ് മൂന്നാംസ്ഥാനവും കരസ്ഥമാക്കി. തർബിയ്യത്തീ ക്ലാസ്സുകളും ചോദ്യോത്തര സദസ്സും ഉണ്ടായിരുന്നു.

മദ്ധ്യമേഖലാ ഖാഇദ് ടി.കെ മുശ്താഖ് അഹ്മദ് സാഹിബിന്റെ അദ്ധ്യക്ഷതയിലാണ് സമാപനസമ്മേളനം നടന്നത്. നാഇബ് സദർ സാഹിബിന്റെ അഭിസംബോധനയ്ക്ക് ശേഷം സമ്മാനദാനം നിർവ്വഹിക്കുകയും ദുആയോട് കൂടി ഇജ്ത്തിമ അവസാനിക്കുകയും ചെയ്തു.

## ഇജ്ത്തിമാ നോർത്ത് ഇലാഖാ

**പഴയങ്ങാടി:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ –അത്ഫാലുൽ അഹ്മദിയ്യാ നോർത്ത് ഇലാഖാ ഇജ്ത്തിമാ പഴയങ്ങാടി ഫസ്‌ലെ ഉമർ സ്ക്കൂളിൽ വിജയകരമായി നടന്നു.

കർണ്ണാടക നോർത്ത് ഇലാഖാ ഖാഇദ് മുസവ്വിർ അഹ്മദ് സാഹിബ് ഉൽഘാടനം ചെയ്തു. പഴയങ്ങാടി അമീർ സലീം അഹ്മദ് സാഹിബ് അദ്ധ്യ




ക്ഷനായിരുന്നു. കണ്ണൂർ മേഖലാ അമീർ യു.മൻസൂർ അഹ്മദ് സാഹിബ് ആശംസകൾ നേർന്നു.

വൈജ്ഞാനിക മത്സരങ്ങൾ മൂന്ന് വേദികളിലായാണ് നടന്നത്. മൗ. മുഹമ്മദ് ഇസ്മായീൽ സാഹിബ്, മൗ. അബ്ദുസ്സലാം സാഹിബ്, ഡോ:സലാഹുദ്ദീൻ സാഹിബ് എന്നിവർ ക്ലാസെടുത്തു. സമാപന സമ്മേളനത്തിൽ മുസവ്വിർ അഹ്മദ് സാഹിബ്, നോർത്ത് ഇലാഖാ ഖാഇദ് റഹീം ശംസ് സാഹിബ് എന്നിവർ പ്രസംഗിച്ചു. ഓവറോൾ ചാമ്പ്യൻഷിപ്പ് പഴയങ്ങാടി മജ്‌ലിസാണ് കരസ്ഥമാക്കിയത്.



# ഇജ്ത്തിമ ലക്ഷദ്വീപ് 2011

**കവരത്തി:** മജ്ലിസ് അൻസാറുല്ലാ,ഖുദ്ദാമുൽ അഹ്മദിയ്യാ,അത്ഫാലുൽ അഹ്മദിയ്യാ എന്നീ ശാഖാസംഘടനകളുടെ സംയുക്ത ഇജ്ത്തിമാ കവരത്തി അഹ്മദിയ്യാ മസ്ജിദിൽ സംഘടിപ്പിക്കുകയുണ്ടായി.
ലക്ഷദ്വീപ് മേഖലാ അൻസാറുള്ളാ സയീം ജനാബ് എം. അബ്ദുൽ ഹമീദ് കോയാ സാഹിബ് അദ്ധ്യക്ഷത വഹിച്ചു. സി.ജി ത്വാഹിർ അഹ്മദ് ഖുർആൻ പാരായണവും അദ്ധ്യക്ഷൻ പ്രതിജ്ഞയും ഫസ്ലെ ഇലാഹി പദ്യവും ചൊല്ലി. മേഖലാ അമീർ ജനാബ് സി.ജി അബ്ദുൽകരീം സാഹിബ് ഇജ്ത്തിമ ഉൽഘാടനം ചെയ്തു. മൗലവി ഹിദായത്തുല്ലാഖാൻ സഖാഫി ആശംസാ പ്രസംഗം നിർവ്വഹിച്ചു.
ഖുർആൻ പാരായണം,ഖുർആൻ മനഃപാഠം,ഉർദു മലയാള പദ്യം,പ്രസംഗം,ക്വിസ് എന്നീ ഇനങ്ങളിൽ മത്സരങ്ങളും സംഘടിപ്പിക്കുകയുണ്ടായി.
മത്സരങ്ങൾക്ക് വേണ്ടിയുള്ള പരിശീലനം ഒരു മാസം മുമ്പ് തന്നെ മൗലവി സഖാഫി സാഹിബിന്റെ നേതൃത്വത്തിൽ നടന്ന് വന്നിരുന്നു. ശാഖാ സംഘടനകളിലെ നൂറ് ശതമാനം പേരും മത്സര ഇനങ്ങളിൽ പങ്കെടുത്തു എന്നത് ഈ ഇജ്ത്തിമയുടെ പ്രത്യേക സവിശേഷതയാകുന്നു. എല്ലാനവ അഹ്മദികളും മത്സരത്തിൽ പങ്കെടുക്കുകയുണ്ടായി.
മത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്ക് സമ്മാനങ്ങൾ നൽകുകയുണ്ടായി.

# അൻസാറുള്ള മേഖലാ ഇജ്ത്തിമ

**കൂടാളി:** മജ്ലിസ് അൻസാറുല്ലാ കണ്ണൂർ മേഖല ഇജ്ത്തിമ കൂടാളിയിൽവെച്ച് നടന്നു. മേഖലാ നാസിം പി.പി നാസിമുദ്ദീൻ സാഹിബിന്റെ അദ്ധ്യക്ഷതയിൽ നടന്ന ഉൽഘാടന സമ്മേളനം കണ്ണൂർ മേഖലാ അമീർ യു. മൻസൂർ അഹ്മദ് സാഹിബ് ഉൽഘാടനം ചെയ്തു. പി.പി നാസിറുദ്ദീൻ സാഹിബ് (നാഇബ് സദർ അൻസാറുല്ലാ ഭാരത്) ഹസ്സൻ സാഹിബ് (അമീർ കൂടാളി ജമാഅത്ത്) എന്നിവർ ആശംസാ പ്രസംഗം നടത്തുകയും മൗലവി ടി.എം മുഹമ്മദ് സാഹിബ്, കെ. സിദ്ദീഖ് സാഹിബ് എന്നിവർ തർബിയ്യത്ത് ക്ലാസെടുക്കുകയുമുണ്ടായി. തുടർന്ന് വിവിധ വൈജ്ഞാനിക മത്സരങ്ങൾ നടന്നു.

# റമദാൻ വിശേഷങ്ങൾ

**ഐരാപുരം..** പുണ്യം പൂക്കുന്ന റമദാൻ മാസത്തെ വളരെയധികം ആത്മീയാവേശത്തോടു കൂടിയായിരുന്നു ഐരാപുരം ജമാഅത്ത് വരവേറ്റത്. റമദാന് മുന്നോടിയായി പള്ളിയുടെ പെയിന്റിങ്ങ് പണികൾ നടത്തുകയും വഖാറെ അമലിലൂടെ പള്ളിയുടെ ശുചീകരണം നടത്തുകയും ചെയ്തു. റമദാൻ മാസത്തിലെ എല്ലാ ദിവസങ്ങളിലും, വിശേഷിച്ച് സുബ്ഹി, മഗ്രിബ്, ഇശാഅ്, തറാവീഹ് നമസ്കാരങ്ങളിൽ ജമാഅത്തംഗങ്ങൾ വളരെയധികം ആവേശത്തോടുകൂടി തന്നെ പങ്കെടുക്കുകയും ചെയ്തു. നോമ്പുതുറയ്ക്കായി 40-ാളം അംഗങ്ങൾ സ്ഥിരമായി പള്ളിയിൽ എത്തുകയും അവർക്ക് നോമ്പുതുറക്കുന്നതിന്നായി ജമാഅത്തംഗങ്ങൾ ഓരോരുത്തരായി വിഭവങ്ങളൊരുക്കുകയും ചെയ്തിരുന്നു. തറാവീഹ് നമസ്കാരത്തിന് അധിക ദിവസങ്ങളിലും നേതൃത്വം നൽകിയത് ഖാദിയാനിൽ നിന്ന് വിശുദ്ധ ഖുർആൻ മനപ്പാഠമാക്കി തിരിച്ചെത്തിയ രണ്ട് ഹാഫിളുമാരായിരുന്നു എന്നത് സ്മരണീയമാണ്. പള്ളിയിൽ എത്തിച്ചേരാൻ സാധിക്കാത്ത ദൂരെ താമസിക്കുന്ന സ്ത്രീകൾക്കായി മറ്റൊരിടത്തും തറാവീഹിന് സംവിധാനം ഏർപ്പടുത്തിയിരുന്നു.
പെരുന്നാൾ നിലാവ് പ്രത്യക്ഷപ്പെട്ട വിവരം അറിഞ്ഞപ്പോൾ പെരുന്നാൾ ആഘോഷത്തിനുള്ള തയ്യാറെടുപ്പുകൾ ആരംഭിച്ചു. രാവിലെ 8.30 ന് മൗലവി ടി.എം. അബ്ദുൽ മുജീബ് സാഹിബ് പെരുന്നാൾ നമസ്കാരത്തിന് നേതൃത്വം നൽകി. തുടർന്ന് മുൻവർഷങ്ങളിലെ പതിവനുസരിച്ച് ഖാഇദ് മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ നേതൃത്വത്തിൽ ഒരു സംഘം ഖാദിംകൾ അഹ്മദീ ഭവനങ്ങളിൽ കനത്ത മഴയെപോലും അവഗണിച്ച് സൗഹൃദ സന്ദർശനം നടത്തുകയും പരസ്പരം സ്നേഹാശംസകൾ കൈമാറുകയും ചെയ്തു.

# തർബിയ്യത്ത് യോഗം

**കരുളായി:** മജ്ലിസ് അത്ഫാലുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ കരുളായി മദ്റസാ ഹാളിൽ വെച്ച് ഒരു തർബിയ്യത്ത് യോഗം നടക്കുകയുണ്ടായി.



നാസിം അത്ഫാൽ റസീഹ് അഹ്മദ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മിശാൽ അഹ്മദിന്റെ തിലാവത്തോടുകൂടിയാണ് യോഗം ആരംഭിച്ചത്. അത്ഫാലിന്റെ സംഘഗാനത്തിന് ശേഷം മുറബ്ബി അത്ഫാൽ എം.ഐ മുനവ്വർ അഹ്മദ് സാഹിബ് അത്ഫാൽ പാലിക്കേണ്ട മര്യാദകളെക്കുറിച്ചും മൗലവി എൻ.ശഫീഖ് അഹ്മദ് സാഹിബ് മജ്ലിസ് അത്ഫാലുൽ അഹ്മദിയ്യായുടെ ഉത്തരവാദിത്തത്തെക്കുറിച്ചും ക്ലാസെടുക്കുകയുണ്ടായി. 24 അത്ഫാലുകൾ പങ്കെടുത്തു.

# വിശുദ്ധ ഖുർആൻ വാരാചരണം

കേന്ദ്ര നിർദ്ദേശപ്രകാരം ഈ വർഷം രണ്ടാം ഘട്ടമായി സെപ്റ്റംബർ മാസത്തിൽ കേരളത്തിലെ വിവിധ ജമാഅത്തുകളിൽ വിശുദ്ധഖുർആൻ വാരാചരണം നടത്തുകയുണ്ടായി. മലപ്പുറം മേഖലയിലെ കരുളായി,പത്തപ്പിരിയം,കൽക്കുളം,വാണിയമ്പലം പാലക്കാട് മേഖലയിലെ അലനല്ലൂർ, മുറിയക്കണ്ണി,കാവശ്ശേരി,മണ്ണാർക്കാട്, തിരുവഴാംകുന്ന് കണ്ണൂർ മേഖലയിലെ കണ്ണൂർസിറ്റി,പഴയങ്ങാടി,കൂടാളി,കടലായി എന്നീ കേരളത്തിലെ വിവിധ ജമാഅത്തുകളിൽ ഏഴ് ദിവസങ്ങളിലായി നടന്ന ഖുർആൻ വാരാചരണത്തിൽ മൗലവിമാരായ സി.പി. മൊയ്തീൻ കുട്ടി സാഹിബ് ,നജ്മുദ്ദീൻ സാഹിബ്, എസ്.എം ബശീറുദ്ദീൻ സാഹിബ്, ടി.കെ.മഹ്മൂദ് സാഹിബ്, എൻ.ശഫീഖ് അഹ്മദ് സാഹിബ്, കെ.ഖമറുദ്ദീൻ സാഹിബ്, മുഹമ്മദ് മൻസിൽ സാഹിബ്, നസീം അഹ്മദ് സാഹിബ്, മുഹമ്മദ് ഇസ്മാഈൽ സാഹിബ്, അബ്ദുസ്സലാം സാഹിബ്, ടി.എം മുഹമ്മദ് സാഹിബ്,കെ.സിദ്ദീഖ് സാഹിബ്, കെ.വൈ ശംസുദ്ദീൻ സാഹിബ്, ഉസ്മാൻ സാഹിബ്, കെ. സലീം സാഹിബ്, ഗുലാം അഹ്മദ് സാഹിബ്, ഫാഹിൻ അഹ്മദ് സാഹിബ്,മുഹമ്മദ് റാഫീ സാഹിബ് എന്നിവരും ജമാഅത്തുകളിലെ മറ്റ് പ്രമുഖ വ്യക്തികളും വിശുദ്ധഖുർആനിലെ വിവിധ വിഷയങ്ങളെ ക്കുറിച്ച് ക്ലാസെടുക്കുകയുണ്ടായി. എല്ലാ ദിവസങ്ങളിലും സ്ത്രീകളടക്കം ജമാഅത്തിലെ എല്ലാ അംഗങ്ങളും പങ്കെടുത്തിരുന്നു.
കൂടാതെ വിവിധ ജമാഅത്തുകളിൽ ഇതിനോടനുബന്ധിച്ച് ഖുർആൻ ഓതിപ്പൂർത്തിയാക്കിയ കുട്ടികൾക്കായി തഖ്രീബെ ആമീനും നടത്തുകയുണ്ടായി.

# ആശുപത്രി സന്ദർശനവും തർബിയ്യത്ത് യോഗവും

**പാലക്കാട്:** മജ്ലിസ് അൻസാറുല്ലാ പാലക്കാടിന്റെ ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലാ ആയുർവേദ ആശുപത്രി സന്ദർശിക്കുകയും നിർധനരായ രോഗികൾക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകുകയും ചെയ്തു. അന്നേദിവസം തന്നെ ഉച്ചക്ക് ശേഷം അൻസാറുല്ലായുടെ തർബിയ്യത്ത് യോഗം സഈം മജ്ലിസ് അൻസാറുല്ലാ താജുദ്ദീൻ സാഹിബിന്റെ അദ്ധ്യക്ഷതയിൽ നടത്തി. ഒരഹ്മദിയുടെ കർത്തവ്യങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി അൻസാർ സഹോദരന്മാർ പ്രസംഗിക്കുകയുണ്ടായി.

# അൻസാറുള്ളാ മലപ്പുറം മേഖലാ ഇജ്ത്തിമ

**കൽക്കുളം:** മജ്‌ലിസ് അൻസാറുള്ളാ മലപ്പുറം മേഖലാ ഇജ്ത്തിമാ സെപ്റ്റംബർ 18 ഞായറാഴ്ച കൽക്കുളത്ത് വെച്ച് നടന്നു. മജ്‌ലിസ് അൻസാറുള്ള മലപ്പുറം മേഖലാ നാസിം സി.എച്ച് സിദ്ധീഖ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഉൽഘാടന സമ്മേളനം മേഖലാ അമീർ പി.മുഹമ്മദലി മാസ്റ്റർ സാഹിബ് ഉൽഘാടനം ചെയ്യുകയുണ്ടായി. മൗലവി എൻ.ശഫീഖ് അഹ്മദ് സാഹിബ് അൻസാറുകളുടെ ഉത്തരവാദിത്തം എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസെടുത്തു.അതിന് ശേഷം വിവിധ വൈജ്ഞാനിക കായിക മത്സരങ്ങൾ നടത്തുകയും ചെയ്തു. മൗലവി പി. അബ്ദുൽ നാസിർ സാഹിബും മൗലവി മൊയ്തീൻ കുട്ടി സാഹിബും വിവിധ വിഷയങ്ങളിൽ ക്ലാസെടുക്കുകയുണ്ടായി.ഇജ്ത്തിമയിൽ മേഖലയിലെ എല്ലാ ജമാഅത്തുകളിൽ നിന്നും അംഗങ്ങൾ പങ്കെടുത്തിരുന്നു.



# അഹ്മദിയ്യാ മുസ്‌ലിം ഇൻഫർമേഷൻ സെന്റർ പ്രവർത്തനമാരംഭിച്ചു

**പൊന്നാനി:** പുരാതന മുസ്‌ലിം സംസ്ക്കാരത്തിന്റെ സിരാകേന്ദ്രവും ചെറിയ മക്ക എന്ന പേരിലറിയപ്പെടുന്നതുമായ പൊന്നാനിയിൽ അഹ്മദിയ്യാ മുസ്‌ലിം ഇൻഫർമേഷൻ സെന്റർ മലപ്പുറം മേഖലാ അമീർ ഉൽഘാടനം ചെയ്തു. മേഖലയിലെ വിവിധ ജമാഅത്ത് പ്രസിഡന്റ്മാരും മുബല്ലിഗ് മുഅല്ലിമീങ്ങളും മറ്റ് പ്രവർത്തകരും ഉൽഘാടന വേളയിൽ സംബന്ധിച്ചു.

# റിഫ്രഷർ കോഴ്സ്

**പാലക്കാട്:** ജമാഅത്ത് ഭാരവാഹികളിൽ അവരുടെ പ്രവർത്തനമേഖലയെക്കുറിച്ച് അവബോധമുണ്ടാക്കുന്നതിനും ജമാഅത്തുകളുടെ പ്രവർത്തനങ്ങളെ ഊർജ്ജസ്സ്വലമാക്കുന്നതിനുമായി പാലക്കാട് മേഖലയിലെ ജമാഅത്ത് ഭാരവാഹികൾക്കായി റിഫ്രഷർ കോഴ്സ് സംഘടിപ്പിച്ചു. പാലക്കാട് മേഖലാ അമീർ പ്രഫസർ എം.കെ അബ്ദുൽ കരീം സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മേഖലയിലെ മുഴുവൻ ജമാഅത്ത് ഭാരവാഹികളും പങ്കെടുത്തു. ജമാഅത്തുകളിലെ വിവിധ വിഭാഗങ്ങളിലായി നടന്ന ഗ്രൂപ്പ് ഡിസ്ക്കഷൻ ശ്രദ്ധേയമായിരുന്നു.

# തഹ്‌രീക്കെ ജദീദ്

**തഹ്‌രീക്കെ ജദീദിന്റെ നടപ്പു വർഷം ഒക്ടോബർ 31ന് അവസാനിക്കുകയാണ്. ആയതിനാൽ ഇനിയും തഹ്‌രീക്കെ ജദീദ് ചന്ദ കുടിശ്ശികയുള്ളവർ എത്രയും പെട്ടെന്ന് അടച്ച് തീർക്കണമെന്ന് വക്കീലുൽ മാൽ തെഹ്‌രീക്കെ ജദീദ് ഭാരത് മൗലാനാ ഖുർശിദ് അൻവർ സാഹിബ് അറിയിച്ചിരിക്കുന്നു.**

# ഈദ് മിലൻ

**കണ്ണൂർ:** കണ്ണൂർ അഹ്മദിയ്യാ ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ മേഖലാ അമീർ യു.മൻസൂർ അഹ്മദ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ മൻസൂർ ഹാളിൽ വെച്ച് ചേർന്ന ഈദ് മിലൻ പരിപാടിയിൽ കണ്ണൂർ യൂ ണിവേഴ്സിറ്റി വൈസ് ചാൻസലർ കുട്ടികൃഷ്ണൻ,കെ.പി. സഹദേവൻ,അഡ്വ: കെ. കെ ബാലറാം,ഫാദർ ജെ.കല്ലപ്പള്ളി,യു.ടി ജയന്തൻ, പ്രഫസർ എം.മഹ്മൂദ് അഹ്മദ്,എം.അബ്ദുർറഹ്മാൻ തുടങ്ങിയ 30ൽ പരം പ്രമുഖ വ്യക്തികൾ പങ്കെടുത്തു. ഈദ് മിലനിൽ പങ്കെടുത്തവർക്ക് അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ച് പരിചയപ്പെടുത്തുന്ന പുസ്തകങ്ങളടങ്ങിയ കിറ്റ് വിതരണം ചെയ്തു.



# യഥാർത്ഥ ഇസ്‌ലാമിക സന്ദേശവുമായി എക്സിബിഷൻ അൽഖുർആൻ

**ന്യൂഡൽഹി:** ഡൽഹി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ഡൽഹി




കോൺസ്റ്റിറ്റ്യൂഷണൽ ക്ലബ്ബിൽ രണ്ട് ദിവസങ്ങളിലായി നടന്ന എക്സിബിഷൻ വിജയകരമായി സമാപിച്ചു. സെപ്റ്റംബർ 24ന് രാവിലെ ആരംഭിച്ച എക്സിബിഷനിൽ എഴുപതോളം ഭാഷകളിൽ വിശുദ്ധഖുർആൻ പ്രദർശിപ്പിക്കുകയും കൂടാതെ 10 മിനിട്ട് ദൈർഘ്യമുള്ള ഇസ്‌ലാമിക പാഠങ്ങളെ സംബന്ധിച്ച വീഡിയോ പ്രദർശനവമുണ്ടായിരുന്നു. ജിഹാദ്, സ്ത്രീസ്വാതന്ത്ര്യം, സാഹോദര്യം തുടങ്ങിയ ആനുകാലിക പ്രാധാന്യമുള്ള വിഷയങ്ങളെ ഇസ്‌ലാമിക കാഴ്ചപ്പാടിലൂടെ ഡിസ്പ്ലെ ബോർഡുകളിൽ പ്രദർശിപ്പിച്ചത് പ്രത്യേകം ജനശ്രദ്ധയാകർഷിച്ചു.

ഖുർആൻ എക്സിബിഷൻ പ്രദർശിപ്പിക്കാൻ അഹ്മദികൾക്ക് അനുവാദം നൽകരുതെന്നും പാക്കിസ്ഥാനിൽ അമുസ്‌ലിംകളായി പ്രഖ്യാപിക്കപ്പെട്ട ഇവർ തെറ്റായ വ്യാഖ്യാനങ്ങൾ നൽകി ഖുർആൻ എക്സിബിഷൻ നടത്തിയാൽ അത് ക്രമസമാധാന പ്രശ്നങ്ങളുണ്ടാകാൻ കാരണമാകുമെന്നും അറിയിച്ച് ഓൾ ഇന്ത്യാ മുസ്‌ലിം പേഴ്സണൽ ലോ ബോർഡ് മെമ്പർ കമാൽ ഫാറൂഖി,ഡൽഹി ജുമാമസ്ജിദ് ഇമാമിന്റെ സഹോദരൻ എന്നിവരുടെ നേതൃത്വത്തിൽ പ്രതിഷേധവുമായി രംഗത്ത് വന്നെങ്കിലും എക്സിബിഷന് തടസ്സം സൃഷ്ടിക്കാൻ അവർക്ക് സാധിച്ചില്ല. പോലീസിന്റെ അഭ്യർത്ഥന മാനിച്ച് മൂന്ന് ദിവസങ്ങളിലായി നിശ്ചയിച്ചിരുന്ന എക്സിബിഷൻ രണ്ട് ദിവസങ്ങളിലായി ചുരുക്കി.ഈ ദിവസങ്ങളിൽ നൂറുകണക്കിന് ആളുകളാണ് അൽഖുർആൻ എക്സിബിഷൻ സന്ദർശിച്ചത്.



# പ്രാദേശിക ഇജ്ത്തിമ

**കൊടുങ്ങല്ലൂർ:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ പ്രാദേശിക ഇജ്ത്തിമ കൊടുങ്ങല്ലൂർ മസ്ജിദ് ആഫിയത്തിൽ വെച്ച് നടന്നു. ജമാഅത്ത് പ്രസിഡന്റ് സൈനുദ്ദീൻ സാഹിബിന്റെ അദ്ധ്യക്ഷതയിൽ സർജുദ്ദീൻ സാഹിബ് ഖുർആൻ പാരായണവും മുഹമ്മദ് ബശീർ സാഹിബ് പദ്യവും ചൊല്ലി. മുഅ്ത്തമിദ് സനീറുദ്ദീൻ സാഹിബ് റിപ്പോർട്ട് അവതരിപ്പിച്ചു.ഖാഇദ് ഷിനീർ സാഹിബ് ആമുഖഭാഷണം നടത്തുകയും മൗലവി റിയാസുദ്ദീൻ സാഹിബ് ഉൽബോധന പ്രഭാഷണം നടത്തുകയും ചെയ്തു. തുടർന്ന് വൈജ്ഞാനിക മത്സരങ്ങളും നടന്നു.

The Editor, AL HAQ
C/o Majlis Khuddamul Ahmadiyya
Karulai , Malappuram, Kerala

E.mail: alhaqeditor@gmail.com








# മുസ്‌ലിം ഫോർ ലൈഫ് : അമേരിക്കയിൽ പ്രചാരമേറുന്നു

വാഷിങ്ടൻ: ലോകത്തെയാകമാനം നടുക്കിയ 9/11 ന്റെ പത്താം വാർഷിക പശ്ചാത്തലത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് അമേരിക്കയുടെ ആഭി മുഖ്യത്തിൽ മുസ്‌ലിം ഫോർ ലൈഫ് എന്ന സേവന സന്നദ്ധ സംഘടനയുടെ കീഴിൽ രക്തദാനത്തിനായുള്ള ശാഖകൾ രാജ്യവ്യാപകമായി തുറന്നിരിക്കുകയാണ്. രാജ്യത്തെ 168 നഗരങ്ങളിലായി ഇതിന്റെ പ്രവർത്തന ങ്ങൾ ത്വരിത ഗതിയിൽ നടന്ന് വരുന്നു. രാജ്യത്ത് ഇത് വരെ 275 ശാഖകൾ രജിസ്റ്റർ ചെയ്യപ്പെടുകയും വിവിധ മതവിഭാഗങ്ങളിൽ പെട്ട പതിനായിരത്തിലധികം ആളു കൾ രക്തദാനം ചെയ്തു കഴിഞ്ഞതായി മുസ്‌ലിം ഫോർ ലൈഫിന്റെ ദേശീയ കോ-ഓർഡിനേറ്റർ ഡോ: വസീം അഹ്മദ് സയ്യിദ് അറിയിക്കുകയുണ്ടായി.





# ഈദ് മിലൻ പാർട്ടി

**ഖാദിയാൻ:** നാസിർ സാഹിബ് അൽ്ലാ മൗലാനാ മുഹമ്മദ് ഇനാം സാഹിബ് ഗോറിയുടെ അദ്ധ്യക്ഷതയിൽ ഖാദിയാനിൽ ഈദ് മിലൻ പാർട്ടി സംഘടിപ്പിച്ചു. മുർശിദ് അഹ്മദ് സാഹിബ് ഡാറിന്റെ ഖുർആൻ പാരായണത്തോടു കൂടി ആരംഭിച്ച പരിപാടിയിൽ ഗ്യാനി മുബശ്ശിർ അഹ്മദ് സാഹിബ് പഞ്ചാബി തർജ്ജമ വായിച്ച് കേൾപ്പിച്ചു. മൗലവി റിസ്‌വാൻ അഹ്മദ് സാഹിബ് പദ്യം ചൊല്ലി. പ്രസ്തുത പരിപാടിയിൽ പങ്കെടുത്ത പ്രമുഖ വ്യക്തികളിൽ സർദാർ സഹാ സിംഗ്,



സർദാർ തിർലോക്ക് സിംഗ് സാഹിബ് ഭട്ട് ചെയർമാൻ ജില്ല യാർശിയ, ഡോ: ദിൽജീത്ത് സിംഗ് ഡയരക്ടർ ദൂരദർ ശൻ പഞ്ചാബ്, ബാബാ സുഖ് ദേവ് സിംഗ് ബേദി, ഫാദർ തോമസ് (കേരള) അഡ്വ: തിർലോചൻ സാഹിബ്, പ്രഫസർ ശ്യാം സുന്ദർ ദത്ത മെമ്പർ പഞ്ചാബ് എജുക്കേഷൻ ബോർഡ്, സർദാർ അവതാർ സിംഗ് എന്നിവരും അഹ്മദിയ്യാ ജമാഅത്തിന്റെ പ്രതിനിധികളായി മൗലാനാ ഹക്കീം മുഹമ്മദ് ദീൻ സാഹിബ്, മൗലവി തൻവീർ ഖാദിം സാഹിബ്, മൗലവി ജലാലുദ്ദീൻ സാഹിബ്, മുനീർ അഹ്മദ് സാഹിബ് ഹാഫിസാബാദി, മൗലവി നസീം ഖാൻ സാഹിബ് എന്നിവരും പങ്കെടുത്തു.

പ്രമുഖരായ പല വ്യക്തികളും അവരുടെ അഭിപ്രായമായി അറിയിച്ചത്, ഓരോ മതവിഭാഗക്കാരും അവരവരുടെ ആഘോഷങ്ങളിൽ മറ്റു മത വിഭാഗക്കാരെ ഇപ്രകാരം പങ്കെടുപ്പിക്കുകയാണെങ്കിൽ ലോകത്ത് സമാധാനം പുനഃസ്ഥാപിക്കാൻ സാധിക്കുമെന്നതിൽ യാതൊരു സംശയവുമില്ല എന്നായിരുന്നു. ഇസ്‌ലാമിക മൂല്യങ്ങൾ കേട്ട അതിഥികൾ വളരെ പ്രഭാവിതരായിട്ടാണ് പിരിഞ്ഞ് പോയത്. അതിഥികൾക്ക് ചായ സൽക്കാരമൊരുക്കിയിരുന്നു.

# ബൈത്തുന്നസർ വിശ്വാസികൾക്കായി തുറന്നു

ഓസ്‌ലോ: ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹു) ഉൽഘാടനം ചെയ്ത ബൈത്തുന്നസർ പള്ളി വിശ്വാസികൾക്കായി തുറന്നുകൊടുത്തു. ഓസ്‌ലോ നഗരത്തിലെ തിരക്കേറിയ റോഡിന് തൊട്ടടുത്തായിട്ടാണ് ഈ പള്ളി സ്ഥിതി ചെയ്യുന്നത്. 2000ൽ പരം ആളുകൾക്ക് ഒരേ സമയം നമസ്ക്കരിക്കാവുന്ന ഈ പള്ളി എല്ലാ വിധ സജ്ജീകരണങ്ങളോടും കൂടിയാണ് നിർമ്മിച്ചിരിക്കുന്നത്.



# അഹ്മദിയ്യാ ഖലീഫാ നോർവീജിയൻ പാർലമെന്റ് സന്ദർശിച്ചു

**നോർവ്വെ:** പ്രസിഡന്റ് ടർജെ ആൻഡേഴ്സന്റെ പ്രത്യേക ക്ഷണം സ്വീകരിച്ച് അഹ്മദിയ്യാ ജമാഅത്തിന്റെ അഞ്ചാം ഖലീഫാ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) ഓസ്‌ലോയിലെ നാഷണൽ പാർലമെന്റ് സന്ദർശിക്കുകയും നോർവ്വെ പ്രസിഡന്റ് ടർജെ ആൻഡേഴ്സണുമായി സ്വകാര്യ സംഭാഷണത്തിലേർപ്പെടുകയും ചെയ്തു. ഹുസൂറിനെ വരവേൽക്കാനായി നാഷണൽ എം.പി മാരും സന്നിഹിതരായിരുന്നു. ശേഷം നടന്ന റിസപ്ഷനിൽ പാർലമെന്റംഗങ്ങളെ അഭിസംബോധന ചെയ്തു കൊണ്ട് ഹുസൂർ ഇപ്രകാരം പറഞ്ഞു. നിങ്ങളുടെ പാർലമെന്റ് സന്ദർശിക്കാൻ കഴിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. അഹ്മദിയ്യാ ജമാഅത്ത് എപ്പോഴും തീവ്രവാദത്തെയും നിരുത്തരവാദപരമായ പ്രവർത്തനങ്ങളെയും എതിർക്കുന്ന പ്രസ്ഥാനമാണ്. നിങ്ങൾക്കുണ്ടായ ദുഃഖത്തിൽ ഞങ്ങളും പങ്കാളികളാണ്.

റിസപ്ഷന് ശേഷം ഓസ്‌ലോയിലെ അഹ്മദിയ്യാ ജമാഅത്തിന്റെ ഉൽഘാടനം ചെയ്യപ്പെടാനിരിക്കുന്ന പള്ളിയുടെ മിനിയേച്ചർ മോഡൽ വിവിധ എം.പി മാർക്ക് ഉപഹാരമായി നൽകി.

# മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ

**1938 ജനുവരി 31 ന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) അഹ്മദിയ്യാ യുവജന സംഘടന സ്ഥാപിച്ചു. ഫെബ്രുവരി 4 നാണ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ എന്ന പേര് വെച്ചത്.**

**ആദ്യ അംഗങ്ങൾ**

1.മൗലവി ഖമറുദ്ദീൻ സാഹിബ്
2.ഹാഫിസ് ബശീർ അഹ്മദ് സാഹിബ്
3. മൗലാനാ സഹൂർഹുസൈൻ സാഹിബ്.
4. മൗലവി ഗുലാം അഹ്മദ് സാഹിബ് ഫറ്ഹ്
5. മൗലവി മുഹമ്മദ് സിദ്ദീഖ് സാഹിബ്
6. സയ്യിദ് അഹ്മദ് അലി സാഹിബ്.
7. ഹാഫിസ് ഖുദ്റത്തുല്ലാഹ് സാഹിബ്.
8. മൗലവി മുഹമ്മദ് യൂസുഫ് സാഹിബ്.
9 മൗലവി മുഹമ്മദ് അഹ്മദ് സാഹിബ് ജലീൽ .
10.ചൗദരി ഖലീൽ അഹ്മദ് സാഹിബ് നാസിർ
11. ശേഖ് മഹ്ബൂബ് ആലം സാഹിബ് എം.എ.



- ആദ്യത്തെ സദർ ഹദ്റത്ത് മൗലാനാ ഖമറുദ്ദീൻ സാഹിബ്
- ആദ്യത്തെ നാഇബ് സദർ മൗലാനാ സഹൂർഹുസൈൻ സാഹിബ്
- ആദ്യത്തെ സെക്രട്ടറി ശേഖ് മഹ്ബൂബ് ആലം സാഹിബ് എം.എ

**ആദ്യത്തെ പ്രസിദ്ധീകരണങ്ങൾ**

1. ശരിയായ തീരുമാനത്തിൽനിന്നുള്ള ശേഖ് മിസ്‌രിയുടെ ഒഴിഞ്ഞുമാറ്റം
2. ഖലീഫമാർ ഒരിക്കലും സ്ഥാനഭ്രഷ്ടരാക്കപ്പെടാവതല്ല.

**ആദ്യകാലങ്ങളിൽ വൈജ്ഞാനിക രംഗത്ത് മാത്രമാണ് മജ്‌ലിസ് പ്രവർത്തിച്ചിരുന്നത്. പിന്നീട് താഴെ ചേർക്കുന്ന പരിപാടികൾ കൂടി നിർദ്ദേശിക്കപ്പെട്ടു.**

• ദിവസവും അര മണിക്കൂറെങ്കിലും സ്വന്തം കൈകൊണ്ട് കൂട്ടായ പ്രവർത്തനങ്ങൾ ചെയ്യുക • ദർസുകൾ • നമസ്ക്കാരത്തെക്കുറിച്ചുള്ള ബോധവൽക്കരണം • വിധവകളേയും വികലാംഗരേയും രോഗികളേയും ശ്രദ്ധിക്കൽ • കബറടക്കം മറ്റ് പ്രോഗ്രാമുകൾ എന്നിവയിൽ സഹായിക്കുക.

മജ്‌ലിസിന്റെ രണ്ടാമത്തെ വർഷം ഹദ്റത്ത് ഹാഫിസ് മിർസാ നാസിർ അഹ്മദ് സദർ ആയും ചൗദരി ഖലീൽ അഹ്മദ് സാഹിബ് നാസിർ സെക്രട്ടറിയായും തെരഞ്ഞെടുക്കപ്പെട്ടു. 1939 മുതൽ 1949 വരെ മിർസാ നാസിർ അഹ്മദ് സാഹിബ് സദറായി തുടർന്നു. 1949 ൽ മുസ്‌ലിഹ് മൗഊദ് (റ) സദർ സ്ഥാനം ഏറ്റെടുത്തപ്പോൾ 1954 വരെ നാഇബ് സദറും ആയിരുന്നു.

ഇപ്പോൾ നിലവിലുള്ള ഖുദ്ദാം പ്രതിജ്ഞ 1956 ഒക്ടോബർ 19 നാണ് അംഗീകരിക്കപ്പെട്ടത്. ആദ്യത്തെ ഇജ്തിമ 1938 ഡിസംബർ 25 ന് ഖാദിയാനിലെ മസ്ജിദ് നൂറിൽ ചേർന്നു.

ആദ്യത്തെ ശഹീദ് ഖാദിം ഹാഫിസ് ബശീർ അഹ്മദ് സാഹിബ് ജലന്ധരി 1938 മെയ് 2ന് തലയിൽ ഞരമ്പ് പൊട്ടിയത് കാരണം വഫാത്തായി. അദ്ദേഹം മജ്‌ലിസിന്റെ ആദ്യത്തെ ശഹീദായി അറിയപ്പെടുന്നു. *(അവ: റിപ്പോർട്ട് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഒന്നാം വർഷം പേജ് 38)*

## ഖുദ്ദാം പതാക



1938ൽ ഖിലാഫത്തെ സാനിയ രജത ജൂബിലിയോടനുബന്ധിച്ച് അഹ്മദിയ്യാ പതാക ഉണ്ടാക്കിയപ്പോൾ തന്നെ ഖുദ്ദാമുൽ അഹ്മദിയ്യാ പതാകയും ഉണ്ടാക്കി. പതാകയുടെ മുഴുവൻ തയ്യാറെടുപ്പും നടത്തിയത് മലിക്ക് അത്വാഉർറഹ്മാൻ സാഹിബായിരുന്നു.
ഖുദ്ദാം പതാക 18 അടി നീളവും 9 അടി വീതിയുമാണ് ഉണ്ടായിരുന്നത്. പതാകയുടെ മൂന്നിൽ ഒരു ഭാഗത്ത് അഹ്മദിയ്യാ പതാകയും ബാക്കി ഭാഗത്ത് 13 വീതം കറുപ്പും വെളുപ്പും വരകളും ആലേഖനം ചെയ്തിരുന്നു.

**പതാക സംരക്ഷണ പ്രതിജ്ഞ**

സദർ ഖുദ്ദാം ഹദ്റത്ത് മിർസാ നാസിർ അഹ്മദ് സാഹിബ് തയ്യാറാക്കിയ പ്രതിജ്ഞ ചൗദരി ഖലീൽ അഹ്മദ് സാഹിബ് നാസിർ ആണ് ചൊല്ലിക്കൊടുത്തത്.

**പതാക സമ്മാനം**

ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവെയ്ക്കുന്ന മജ്‌ലിസിനെ 1939 മുതൽ ഖുദ്ദാം പതാക സമ്മാനമായി നൽകി വരുന്നു. ഏറ്റവും ആദ്യം ഈ പതാക നേടിയത് കേരംഗ് (ഒറീസ) മജ് ലിസാണ്.

**ഖുദ്ദാം ഭാരത് സദർമാർ**


H. Mirza Wasim Ahmad sb ( 1947 - 1981)


Mou.M.Inam Ghori sb ( 1981- 1983)


Mou.Khurshid Anwar sb ( 1983 - 1985)


Mou.Muneer Ahmed Khadim sb ( 1985 - 1992)


Dr. Mohammed Arif sb ( 1992- 1996)


Mubashir Ahmad Butt sb ( 1996 - 1998)


Mou.M. Naseem Khan sb ( 1998 - 2004)


Shuaib Ahmed sb ( 2004 - 2006)



Mou.M. Ismail Thahir sb ( 2006 - 2009)


Hafiz Makhdoom Sharif sb ( 2009 - )

ആരോഗ്യം

# ആരോഗ്യമുള്ള ഹൃദയം

ഡോക്ടർ മുഹമ്മദ് മസ്ഊദുൽ ഹസൻ സാഹിബ് നൂരി




മനുഷ്യ ഹൃദയം നമ്മുടെ മുഷ്ടിയുടെ വലിപ്പമേ ഉള്ളൂ. അത് നെഞ്ചിന്റെ അൽപം ഇടതു ഭാഗത്തായി സ്ഥിതിചെയ്യുന്നു. ഒരു മിനുറ്റിൽ 70 - 80 പ്രാവശ്യം ഹൃദയം മിടിക്കുന്നുണ്ട്. അതായത് ഒരു ദിവസം ഒരു ലക്ഷത്തിലധികം തവണ മിടിക്കുന്നു എന്നാണ് പറയപ്പെടുന്നത്. ഹൃദയം നമ്മുടെ ജനനത്തിനു മുമ്പേ മിടിച്ചു തുടങ്ങുന്നു. മരണത്തോടെ അത് അവസാനിക്കുകയും ചെയ്യുന്നു. ജനന സമയം മുതൽ മരണം വരെയും കർമ്മനിരതമായ ഒരു അവയവം ആണ് ഹൃദയം. എല്ലാ അവയവങ്ങളും പ്രധാനപ്പെട്ടത് തന്നെയാണെങ്കിലും ഹൃദയമാണ് ശരീരത്തിലെ ഏറ്റവും പ്രധാനപ്പെട്ട അവയവം.

## രോഗങ്ങൾ

- രോഗങ്ങളിൽ ഒന്ന് ഹൃദയത്തിലെ രക്ത നാളികളിലെ തടസ്സം മുഖേന ഒരു ഭാഗത്തേക്ക് ശരിയായ രീതിയിൽ രക്തം എത്തുന്നില്ല. ഇതിനെയാണ് Coronary Artery Diseases എന്നുപറയുന്നത്. ഈ രോഗം ഇന്ന് ലോകത്തിൽ വളരെയധികം കാണുന്നു.


- 40 വയസ്സിനു ശേഷമുള്ള രോഗങ്ങളിൽ ഹൃദയാഘാതത്തിന് മൂന്നാം സ്ഥാനമാണ് ഉള്ളത്.ആദ്യത്തെ രണ്ട് കാരണങ്ങൾ കാൻസറും റോഡ് അപകടങ്ങളും ആണ്. അതായത് മൂന്നിൽ ഒരാൾ മരിക്കാനുള്ള കാരണം ഹൃദയാഘാതമാണ്.

- മറ്റൊരു രോഗം ഉയർന്ന രക്തസമ്മർദ്ധം കൊണ്ടുണ്ടാകുന്നതാണ്.. ഏതാനും വർഷം ബ്ലെഡ് പ്രഷർ അധികരിക്കുമ്പോൾ അത് മുഖേന ഹൃദയത്തിന്റെ ഒരു ഭാഗം വീർക്കുകയും പതിയെ പതിയെ അത് ദുർബലമാവുകയും അങ്ങനെ രോഗാതുരനാവുകയും ചെയ്യുന്നു.



- ഹൃദയത്തെ ബാധിക്കുന്ന മൂന്നാമത്തെ വലിയ രോഗം Rheumatic Heart Diesease ആണ്. ഒരു പ്രത്യേകതരം അണുക്കൾ തൊണ്ടയിൽ ഉണ്ടാവുകയും അത് ആന്റിബോഡീസിന്റെ വാൽവുകളെ ബാധിക്കുകയും 5 - 15 വയസ്സിനിടയിൽ ഈ രോഗാണുക്കൾ ഹൃദയവാൽവുകളെ തിന്നുകയും ചെയ്യുന്നു. ചെറു പ്രായത്തിൽ തന്നെ രോഗലക്ഷണങ്ങൾ കാണപ്പെടാറുണ്ട്. അതായത് ശ്വാസതടസ്സം, ഹൃദയമിടിപ്പ് വർദ്ധന, കാലുകളിലെ വീക്കം, ക്ഷീണം മുതലായവ.

- ഹൃദയത്തെ ബാധിക്കുന്ന മറ്റൊരു അസുഖം ഹൃദയപേശികളിലെ ബലക്ഷയമാണ്. അത് Heart Mascle Disease എന്ന് അറിയപ്പെടുന്നു. അതിന് പല കാരണങ്ങളും ഉണ്ട്. അതിലൊന്ന് വൈറൽ ഇൻഫക്ഷൻ ആണ്. കൂടാതെ എയ്ഡ്സും ഹൃദയ പേശികളെ ദുർബലമാക്കുന്നു.




## കാരണങ്ങൾ

- കുട്ടികളിൽ ഹൃദ്രോഗങ്ങൾ അവരുടെ ജനനത്തിനു മുമ്പേ തുടങ്ങിയിരിക്കാൻ ഇടയുണ്ട്. അതുകൊണ്ട് തന്നെ മാതാവിനെ ദോഷകരമായി ബാധിക്കുന്ന പലതും കുട്ടിക്കും ദോഷകരമായിരിക്കും അത് ഒഴിവാക്കേണ്ടതാണ്. അതിലൊന്ന് അനാവശ്യ മരുന്നുകളുടെ ഉപയോഗമാണ്.

- ഇൻഫക്ഷനിൽ MUMPS കാരണവും പ്രശ്നമുണ്ടാകുന്നു. മാതാവിനുണ്ടാകുന്ന ഏത് വൈറൽ ഇൻഫക്ഷനും കുട്ടിയെയും ബാധിച്ചേക്കാം.

- ഹൃദയ സംബന്ധമായ രോഗങ്ങൾക്കുള്ള മറ്റൊരു കാരണം വിവിധതരം രശ്മികൾ (Rays) ആണ്. ഉദാഹരണമായി ആറ്റം സ്ഫോടനങ്ങൾ കാരണം കുട്ടികളുടെ ഹൃദയത്തിൽ മാത്രമല്ല മറ്റ് അവയവങ്ങളിലും പ്രശ്നങ്ങൾ ഉണ്ടാകുന്നു. ആറ്റം സ്ഫോടനങ്ങൾക്ക് ശേഷം ആശുപത്രികളിൽ നിന്ന് കിട്ടിയ റിപ്പോർട്ടുകളിൽ ഇത് വ്യക്തമാണ്. എക്സറെയും കുട്ടികളെ ദോഷകരമായി ബാധിക്കുന്നു. മാനസിക പിരിമുറുക്കങ്ങൾ അനുഭവിക്കുന്ന മാതാക്കളുടെ കുട്ടികളുടെ ഹൃദയത്തിലും രോഗങ്ങൾ ഉണ്ടാകാൻ ഇടയുണ്ട്.

- ഹൃദ്രോഗങ്ങൾക്കുള്ള വേറൊരു കാരണം പൈതൃകം ആണ്. കുടുംബത്തിൽ ആർക്കെങ്കിലും ഹൃദ്രോഗം ഉണ്ടായിട്ടുണ്ടെങ്കിൽ മറ്റുള്ളവർ ശ്രദ്ധിക്കേണ്ടതാണ്.

- പുകവലി വളരെ ദുഷിച്ച ഒരു സ്വഭാവമാണ്. അത്കൊണ്ട് ഹൃദ്രോഗങ്ങൾ മാത്രമല്ല മറ്റ് പല അസുഖങ്ങളും ഉണ്ടാകുന്നു. ഉദാഹരണമായി ബ്രോങ്കൈറ്റീസ്, അൾസർ.കൂടാതെ പൈസയും ഇതിന്റെ ഉപയോഗത്തിലൂടെ നഷ്ടമാവുന്നു.

- ഹൃദ്രോഗങ്ങൾക്ക് അസന്തുലിതവും കൊഴുപ്പുള്ളതുമായ ആഹാരവും കാരണമാണ്. ഇക്കാലത്ത് ആഹാരങ്ങളിൽ കൊഴുപ്പുള്ള സാധനങ്ങൾ കൂടുതലാണ്. പച്ചക്കറികൾ കുറവും. അത് രക്തത്തിൽ കൊഴുപ്പ് വർദ്ധിക്കാനും അങ്ങനെ രക്തകുഴലുകൾ അടയാനും ഇടയാക്കുന്നു. ഉയർന്ന രക്ത സമ്മർദ്ദവും രക്തനാളികളിൽ തടസ്സമുണ്ടാക്കാറുണ്ട്.




- കൊഴുപ്പുള്ളതും അസന്തുലിതവുമായ ആഹാരങ്ങൾ കാരണം ശരീരം തടിക്കുകയും കൊഴുപ്പ് അടിഞ്ഞു കൂടാനും അത് ഹൃദയനാളികളെ ബാധിക്കാനും ഇടയാക്കുന്നു. പ്രമേഹവും രക്തകുഴലുകളെ ദോഷകരമായി ബാധിക്കാറുണ്ട്.

*(ലേഖകൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) ന്റെ നിർദ്ദേശാനുസരണമാണ് ഹൃദയസംബന്ധിയായ വിഷയങ്ങളിൽ സ്പെഷ്യലൈസ് ചെയ്തത്. ഹുസൂറിനെ ചികിത്സിച്ച സംഘത്തിലും ഇദ്ദേഹം ഉണ്ടായിരുന്നു. റാവൽപിണ്ടിയിലെ ആംഡ് ഫോഴ്സസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കാർഡിയോളജിയുടെ സ്ഥാപകാംഗവും ഇപ്പോൾ ഇവിടെ കാർഡിയോളജി വിഭാഗം തലവനുമാണ്.)*

AL HAQ
VOL: 19, ISSUE:8
October 2011




*"നമ്മുടെ റബ്ബ് എല്ലാ വസ്തുവിനും അതതിന്റെ പ്രകൃതിക്കനുയോജ്യമായ സൃഷ്ടിയെ പ്രദാനം ചെയ്യുകയും അനന്തരം അതിന് നിശ്ചിതമായ പരിപൂർണ്ണതയിലേക്ക് എത്തിച്ചേരുമ്പോൾ ഉപദർശനം നൽകുകയും ചെയ്തിരിക്കുന്നവനത്രെ."(20:51)*
*മനുഷ്യന്റെയും കരയിലും കടലിലും വായു മണ്ഡലത്തിലുമുള്ള എല്ലാ ജീവികളുടെയും ശരീരഘടനയെ പരിശോധിക്കുകയും അവയുടെ പ്രകൃതിയെക്കുറിച്ച് ചിന്തിക്കുകയും ചെയ്യുന്നതായാൽ എല്ലാം അവയുടെ പ്രകൃതിക്ക് യോജിച്ച വിധം സൃഷ്ടിക്കപ്പെട്ടിരിക്കുന്നതായി കാണാം.''*
*(അഹ്മദ് (അ))*

# ഉപദർശനം

## ബ്ലഡ്ഹൗണ്ട്



♦ നായകളിൽ ഏറ്റവും നന്നായി മണത്തറിയാൻ കഴിവുള്ള ഇനമാണ് ബ്ലഡ്ഹൗണ്ട്.

♦ സാധാരണഗതിയിൽ 'ഓൾഫാക്ടറി' (ഘ്രാണ) കോശങ്ങളാണ് നമുക്ക് മണമറിയാൻ സഹായകമാകുന്നത്.

♦ മൂക്കിനകത്തെ 'നാസികാസ്തരം' എന്ന പാടയിലാണ് ഇതുള്ളത്.

♦ ബ്ലഡ്ഹൗണ്ടിന്റെ നാസികാസ്തരം മനുഷ്യന്റേതിനാക്കാൾ 50 ഇരട്ടി വലിപ്പമുണ്ട്. അതായത് ഏകദേശം 150 ചതുരശ്രസെന്റീമീറ്റർ.

♦ ഇവ മനുഷ്യനെപോലെ മണങ്ങൾ പെട്ടെന്ന് മറക്കാറില്ല.

♦ മനുഷ്യന്റെ ശരീരത്തിൽ നിന്ന് ഒരു ചെറിയ അനക്കത്തിൽപോലും പൊഴിയുന്ന കോശങ്ങളുടെ പണം പിടിച്ചാണ് ഇവ യാഥാർത്ഥ്യങ്ങളെ കണ്ടെത്തുന്നത്.

♦ ഒരു ഷൂ ചരടോ, ഹെയർപിന്നോ മണത്തുനോക്കിപോലും അത് ഉപയോഗിച്ച ആളെ കണ്ടെത്തുന്നതാണ്.



## പാമ്പുകൾ

♦ ചില പാമ്പുകൾ വിഷം കൊണ്ട് ഇരകളെ കൊല്ലുന്നു.

♦ രണ്ട് തരം വിഷങ്ങളുണ്ട്. രണ്ടും മാരകം തന്നെ

♦ ഒന്ന് ഇരയെ തളർത്തുന്നു. രണ്ടാമത്തേത് ഇരയുടെ പേശികളെ നശിപ്പിക്കുന്നു.

♦ ഇത് പാമ്പിന്റെ ദഹനത്തിന് സഹായകമാണ്.





## ആന



♦ ആന ചെവിയാട്ടുന്നത് ശരീരം തണുപ്പിക്കാനും ആശയവിനിമയത്തിനുമാണ്

♦ 'വീശിയാട്ടുന്ന ചെവി' നൽകുന്ന സൂചന 'ദൂരെ പോകൂ' എന്നാണത്രെ.

## കോഴി

♦ കോഴിമുട്ട കൃത്യം 21 ദിവസങ്ങൾ കഴിഞ്ഞാൽ വിരിയുന്നു.

♦ വിരിയാൻ അല്പം വൈകിയാൽ തള്ളക്കോഴി മുട്ട കൊത്തിതുറക്കും!



## അരയന്നം

♦ രുചിയേറിയ ചെടികൾ ജലാശയങ്ങളുടെ അടിത്തട്ടിൽ നിന്ന് നീളൻ കഴുത്തു നീട്ടി അരയന്നങ്ങൾ മുറിച്ചെടുക്കുന്നു.



## പന്നി

♦ പന്നികൾ ചെളിയിൽ കിടന്ന് ഉരുളുന്നത് വൃത്തിയറിവ് കൊണ്ടല്ല

♦ ഇത് അവയെ ചൂടിൽ നിന്ന് രക്ഷപ്പെടാൻ സഹായിക്കുന്നു.



## സഞ്ചിമൃഗങ്ങൾ

♦ കംഗാരു, കോല, ഓപ്പോസോ, തുടങ്ങി സഞ്ചിമൃഗങ്ങൾ വളർച്ചയെത്താതെ ജനിക്കുന്ന കുഞ്ഞുങ്ങളെ ഉദരസഞ്ചിയിൽ വളർത്തുന്നു.






## ഓന്ത്

♦ ഓന്തിന് അതിരിക്കുന്ന സ്ഥലത്തിനനുസരിച്ച് പച്ച, മഞ്ഞ, തവിട്ട്, ചാര നിറങ്ങളിൽ നിന്ന് ഒന്ന് സ്വീകരിക്കാൻ കഴിവുണ്ട്.

♦ ഇതിന്റെ തൊക്കിലുള്ള 'ക്രൊമാറ്റോഫോർസ്' എന്ന പ്രത്യേകതരം കോശങ്ങളാണ് ഇതിന് സഹായിക്കുന്നത്.

♦ ചുറ്റുപാടിനനുസരിച്ച് ഏതുനിറം വേണമെന്ന് അതിന്റെ നാഡിവ്യൂഹം തീരുമാനിക്കും.




Chairman
Management & Editorial Board : C.Zameem
Printer & Publisher : T.K.Mushtaq Ahmad
Manager : Shafeeq Ahmad Karulai
Circulation Manager : K.Mubarak Ahmad
Chief Editor : H.Shamsuddin
Editor : Shareef Karulai
Members : B.M.Shoukath Ali
Shareef Ahmad
K.Noorudheen
Not for sale
circulation among members only
Views expressed in this publication are not necessarily the belief of the Ahmadiyya Muslim Community
Printed & Published by T.K.Mushtaq Ahmad , for Majlis Khuddamul Ahmadiyya Kerala at Orange,Calicut